www.malankaralibrary.com

SINCE 1976

# ഐക്യദീപം

# AIKYADEEPAM

ഡിസംബർ 2024

രാജു അച്ചൻ

അനുസ്മരണം










ܡܠܦܢܐ ܚܪܝܦܐ ܕܥܕܬܐ

## സഭയുടെ തീക്ഷ്ണമതിയായ മൽപ്പാൻ

Merry Christmas & Happy New Year


www.malankaralibrary.com






www.malankaralibrary.com




# ഐക്യദീപം
aikyadeepam

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

പുസ്തകം 55 ലക്കം 12 2024 ഡിസംബർ ₹ 10

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
9048341462

മാനേജർ
ഫാ. മാത്യു പുനക്കുളം


പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
ചിന്നു എൽസ ഐസക്



ഉപദേശക സമിതി
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ,
റവ. സി. അലീന എസ്.ഐ.സി., ലൈജു കോശി മാത്യു,
ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents








4 എഡിറ്റോറിയൽ
5 ഇടയശബ്ദം


സ്ഥിരം പംക്തികൾ


30. സുറിയാനി സഭാപാരമ്പര്യം
34. ആരോഗ്യം
39. സൈക്കോളജി
42. പ്രബോധനം















Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com

Editorial

# എഡിറ്റോറിയൽ

ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ




## സുറിയാനി ഭാഷയുടെ വാതായനങ്ങൾ തുറന്ന്

ലോകം കാണാൻ നമ്മെ ക്ഷണിക്കുന്ന വാതായനങ്ങളാണ് ഭാഷകൾ.

അദ്ധ്യാപകർ തുറക്കുന്ന ജനാലകളിലൂടെയാണ് വിദ്യാർത്ഥികൾ ലോകം കാണുന്നത്. സംവദനത്തിന്റെയും അറിവിന്റെയും വാതായനങ്ങളാണ് ഭാഷകൾ തുറക്കുന്നത്.

ശിഷ്യഗണത്തെ തന്നോളമോ തന്നെക്കാളോ വളർത്തി... അറിവിന്റെ പാഠങ്ങൾ പറഞ്ഞ് കൊടുത്ത്, ഒടുവിൽ ഗുരു തന്നെ ഒരു പാഠപുസ്തകമായി മാറുന്ന ചിത്രമാണ് ഓരോ ഗുരുവും. ഗുരുശിഷ്യബന്ധത്തിന്റെ പുതിയ ആഖ്യാനങ്ങളാണ് ഓരോ ഗുരുവും ലോകത്തിന് പകർന്നു കൊടുക്കുന്നത്. പഠിപ്പിച്ച പുസ്തകങ്ങളെക്കാൾ സ്വയം ഒരു പുസ്തകമായി മാറുക എന്ന കലയാണ് അദ്ധ്യാപനം. കർത്താവ് സംസാരിച്ച അരമായ ഭാഷയോട് ഏറ്റവും അടുത്ത സാമ്യമുള്ള ആരാധന ഭാഷയായ സുറിയാനി തന്റെ ഹൃദയത്തോട് ചേർത്തു വച്ച രാജുവച്ചൻ. നൂറുകണക്കിന് ശിഷ്യഗണത്തെ വാർത്തെടുത്ത് സഭാപാരമ്പര്യത്തിൽ ഉറപ്പിക്കുവാൻ ദൈവം തെരഞ്ഞെടുത്ത ഉപകരണം ആയിരുന്നു. ഒരു ചെറുപുഞ്ചിരിയോടെ കൃത്യനിഷ്ഠയോടെ പഠന കാര്യങ്ങളിൽ തെല്ലും വിട്ടുവീഴ്ചകളില്ലാതെ ലാളിത്യമാർന്ന ഒരു ജീവിതം. ലഭിച്ച താലന്തുകൾ വർദ്ധിപ്പിച്ച് യജമാനനെ ഏൽപ്പിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ. കേവലം അമ്പതു വർഷങ്ങൾ കൊണ്ട് അതിലേറെ അത്ഭുതങ്ങൾ സൃഷ്ടിച്ച് മടങ്ങുമ്പോൾ ഹൃദയവേദനയോടെ അങ്ങയുടെ ശിഷ്യഗണവും ഞങ്ങളും ഏറ്റുപറയുന്നു, സഭയുടെ തീക്ഷ്ണമതിയായ മല്പ്പാനെ സമാധാനത്താലെ പോകുക.




സ്വന്തമായതെല്ലാം നല്കുമ്പോൾ നിന്റെ ദാനം എത്രയോ തുച്ഛമാണ്. സ്വയം നല്കുന്നതല്ലെ യഥാർത്ഥ ദാനം. ഈ സ്വയ സമർപ്പണമാണ് ക്രിസ്തുമസ്. ഏവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ!

"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം.
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം"


www.malankaralibrary.com

# ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)



## സമാഗതമാകുന്ന ക്രിസ്തുമസ്സ്




സമാഗതമാകുന്ന ക്രിസ്തുമസ്സ് തിരുന്നാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ ഹൃദയപൂർവ്വം ഐക്യദീപം വായനക്കാർക്ക് നേരുന്നു. സർവ്വലോകത്തിനും ഉള്ള സമാധാനത്തിന്റെയും, രക്ഷയുടെയും സദ്വാർത്ത ദൈവം നൽകുന്നു. ദൈവത്തെ ഭയന്നും ദൈവത്തിൽ നിന്നകന്നും അകാരണമായി ദൈവത്തെ സംശയിച്ചും പാപത്തിന്റെ അന്ധകാരത്തിലേക്കു മനുഷ്യൻ വഴുതിവീണു. അതുവഴി യഥാർത്ഥ സ്വത്വം മനുഷ്യൻ നഷ്ടമാക്കി. മനുഷ്യന്റെ യഥാർത്ഥ വിളിയും മഹത്വവും അവനെ ബോദ്ധ്യപ്പെടുത്തുവാനും ശരിയായ സ്വത്വബോധത്തിലേക്കു തിരികെ എത്തിക്കുവാനും ദൈവം തന്നെ മനുഷ്യനായി പിറന്നു. തന്നിൽ നിന്നകന്നവനിലേക്കു സ്വയം കടന്നുവരുന്ന ദൈവത്തിന്റെ മഹാമനസ്കതയാണ് അവിടുത്തെ സ്നേഹത്തിന്റെ ശക്തി! ഈ ക്രിസ്തുമസിൽ നമ്മൾ അനുഭവിക്കുന്ന സത്യം ഈ ദൈവീക സ്നേഹമാണ്. ക്രിസ്തുവിലൂടെ പുനഃപ്രതിഷ്ഠിച്ച മനുഷ്യമഹത്വത്തിന്റെ വിളംബരമാണ് ക്രിസ്തുമസ്.

സൃഷ്ടി മുതൽ മനുഷ്യ ചിന്തയെ വഴിതെറ്റിക്കുന്ന തിന്മയുടെ ശക്തി നമുക്ക് അറിയാൻ കഴിയും.

"നിങ്ങൾ ദൈവത്തെപ്പോലെ ആകും" എന്ന തെറ്റായ ചിന്ത മനുഷ്യനു നൽകി സാത്താൻ ഹവ്വായെ വഞ്ചിച്ചു. ഇന്നോളം ഈ വഞ്ചന നടന്നുകൊണ്ടിരിക്കുന്നു. ഒരത്യാഹിതം സംഭവിക്കുമ്പോൾ, ഒരു മാറാരോഗം വന്നു എന്നറിയുമ്പോൾ, തന്റെ പ്രിയപ്പെട്ടവരുടെ അകാലമരണമുണ്ടാകുമ്പോൾ പലരും ചോദിക്കുന്നു - ദൈവം എന്തുകൊണ്ടിതു വരുത്തി. അമിതവേഗത്തിൽ വണ്ടി ഓടിക്കുമ്പോൾ നിയന്ത്രണം നഷ്ടമാകുന്നത് ദൈവം തടയണമെന്ന മനുഷ്യന്റെ ആഗ്രഹം എങ്ങനെ സാധ്യമാകും? സന്തോഷമുള്ളവ സംഭവിച്ചാൽ തന്റെ കഴിവും അല്ലാത്തവ സംഭവിച്ചാൽ ദൈവത്തിന്റെ ഇഷ്ടക്കുറവും എന്നു കരുതുന്ന മനുഷ്യർ. നമ്മെ ശിക്ഷിച്ച് പാഠം പഠിപ്പിക്കുന്ന ദൈവിക ശൈലി നാം സത്യമാണെന്നു ധരിക്കുന്നു. സത്യത്തിൽ നമ്മോടൊത്തു വേദനിക്കുന്ന കർത്താവിനെ നമുക്കു കാണാൻ കണ്ണുകളോ വിശ്വസിക്കുവാൻ ആർജ്ജവമോ ഇല്ല. എല്ലാം നന്മയ്ക്കായി ചെയ്യുന്ന നമ്മുടെ കർത്താവ്. നമ്മുടെ സ്വാതന്ത്ര്യം ദുരുപയോഗിക്കുമ്പോൾ ദൈവപദ്ധതികൾക്കു താളപിഴകൾ ഉണ്ടാകും. നമ്മുടെ നല്ല ദൈവത്തെ വിശ്വസിച്ച് അവന്റെ

www.malankaralibrary.com




വഴികളിൽ സഞ്ചരിക്കുമ്പോൾ എല്ലാം അർത്ഥപൂർണ്ണമായി ഭവിക്കും. ക്രിസ്തുമസ് ആചരണം ഇത്തരത്തിൽ നല്ല ഒരു ദൈവാനുഭവമായിരിക്കണം. നമ്മുടെ നല്ല ദൈവത്തെ അറിയുവാനും ദൈവത്തിൽ ആഴപ്പെടുവാനും കഴിയുന്ന ആത്മബോധമാണ് ക്രിസ്തുമസ് സന്ദേശം.

നമ്മുടെ സഭയ്ക്കും സുറിയാനി പാരമ്പര്യം സ്വന്തമെന്നു കരുതുന്ന മറ്റ് സഭകൾക്കും സഭാമക്കൾക്കും ഉണ്ടായ വലിയ നഷ്ടമാണ് ബഹു. തോമസ് പറക്കോട്ടച്ചന്റെ അകാല നിര്യാണം. ശാരീരിക ക്ലേശങ്ങളും രോഗവും അച്ചനെ ഏറെ ഭാരപ്പെടുത്തിയിരുന്നു എങ്കിലും അവസാന ശ്വാസം വരെ സുറിയാനി ഭാഷയോടും സംസ്കാരത്തോടും അച്ചൻ പുലർത്തിയിരുന്ന ബന്ധവും സമർപ്പണവും വേറിട്ടതും അന്യൂനവുമായിരുന്നു. സുറിയാനി ഭാഷയും പഠനവും വലിയ തപശ്ചര്യപോലെ അച്ചൻ സ്വീകരിച്ചിരുന്നു. ലഭിക്കുന്ന സമയവും സാഹചര്യവും സുറിയാനി പഠിക്കുവാനും പരിശീലിപ്പിക്കുവാനും ശ്രദ്ധിച്ചിരുന്നു. ആ കൊച്ചുശരീരം എങ്ങനെ അത്ഭുതകരമായ മെയ്‌വഴക്കമുള്ളതായി മാറ്റിയതുപോലെ ബുദ്ധിയുടെ ചലനങ്ങൾ സുറിയാനി ഭാഷയ്ക്കു വിധേയപ്പെടുത്തി അദ്ദേഹം പ്രാവീണ്യം തെളിയിച്ചു. അദ്ദേഹം രചിച്ച വ്യാകരണ പുസ്തകങ്ങൾ നിധിപോലെ സൂക്ഷിക്കേണ്ടവയാണ്. പൊതുവെ അലസതയും മടിയും സമർപ്പിതരെ പ്രത്യേകിച്ചും യുവതലമുറയെ കാർന്നുതിന്നുമ്പോൾ ഊണിലും ഉറക്കത്തിലും ഓരോ ശ്വാസത്തിലും സുറിയാനി ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കാൻ, അച്ചൻ നടത്തിയ നിരന്തര പരിശ്രമം മാതൃകാപരമാണ്.

തിരുമേനിമാർ ഉൾപ്പെടെയുള്ള ശിഷ്യഗണം അച്ചന്റെ ആത്മീക സമ്പത്തായി കരുതുന്നു. മലങ്കര ടിവിയിലൂടെയും മറ്റു മാദ്ധ്യമങ്ങളിലൂടെയും ഐക്യദീപത്തിലൂടെയും അച്ചൻ സുറിയാനി പഠനം സാധാരണക്കാരായ മനുഷ്യരിലേക്കു വിന്യസിപ്പിക്കുവാൻ ശ്രമിച്ചു. നല്ല ഫലം അതുവഴി നേടുവാനും കഴിഞ്ഞു. അച്ചന്റെ മരണത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പെ കോഴിക്കോട് പ്രവൃത്തിക്കുന്ന ഒരു ഡോക്ടറെ അച്ചന്റെ മുറിയിൽ വച്ച് പരിചയപ്പെടുവാനിടയായി. യേശുനാഥൻ സംസാരിച്ച ഭാഷ പഠിപ്പിച്ച ഗുരുവെന്ന നിലയിൽ അച്ചനെക്കുറിച്ച് ഈ ഡോക്ടർ സംസാരിച്ചത് എനിക്കു വലിയ പ്രചോദനം നൽകി. സമൂഹത്തിന്റെ വ്യത്യസ്ത നിലകളിൽ പ്രവർത്തിക്കുന്ന അനേകമാളുകൾ അച്ചന്റെ ശിഷ്യഗണത്തിലുണ്ട്. സുറിയാനി ഭാഷാപഠനത്തിലൂടെ സഭാഗാത്രത്തെ പരിപോഷിപ്പിക്കാൻ പറക്കോട്ടച്ചൻ ആഹ്വാനം ചെയ്യുന്നു. ഞാനും നിങ്ങളും ഈ ആഹ്വാനം ഏറ്റെടുക്കണം. നമ്മുടെ ക്രൈസ്തവ സമൂഹം നിരവധി പ്രതിസന്ധികൾ തരണം ചെയ്തു കടന്നുപോകുകയാണ്. നമ്മുടെ കുടുംബങ്ങൾ അണുകുടുംബങ്ങളായി ശോഷിച്ചുകൊണ്ടിരിക്കുന്നു

## ശ്രേഷ്ഠ കാതോലിക്ക



*യാക്കോബായ സുറിയാനി സഭയുടെ കാതോലിക്കാബാവയായി തെരഞ്ഞെടുക്കപ്പെട്ട ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രാർത്ഥനകളും ആശംസകളും.*

## ആശംസകൾ



*കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ട അത്യുന്നത കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിന് തിരുവല്ല അതിഭദ്രാസനത്തിന്റെ ആശംസകളും പ്രാർത്ഥനകളും.*

www.malankaralibrary.com



# അവാർഡ്



*സാമൂഹികസേവന മികവിനുള്ള ഡോ. മംഗളം സ്വാമിനാഥൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ അവാർഡ് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായ്ക്ക് 2024 നവംബർ 28 ന് ന്യൂഡൽഹിയിൽ വച്ച് ശാസ്ത്ര സാങ്കേതിക വകുപ്പ് കേന്ദ്രമന്ത്രി ശ്രീ. ജിതേന്ദ്ര സിംഗ് നല്കിയപ്പോൾ.*

എന്നു മാത്രമല്ല നമ്മുടെ യുവജനങ്ങളുടെ ഇടയിൽ വിവാഹമെന്ന കൂദാശയോടും അതിന്റെ ഉത്തരവാദിത്വങ്ങളോടും ഒട്ടും ശരിയല്ലാത്തതും ധാർമ്മിക അപചയത സൂചിപ്പിക്കുന്ന നിലപാടുകളാൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന ജീവിതശൈലി പിന്തുടരുന്നതായും മനസിലാക്കുന്നു. വിവാഹമെന്നതിന്റെ അർത്ഥവും വ്യാപ്തിയും തമസ്കരിക്കപ്പെടുകയാണ്. ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്നും അവർ ഇരുവരും ഒരു ശരീരമായി രൂപാന്തരപ്പെടേണ്ടവരുമാണെന്നുള്ള കൽപ്പന അവിഘ്നം കാക്കേണ്ടതാണ്. ആണും പെണ്ണും - സ്ത്രീയും പുരുഷനും ഈ വ്യത്യാസങ്ങൾ തന്നെ കാറ്റിൽ പറത്തുന്ന സംസ്കൃതിയിൽ വർത്തമാന കാലം ആടിയുലയുകയാണ്. ദൈവം സൃഷ്ടിച്ച അവസ്ഥയിൽ അല്ല മനുഷ്യന്റെ ലൈംഗികതയും ലിംഗ നിർണ്ണയവും നടക്കേണ്ടതെന്നും മറിച്ച് ഓരോരുത്തരുടെയും തോന്നലുകൾക്കനുസരിച്ചും അവരുടെ ലൈംഗിക അനുഭവത്തിന്റെ അടിസ്ഥാനത്തിലുമാണ് ഇവ മനസിലാക്കപ്പെടേണ്ടതെന്ന വികലമായ ചിന്താരീതികൾ പ്രബലമാകുന്നു. അവ സമൂഹത്തെ ആകമാനം ബാധിക്കുന്നു. പണവും സ്വാധീനവും മാദ്ധ്യമ പിൻബലവും ഉള്ളവർ മനുഷ്യസമൂഹത്തെ ഇതുപോലെ പിച്ചിചീന്തുന്നു. സുഖിക്കുക, ഉല്ലസിക്കുക, ലൈംഗിക സംതൃപ്തിക്കുവേണ്ടി പുതിയ പുതിയ മാർഗ്ഗങ്ങളും രീതികളും അവലംബിക്കുക തുടങ്ങിയ വഴിപിഴച്ച മാർഗ്ഗത്തിലൂടെയുള്ള സഞ്ചാരം സമൂഹത്തെ ഏറെ ഭാരപ്പെടുത്തുന്നു. ധാർമ്മിക അവബോധത്തെയും സ്വത്വബോധത്തെയും കാറ്റിൽ പറത്തുന്നു. ഇവിടെ ക്രൈസ്തവ ധാർമ്മികത പിൻചെല്ലുവാൻ നാം ശ്രദ്ധിക്കണം. ലഹരിയും മദ്യവും വഴിവിട്ട ബന്ധങ്ങളും മനുഷ്യന്റെ അപക്വമായ സ്വത്വത്തെ സ്വാധീനിച്ച് തിന്മയുടെ മനുഷ്യരായി രൂപാന്തരപ്പെടുന്ന കാഴ്ച നമ്മുടെ പൊതുപ്രവർത്തകരും രാഷ്ട്രീയ നേതാക്കളും മനസിലാക്കേണ്ടതാണ്. തൊഴിലിനും മാന്യമായ ജീവസന്ധാരണത്തിനും വേണ്ടി നട്ടംതിരിയുന്ന യുവജനങ്ങൾക്ക് ആരാണ് ആശ്രയം? തീവ്ര വ്യക്തി കേന്ദ്രീകൃതപ്രത്യയശാസ്ത്രം വർദ്ധിക്കുന്നു, കുടുംബം, സാമൂഹിക ബന്ധം എന്നിവയെ വില കുറച്ചുകാണുന്ന ചിന്താധാര പ്രബലമാകുന്നു. ഇത്തരം ചിന്താപദ്ധതികൾ യുവാക്കളുടെ പ്രവാസ മോഹങ്ങൾക്ക് പ്രേരകം ആകരുത്. കഴിവുകൊണ്ടും ഊർജ്ജം കൊണ്ടും വലിയ സാദ്ധ്യതകൾ ഉള്ള നമ്മുടെ കുഞ്ഞുങ്ങൾക്കു വേണ്ടി ആര് സംസാരിക്കും? ഭാരതം വളരുന്നത് അതിലെ യുവജനങ്ങൾ ഇവിടെ തന്നെ ജീവിക്കുന്നതിനും പൊതുസമൂഹത്തെ സൃഷ്ടോന്മുഖമായി വളർത്തുന്നതിലും പങ്കുചേരുന്നതിലുമാണ്. നാം വികസിക്കുന്നു എന്നു പറയുകയും ഭാരതീയർ മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾക്കു വേണ്ടി മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുകയും ചെയ്യുന്ന സാഹചര്യം ഒട്ടും ആശാസ്യമല്ല. വിദേശ രാജ്യങ്ങളുടെ കനിവിൽ മാത്രം നമ്മുടെ കുട്ടികൾ അവരുടെ ഭാവിയ്ക്കായി അഭയം തേടേണ്ടി വരുന്ന അവസ്ഥ മാറണം. നമ്മുടെ യുവാക്കൾ ഇവിടെ തന്നെ വളരേണ്ടതുണ്ട്. വളരുവാൻ സാഹചര്യം ഒരുക്കേണ്ടതുണ്ട്.

●

www.malankaralibrary.com




# മൽഫോനൊ താനോനൊ ദ്ഈൗത്തൊ

## (സഭയുടെ തീക്ഷ്ണമതിയായ മൽപ്പാൻ)





ഫാ. പോൾ കാരാമേൽ കോയിക്കൽ
റോം

### ഉപോദ്ഘാതം

നമ്മുടെ കർത്താവായ യേശുമിശിഹായുടെ സംസാരഭാഷയായിരുന്ന അറമായയുടെ ഭാഷാഭേദമായ സുറിയാനി ഭാഷാപഠനത്തിലൂടെ ക്രൈസ്തവ സഭകൾ തമ്മിലുള്ള കൂട്ടായ്മ വളർത്തുന്നതിൽ അതുല്യമായ പങ്ക് വഹിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ശ്രേഷ്ഠനായ സുറിയാനി മൽപ്പാനും പണ്ഡിതനും ഗ്രന്ഥകാരനും കോട്ടയം ബേക്കർ ഹില്ലിലെ സുറിയാനി ഭാഷാ പഠന-ഗവേഷണ കേന്ദ്രമായ സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (SEERI) അസിസ്റ്റന്റ് ഡയറക്ടറും അദ്ധ്യാപകനും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സുറിയാനി ഭാഷാ റിസേർച്ച് ഗൈഡുമായിരുന്ന ബഹുമാനപ്പെട്ട ഡോ. തോമസ് (രാജു) പറക്കോട്ട് അച്ചന്റെ ദേഹവിയോഗം കേരളത്തിലെ സുറിയാനി സഭാംഗങ്ങളേവരേയും ഒന്നുപോലെ ദുഃഖത്തിലാഴ്ത്തുന്നതാണ്.

### വ്യക്തിവിവരണരേഖ

തൃശ്ശൂർ ജില്ലയിൽ വാഴാനിക്ക് സമീപം വിരുപ്പാക്ക പറക്കോട്ട് കുടുംബത്തിൽ ജോസഫ്-റെജീന ദമ്പതികളുടെ മൂന്നാമത്തെ മകനായി 1974 ഏപ്രിൽ 13 ന് ജനിച്ചു. മച്ചാട് V.M.M.M. ഗവൺമെന്റ് ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം തിരുവല്ല

www.malankaralibrary.com



ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര പഠനവും തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര സെമിനാരിയിൽ നിന്നും ദൈവ ശാസ്ത്ര പഠനവും പൂർത്തിയാക്കി 2000 ഡിസംബർ 29 ന് തിരുവല്ല അതിഭദ്രാസനത്തിനുവേണ്ടി ഭാഗ്യ സ്മരണാർഹനായ അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

കോട്ടയം M.G. സർവ്വകലാശാലയിൽ നിന്ന് സുറിയാനി ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ശേഷം 2007 മുതൽ SEERI യിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. വിവിധ സെമിനാരികളിലെ അദ്ധ്യാപകൻ, മൂവാറ്റുപുഴ ഭദ്രാസനത്തിലെ - മാന്ദാമംഗലം, മരോട്ടിച്ചാൽ, വാളകം, നീറാമുകൾ, പൂതൃക്ക, തമ്മാനിമറ്റം ഇടവകകളിലെയും തിരുവല്ല അതിഭദ്രാസനത്തിലെ - കടമാൻകുളം, കോട്ടൂർ, കീച്ചാൽ, കാനം, മാലം, കോട്ടയം, സീരി, സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ, ഗാന്ധിനഗർ, കുമരകം, അഞ്ചേരി, തൊടുപുഴ, വാകത്താനം ഇടവകകളിലെയും വിശ്വസ്തമായ അജപാലന ശുശ്രൂഷകളുടെ തിരക്കുകൾക്കിടയിലും ബെൽജിയത്തെ Université catholique de Louvain, ജർമ്മനിയിലെ Georg-August-Universität Göttingen, ലബനോനിലെ Holy Spirit University of Kaslik എന്നിവിടങ്ങളിൽ സുറിയാനി ഭാഷയിലും സാഹിത്യത്തിലും ഗവേഷണം നടത്തി. സുറിയാനി സഭാപിതാവായ സാറൂഗിലെ മോർ യാക്കോബിന്റെ കൃതികളെ അധികരിച്ച് "St Paul in the Homilies of Saint Jacob of Sarug" എന്ന വിഷയത്തിൽ കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് 2016 ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഈ ഗവേഷണ പഠനത്തിന്റെ ഫലമാണ് ന്യൂ ജേഴ്സിയിലെ Gorgias Press പ്രസിദ്ധീകരിച്ച "Jacob of Sarug's Homilies on Paul - On the Conversion of the Apostle Paul and a Second Homily on Paul the Apostle" (Piscataway, NJ 2021) എന്ന ഗ്രന്ഥം.

**സുറിയാനി ഭാഷയുടെയും സംഗീതത്തിന്റെയും ആദ്ധ്യാത്മികതയുടെയും രുചിയും അനുഭവവും കുടുതൽ ജനകീയമാക്കുവാനുമുള്ള ഉദ്യമത്തിന്റെ ഫലമാണ് ലിപ്യന്തരണം ചെയ്ത് 2010 ൽ പ്രസിദ്ധീകരിച്ച "പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ വിശുദ്ധ കുർബാനക്രമം"**

## അദ്വിതീയ സംഭാവനകൾ

തികച്ചും ദൈവാരാധനക്രമത്തിൽ അധിഷ്ഠിതമായ ഒരു ആദ്ധ്യാത്മികത കാത്തുസൂക്ഷിച്ചിരുന്ന ബഹുമാനപ്പെട്ട അച്ചൻ യാമപ്രാർത്ഥനകൾ മൂലഭാ



ഫാ. സെനൻ ഫർലോഗിനോടൊപ്പം ലോക സുറിയാനി സമ്മേളനത്തിൽ

www.malankaralibrary.com



ഷയായ സുറിയാനിയിൽ നടത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി നിരന്തരം വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തുകയും, അന്ത്യോക്യൻ സുറിയാനി സഭകളുടെ ദൈവശാസ്ത്ര സ്രോതസ്സുകളിൽ ഒന്നായ പെങ്കീസാ നമസ്കാരത്തിലെ പ്രാർത്ഥനകൾ ടൈപ്പ് ചെയ്ത് പ്രാർത്ഥനാ ഉപയോഗത്തിന് ലഭ്യമാക്കുകയും ചെയ്തു. സുറിയാനി സഭയിൽ ദൈവാരാധനക്രമത്തിന്റെ പ്രാധാന്യം സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനും അതിമനോഹരമായ അന്ത്യോക്യൻ സുറിയാനി ദൈവാരാധനക്രമം മൂലഭാഷയായ സുറിയാനിയിൽ തന്നെ ശ്രവിക്കുന്നതിനുള്ള സൗഭാഗ്യം പുതുതലമുറയ്ക്കുകൂടി ലഭിക്കുന്നതിനും സുറിയാനി ഭാഷയുടെയും സംഗീതത്തിന്റെയും ആദ്ധ്യാത്മികതയുടെയും രുചിയും അനുഭവവും കൂടുതൽ ജനകീയമാക്കുവാനുമുള്ള ഉദ്യമത്തിന്റെ ഫലമാണ് ലിപ്യന്തരണം ചെയ്ത് 2010 ൽ പ്രസിദ്ധീകരിച്ച "പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലെ വിശുദ്ധ കുർബാനക്രമം" അതുപോലെതന്നെ സുറിയാനി ഗവേഷണ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ദ്വിഭാഷയിൽ (Bilingual Syriac-English Takso) പാശ്ചാത്യ സുറിയാനി ദൈവാരാധനക്രമത്തിലെ മൂന്ന് അനാഫുറാകൾ ഉൾപ്പെടുത്തി 2014 ൽ സംശോധന ചെയ്ത് പ്രസിദ്ധപ്പെടുത്തിയ "തക്സൊ ദുറോബെബൊ എന്നീ പുസ്തകങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിശുദ്ധ കുർബാന തക്സ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്തപ്പോൾ (പവിത്ര് കുർബോനൊ തക്സ, 2018) അച്ചന്റെ സസൂക്ഷ്മതയോടുകൂടിയ ഭാഷാന്തരവും നിരീക്ഷണങ്ങളും സുറിയാനി ദൈവാരാധനക്രമത്തോടും ആദ്ധ്യാത്മികതയോടുമുള്ള അച്ചന്റെ ആദരവിന്റെയും സ്നേഹത്തിന്റെയും ഉത്തമ ഉദാഹരണങ്ങളാണ്.

SEERI യുടെ അമരക്കാരനായ വന്ദ്യ മൽഫോനൊ റാബൊ ദ് ഈഊദോസൊ സുർയോയോയൊ ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ അച്ചനോടും, SEERI യുടെ ആദരണീയ മൽപ്പാൻമാരായ വന്ദ്യ ഡോ. ഗീവർഗീസ് പണിക്കർ അച്ചൻ, വന്ദ്യ ഏബ്രഹാം കളക്കുടി അച്ചൻ, വന്ദ്യ ഡോ. തോമസ് കൂനമ്മാക്കൽ അച്ചൻ എന്നിവരുടെ വിശ്രമരഹിതമായ നേതൃത്വവും, നാല് വർഷത്തിൽ ഒരിക്കൽ SEERI യിൽ വച്ച് നടത്തപ്പെടുന്ന ലോകസുറിയാനി സമ്മേളനങ്ങൾക്ക് (ലൂമോദൊ തീബേലോയൊ സുർയോയൊ - World Syriac Conferences) നൽകിയ മാർഗനിർദ്ദേശവും ജാഗ്രതയുള്ള കാര്യനിർവ്വഹണവും, 2013 ൽ കോട്ടയത്ത് വച്ച് നടത്തപ്പെട്ട സുറിയാനി സംഗീത സന്ധ്യയും (_Mazmur 2013_ ), 2018 ൽ ലെബനോനിലെ Holy Spirit University of Kaslik ൽ നിന്ന് സംഗീതജ്ഞരെ കേരളത്തിൽ കൊണ്ടുവന്ന് വിവിധ സ്ഥലങ്ങളിൽ സുറിയാനി സംഗീത സന്ധ്യ ഒരുക്കിയതും, സുറിയാനി ഭാഷയോടും സഭകളോടും സ്നേഹവും കരുതലും സോദാഹരണം വിവരിക്കുന്നതാണ്. ലോക സുറിയാനി ദൈവശാസ്ത്രജ്ഞരും പ്രബന്ധാവതാരകരും അച്ചന്റെ സംഘടനാമികവിനെയും നിർണ്ണായക നേതൃത്വത്തെയും കാര്യദർശിത്വത്തെയും പലയാവർത്തി പ്രശംസിച്ചിട്ടുള്ളതാണ്.



## അദ്ധ്യാപനവും രചനയും

സുറിയാനി ഭാഷാപഠനത്തിലൂടെ കേരളത്തിൽ സുറിയാനി പൈതൃകം പങ്കുവയ്ക്കുന്ന

ക്രൈസ്തവസഭകൾ തമ്മിലുള്ള കൂട്ടായ്മ പരിപോഷിപ്പിക്കുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്ന സീരിയുടെ സഹകാര്യദർശി എന്ന പഠന-ഗവേഷണ കേന്ദ്രത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ അദ്ധ്യാപകൻ, സുറിയാനി ഭാഷാഗവേഷണ വിദ്യാർത്ഥികളുടെ ഗവേഷണ നിയന്താവ്, മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ സുറിയാനി വിഭാഗത്തിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെ അംഗം എന്ന നിലകളിലും സഭാ വ്യത്യാസമെന്യേ അദ്ദേഹം ഒരുപോലെ സമാദരണീയനാണ്. സീരിയിലെ അദ്ധ്യാപന ശുശ്രൂഷയോടൊപ്പം മൂവാറ്റുപുഴ ഗുരുസന്നിധി മൈനർ സെമിനാരി, തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരി, തൃശ്ശൂർ മേരി മാതാ മേജർ സെമിനാരി, തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര സെമിനാരി, സത്ന സെന്റ് എഫ്രേംസ് തിയോളജിക്കൽ കോളേജ്, പുനെ ബഥനി വേദവിജ്ഞാന പീഠം, കോട്ടയം പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ് (POIRS), പൗരസ്ത്യ വിദ്യാപീഠം വടവാതൂർ, മാങ്ങാനം പൗരസ്ത്യവിദ്യാനികേതൻ എന്നീ സ്ഥാപനങ്ങളിൽ പാശ്ചാത്യ-പൗരസ്ത്യ സുറിയാനി ഭാഷാ, പാശ്ചാത്യ സുറിയാനി ദൈവാരാധനക്രമം, സുറിയാനി സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം എന്നീ വിഷയങ്ങളുടെ അദ്ധ്യാപകനായിരുന്നു.

സുറിയാനി ഭാഷാപഠനം ലളിതമാക്കുക എന്ന ലക്ഷ്യത്തോടെ മലയാളത്തിൽ പാശ്ചാത്യ സുറിയാനി ഭാഷയും പൗരസ്ത്യ സുറിയാനി ഭാഷയും ശാസ്ത്രീയമായി പഠിക്കുന്നതിന് സഹായകമായ - i) പാശ്ചാത്യ സുറിയാനി വ്യാകരണസഹായി (2020), ii) പാശ്ചാത്യ സുറിയാനി വായനാസഹായി (2021), iii) പൗരസ്ത്യ സുറിയാനി വ്യാകരണ സഹായി (2022), iv) പൗരസ്ത്യ സുറിയാനി വായനാ സഹായി (2023) എന്നീ ബൃഹത്തായ നാല് വ്യാകരണ-വായനാ സഹായക ഗ്രന്ഥങ്ങൾ സുറിയാനി ഭാഷയ്ക്കും അതുപോലെ മലയാള ഭാഷയ്ക്കും ബഹുമാനപ്പെട്ട അച്ചൻ നൽകിയ അദ്വിതീയ സംഭാവനകൾക്ക് സുറിയാനി പണ്ഡിതന്മാരുടെ പ്രശംസയ്ക്കും അംഗീകാരത്തിനും ഇടനൽകിയിട്ടുണ്ട്. "സുറിയാനി ഭാഷാ പാഠാവലി" എന്ന പരമ്പരയിൽ മലയാളത്തിൽ എഴുതിയ നാല് പുസ്തകങ്ങളും "പാശ്ചാത്യ സുറിയാനി വായനാ സഹായി" എന്ന വാല്യം ദ്വിഭാഷയിൽ പരിഷ്കരിച്ച് വിപുലീകരിച്ച മൂന്നാം പതിപ്പും (പാശ്ചാത്യ സുറിയാനി വായനാ സഹായി - West Syriac Reading Aid, September 2024) സുറിയാനി ഭാഷാ സ്നേഹികൾ ആവേശത്തോടെ സ്വീകരിച്ചു. സങ്കീർണ്ണമായ വ്യാകരണം ലളിതമാക്കി, സുറിയാനി വായനയും പഠനവും എല്ലാ പഠിതാക്കൾക്കും പ്രാപ്യവും ആകർഷകവുമാക്കി.

**ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയാർക്കീസ് ബാവാ 2024 ഫെബ്രുവരിയിൽ മലങ്കരയിൽ ശ്ലൈഹിക സന്ദർശനത്തിനായി വന്നപ്പോൾ തിരുവനന്തപുരത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭ നൽകിയ സ്വീകരണത്തിൽ ആലപിച്ച "ബ്സൂഓറൊ കുമ്റാൻ മ്അൽയൊ..." എന്ന് തുടങ്ങുന്ന സുറിയാനി ആശംസഗാനം ബഹുമാനപ്പെട്ട രാജു അച്ചന്റെ തൂലികയിൽ പിറന്നതായിരുന്നു.**



അമേരിക്കൻ ഐക്യനാടുകൾ, എത്യോപ്യ, അർമേനിയ, തുർക്കി, റൊമാനിയ, ലബനോൻ, ജർമ്മനി, ഫ്രാൻസ്, പോളണ്ട്, ഇറ്റലി തുടങ്ങി ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള സുറിയാനി പഠിതാക്കൾ, സുറിയാനി ഗവേഷണ വിദ്യാർത്ഥികൾ, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ അഭി. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത (അഹമ്മദാബാദ് ഭദ്രാസനം), മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ അഭി. സഖറിയാസ് മാർ അപ്രേം എപ്പിസ്കോപ്പാ (ഡൽഹി ഭദ്രാസനം) ഉൾപ്പെടെയുള്ള ഇതര സുറിയാനി സഭകളിലെ മേൽപ്പട്ടക്കാരുടെയും വൈദിക വിദ്യാർത്ഥികളുടെയും ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള നിരവധി പ്രമുഖരുടെയും സുറിയാനി മൽപ്പാനുമായിരുന്ന രാജു അച്ചന്റെ കീഴിൽ സുറിയാനി ഭാഷയുടെ പ്രാഥമിക പാഠങ്ങൾ പരിശീലനം സിദ്ധിച്ചവർ അനേകരാണ്. അന്ത്യോക്യൻ ആരാധനകുടുംബത്തിലെ സഭകളായ അന്ത്യോക്യായിലെ സുറിയാനി കത്തോലിക്കാസഭയും, മാറോനീത്താ സുറിയാനി സഭയും, മലങ്കര സുറിയാനി കത്തോലിക്കാസഭയും തമ്മിലുള്ള ബന്ധം വളരെ ഊഷ്മളമാക്കുന്നതിന്റെ ഭാഗമായി അന്ത്യോക്യൻ സുറിയാനി കത്തോലിക്കാസഭയുടെ തലവൻ മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് യൂനാൻ തൃതീയൻ പാത്രിയർക്കീസ് ബാവായും പ്രതിനിധിസംഘവും 2010 ലെ ഏഴാമത് ലോകസുറിയാനി സമ്മേളനങ്ങൾക്കും തുടർന്ന് 2012 ലും 2017 ലും സീരി സന്ദർശിച്ച അവസരത്തിലും, അതുപോലെ അന്ത്യോക്യൻ മാറോനീത്താ സുറിയാനി സഭയുടെ തലവൻ മോറാൻ മോർ ബെഷാറാ ബുത്രൂസ് അൽ റായി പാത്രിയാർക്കീസ് ബാവായും പ്രതിനിധിസംഘവും 2012 ൽ കേരളം സന്ദർശിച്ച അവസരത്തിലും സീരിയിൽ നടത്തപ്പെട്ട സുറിയാനി വിശുദ്ധ കുർബാനയ്ക്ക് നൽകിയ നേതൃത്വവും പാത്രിയാർക്കീസ് ബാവാമാരെ സുറിയാനി ഭാഷയിൽ സ്വാഗത പ്രസംഗം നടത്തി ബഹുമാനപൂർവ്വം സ്വീകരിച്ചതും ശ്ലാഘനീയമായിരുന്നു.





ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയാർക്കീസ് ബാവാ 2024 ഫെബ്രുവരിയിൽ മലങ്കരയിൽ ശ്ലൈഹിക സന്ദർശനത്തിനായി വന്നപ്പോൾ തിരുവനന്തപുരത്ത് മലങ്കര സുറിയാനി കത്തോലിക്കാസഭ നൽകിയ സ്വീകരണത്തിൽ ആലപിച്ച "ബ്സൂഓറൊ കുമ്റാൻ മ്അൽയൊ..." എന്ന് തുടങ്ങുന്ന സുറിയാനി ആശംസഗാനം ബഹുമാനപ്പെട്ട രാജു അച്ചന്റെ തൂലികയിൽ പിറന്നതായിരുന്നു.

കോവിഡ് കാലയളവിൽ നടത്തപ്പെട്ട സുറിയാനി ഓൺലൈൻ ക്ലാസുകളുടെ തുടർച്ചയായി Malankara Catholic TV എന്ന യുട്യൂബ് ചാനലിൽ "സുറിയാനി ഭാഷാ പഠനം" പരമ്പരയിലൂടെ അച്ചൻ നൽകിയ 182 സുറിയാനി പാഠങ്ങൾ ലഭ്യമാണ്. ഐക്യദീപം മാസികയിലെ i) "ഹെർഗൊദ്ലേശോനൊ സുർയോയൊ" - സുറിയാനി ഭാഷാ പഠനം ii) "മല്പാനോടു ചോദിക്കാം" എന്നീ സ്ഥിരം പംക്തികൾ എഴുതിയിരുന്നത് അച്ചനായിരുന്നു. സുറിയാനി ഭാഷാ പൈതൃക സംരക്ഷണം, സുറിയാനി ദൈവശാസ്ത്രത്തിന്റെ പ്രബോധനം, സഭൈക്യ ശുശ്രൂഷ, ബൃഹത്തായ നാല് സുറിയാനി വ്യാകരണ-വായനാ ഗ്രന്ഥങ്ങളുടെ രചന, ദൈവാരാധനക്രമ ഗ്രന്ഥങ്ങളുടെ സംശോധനയും പ്രസിദ്ധീകരണവും എന്നീ മേഖലകളിലുള്ള അച്ചന്റെ സമഗ്ര സംഭാവനകൾക്കുള്ള കൈയ്യൊപ്പായിട്ടാണ് 2024 ലെ അടങ്ങാപുറം മാത്യു & പീലു മെമ്മോറിയൽ അവാർഡിന് അച്ചൻ തിരഞ്ഞെടുക്കപ്പെട്ടത്. മാനുഷികമായി ചിന്തിക്കുമ്പോൾ അച്ചന്റെ ജീവിതകാലഘട്ടം വളരെ ചുരുങ്ങിയതാണെന്ന് തോന്നുമെങ്കിലും ഒരു പുരുഷായുസ്സ് കൊണ്ട് ചെയ്യാവുന്ന കാര്യങ്ങളെല്ലാം, പ്രത്യേകിച്ച് സുറിയാനി ഭാഷയുടെയും പൈതൃകത്തിന്റെയും പഠനത്തിനും ഗവേഷണത്തിനും നിസ്തുലമായ സംഭാവനകൾ നൽകിയാണ് അച്ചൻ വിടപറയുന്നത്.

www.malankaralibrary.com



## വ്യക്തിവിശേഷണങ്ങൾ

അച്ചന്റെ ജീവിതത്തിൽ ഉടനീളം ഉണ്ടായിരുന്ന നിസ്തന്ദ്രമായ യാമപ്രാർത്ഥനയും, ഉപവാസവും കുമ്പിടീലും, വളരെ നിഷ്ഠയും അച്ചടക്കവും കൃത്യതയും നിറഞ്ഞ പഠനവും വായനയും ഗവേഷണവും, ജീവിത സൗകര്യങ്ങളിൽ പുലർത്തിയിരുന്ന ലാളിത്യവും അനാഡംബരവും മിതവ്യയവും, വ്യക്തിജീവിതത്തിലെ ശുചിത്വവും ക്രമവും സമയനിഷ്ഠയും, പ്രകൃതിയോട് നൂറ് ശതമാനം ഇണങ്ങിയ ഭക്ഷണശൈലിയും വസ്ത്രധാരണവും, ഇതര സഭകളോടുള്ള ഹൃദയവിശാലതയും, അദ്ധ്യാപനജീവിതത്തിലെ സംലഭ്യതയും, ഋജുവും സത്യസന്ധവുമായ വ്യക്തിത്വവും, സംതുലിതമായ പ്രചോദനത്തിന്റെയും വിമർശനത്തിന്റെയും വാക്കുകളും, ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങളിൽ എടുക്കുന്ന വിട്ടുവീഴ്ചയില്ലാത്ത കഠിനാദ്ധ്വാനവും സമർപ്പണബുദ്ധിയും,





പ്രശസ്തി ഇഷ്ടപ്പെടാത്ത പ്രവർത്തനശൈലിയും, സംസാരത്തിലെ നർമ്മബോധവും സരസതയും പാണ്ഡിത്യവും, ഭാഷാശൈലിയിലെ ലാളിത്യവും സൗന്ദര്യവും ഗാംഭീര്യവും എന്നിങ്ങനെയുള്ള നാനാപ്രകാരമായ അച്ചന്റെ ജീവിത സമീപനങ്ങൾ തികച്ചും പ്രശംസനീയവും അനുകരണീയവുമാണ്.

അച്ചന്റെ വ്യക്തിപരമായ ശാരീരിക ബുദ്ധിമുട്ടുകൾക്കിടയിൽപോലും സുറിയാനി ഭാഷ പഠിപ്പിക്കുന്നതിനും മാർഗ്ഗദർശനം നൽകുന്നതിനും അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു. സുറിയാനി ഭാഷയുടെ സൗന്ദര്യവും സങ്കീർണ്ണതയും വിദ്യാർത്ഥി ഹൃദയങ്ങളിൽ ഉൾപ്രവേശിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവ് അനേകം തലമുറകളിലെ വിദ്യാർത്ഥികൾക്കും പണ്ഡിതന്മാർക്കും പ്രചോദനാത്മകമായി തീർന്നിട്ടുണ്ട്.

"നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും" ദൈവസന്നിധിയിലേക്ക് ഉയർത്തുവാൻ പര്യാപ്തമായ സുറിയാനി ദൈവാരാധനക്രമം ഏറെ ജനകീയമാക്കുവാനും അതുവഴി നമ്മുടെ വിചാരങ്ങളെ പ്രാർത്ഥനയിലേക്ക് നയിക്കുവാനും നമ്മുടെ ബോധങ്ങളെ ദൈവസന്നിധിയിലേക്ക് ഉയർത്തുവാനും സുറിയാനി ഭാഷാ, ദൈവാരാധനക്രമം, ദൈവശാസ്ത്രം, ദൈവാരാധനാസംഗീതം എന്നിവയുടെ നിധിനിലയം (ബെത് ഗാസൊ) ഉയർന്ന പീഠത്തിൽ പ്രതിഷ്ഠിക്കുവാനും അദ്ദേഹത്തിന്റെ ഔൽസുക്യത്തോടെയുള്ള ശുശ്രൂഷ ഇടയാക്കി. അദ്ദേഹത്തെ കണ്ടുമുട്ടിയവരുടെ മനസ്സുകളിൽ അദ്ദേഹത്തിന്റെ ഓർമ്മയും അദ്ദേഹത്തിന് വേണ്ടിയുള്ള പ്രാർത്ഥനയും എന്നും നിലനിൽക്കട്ടെ! ഇനി, ഇമ്പങ്ങളുടെ പറുദീസയിൽ സ്വർഗ്ഗീയ ദൈവാരാധനയിൽ ശാശ്വതവും അനവരതവുമായ ശാദീഷ്, ശാദീഷ്, ശാദീഷ് ഗാനങ്ങളാൽ മാലാഖമാരോട് ചേർന്ന് അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തട്ടെ!

## ഉപസംഹാരം

പൗരോഹിത്യ ശുശ്രൂഷയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയോടും കേരളത്തിലെ എല്ലാ സുറിയാനി സഭകളോടും സുറിയാനി ഭാഷയോടും പൈതൃകത്തോടും സംസ്കാരത്തോടും അച്ചൻ പ്രകടിപ്പിച്ച കരുതലിനും സ്നേഹത്തിനും നന്ദിനിറഞ്ഞ കൂപ്പുകൈകളോടെ പ്രാർത്ഥനാഞ്ജലികൾ! മിശിഹായുടെ സംസാരഭാഷയോടുള്ള സ്നേഹം മിശിഹായോടുള്ള സ്നേഹമാണെന്നു സംശയലേശമെന്യേ ഉദ്ബോധിപ്പിക്കുകയും തനിക്ക് ലഭിച്ച അറിവ് വരും തലമുറയ്ക്ക് കൈമാറുകയും (Tradidi quod et accepi - I delivered to you that which I have received - 1 Cor. 15:3), "ഭൂതലം മുഴുവനിലും സൂക്ഷ്മതയോടെ നിന്റെ സുവിശേഷം അറിയിക്കുകയും സത്യവിശ്വാസത്തിൽ വിശുദ്ധ സഭയെ ഉറപ്പിക്കുകയും" ചെയ്ത ഉത്തമ ഉപദേഷ്ടാവായ മൽപ്പാനച്ചന്റെ നല്ല ഓർമ്മ (ദുക്റോനൊ തോബൊ ല്മൽഫോനൊ) സഭയിൽ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ! ●

www.malankaralibrary.com

# രാജു അച്ചന് അനുസ്മരണം





**കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**

ബഹുമാനപ്പെട്ട പറക്കോട്ട് തോമസച്ചന്റെ വിയോഗ വാർത്ത അറിഞ്ഞു. സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന അച്ചൻ സുറിയാനി ഭാഷാസ്നേഹിതർക്കിടയിൽ പ്രിയപ്പെട്ട രാജു അച്ചൻ ആയിരുന്നു. അച്ചന്റെ സ്വർഗ്ഗയാത്രയ്ക്കു നാം ഏവരും സാക്ഷികളാകുന്ന ഈ സന്ദർഭത്തിൽ അച്ചനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ പരസ്പരം പങ്കിടാൻ നമുക്കു സാധിക്കുന്നു.

സീരിയിൽ വച്ചു പലപ്പോഴും അച്ചനെ കണ്ടിട്ടുണ്ടെങ്കിലും സുറിയാനി ഭാഷാപഠനം ലളിതമാക്കുക എന്ന ലക്ഷ്യത്തോടെ അച്ചൻ തയ്യാറാക്കിയ പുസ്തകങ്ങളുടെ പരമ്പരയായ സുറിയാനി ഭാഷാപാഠാവലിയിലെ ഒരു ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ച സന്ദർഭത്തിലാണു അച്ചനെ കൂടുതൽ അടുത്തറിയാനും സംസാരിക്കാനും പൗരസ്ത്യ സുറിയാനി പാരമ്പര്യത്തോടുള്ള അച്ചന്റെ തീക്ഷ്ണതയെ കൂടുതൽ മനസ്സിലാക്കാനും എനിക്കു സാധിച്ചത്. സുറിയാനി ഭാഷയെ ഏറെ സ്നേഹിക്കുകയും ആഴത്തിൽ അറിയുകയും ചെയ്ത ശ്രേഷ്ഠ വൈദികനാണ് ബഹു. രാജുവച്ചൻ. താൻ അറിഞ്ഞതും മനസ്സിലാക്കിയതും മറ്റുള്ളവർക്കു പകർന്നു നല്കുവാനായി അങ്ങേയറ്റം പരിശ്രമിച്ച കർമ്മയോഗി. തന്റെ ആരോഗ്യത്തെ പോലും വകവയ്ക്കാതെ ദൈവം അനുവദിച്ച സമയം

www.malankaralibrary.com

മുഴുവൻ സുറിയാനി ഭാഷ പഠിപ്പിക്കാനും വ്യാകരണ ഗ്രന്ഥങ്ങൾ രചിക്കാനും പ്രാർത്ഥനാഗ്രന്ഥങ്ങൾ തയ്യാറാക്കാനും മാറ്റിവച്ച ഒരു വലിയ പണ്ഡിതനാണു നമ്മോടു വിട പറഞ്ഞിരിക്കുന്നത്. എല്ലാ സഭാംഗങ്ങളെയും ഒരുപോലെ സ്നേഹിക്കുകയും പരിഗണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത രാജു അച്ചൻ ആധുനികകാലത്തു മെത്രാന്മാരിലും വൈദികരിലും സന്യസ്തരിലും അല്മായരിലും സുറിയാനി ഭാഷാവബോധം ജനിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. അച്ചനെ നമുക്കു സമ്മാനമായി നല്കിയ ദൈവത്തിനു നന്ദി പറയുന്നു. അതുപോലെ രാജു അച്ചൻ സഭയ്ക്കു നല്കിയ നിസ്തുല സേവനങ്ങളും സംഭാവനകളും നന്ദിയോടെ ഓർക്കുന്നു. കാരുണ്യവാനായ കർത്താവ് അച്ചനു നിത്യശാന്തി നല്കുമാറാകട്ടെ.



**Bishop Brian Farrell**

Former Secretary of the Dicastery for promoting Christian Unity, Vatican City

As someone who has visited SEERI on a number of occasions I am deeply saddened by news of the passing of Reverend Father Dr. Raju Parakkott of fond memory. His life, fully dedicated to spreading knowledge and love of the Syriac tradition, shines out to many as an example of a faithful follower of our Lord and Saviour Jesus Christ, as He is known especially through the teachings of the great Syriac Fathers. As that ancient but living tradition increasingly interests other parts of the Church, his memory will live on both in his scholarly writings and in the many disciples he brought to cherish the rich liturgical and theological heritage of that major part of the Christian world. SEERI nourished him and was nourished by his learning and expertise. May he rest eternally in the Kingdom of justice, peace and love.



**Prof. Dr. Sebastian Brock,**
**University of Oxford**


## ‘The harvest is plentiful, but the workers are few’

The words of the Gospel of Matthew 9:37, ‘the harvest is abundant, but the workers are few’, ring especially true in the case of the study of the Syriac heritage of the Churches which trace their ancestry back to the Apostle Thomas. In order for these Churches to properly appreciate and benefit from their heritage from the Syriac Fathers, it is essential that in each generation there should be people who specifically dedicate their lives to the study of, and the dissemination of knowledge about, this Syriac tradition. If one were to look for an example of a life wholly dedicated to this task, the life of Fr Raju will immediately come to mind; his devotion to the language and writings of the Syriac Fathers remains incomparable. At SEERI his long service to teaching the language, to composing various aids in English and in Malayalam for those learning the language, to research and translation of Syriac authors, has been truly admirable, and generations of his students, both Indian and foreigners, owe him a huge dept of gratitude for his guidance and kindness. For scholars of Syriac his translation, published in the United States by the Gorgias Press, of Jacob of Serugh’s poem on the Apostle Paul, will serve as a lasting monument in his memory.

In the Weekday Prayers of the *She%imo,* which Fr. Raju will have regularly used, there is a passage in bapro for Saturdays:

www.malankaralibrary.com





In the middle of your days, our Father Raju,
you have travelled on from our midst,
and our eyes are filled with tears of suffering inconsolable.
Following the storms which battered your body on the ocean of the world,
your vessel has arrived at the haven of peace, filled with rest.
May you now hear that utterance of the Bridegroom on high,
‘Come, diligent one,enter the Bridal Chamber of the glorious Light’,
for now and from hence forth the pains of the temporal life have passed away
and you have been gathered up among the choirs of those who give praise,
where you will find Mar Jacob the Teacher
whom you have loved and whose *memre* you have studied with diligence;
likewise (you will find) the apostle, the amazing Paul, about whom
Jacob wrote in his *memre*, and you translated into the English language.
We give glory to our Lord Jesus who gave you the strength
to complete that translation about Paul for our benefit,
for from it we can breathe in the sweet fragrance of his wisdom,
and it will serve for us all as a memorial never to be forgotten.

Blessed is He who has made our revival magnificent, increasing the hope for our resurrection. The blessed Paul gives witness, when he reproves the doubter, ‘Fool, the seed which your sow will not live unless it dies’ [1 Corinthians 15:36], demonstrating that the race of Adam would arise in glory.

The imagery is developed in a beautiful way by Jacob of Serugh in one of his *mimre* on the Departed:

What farmer weeps for his seeds when they are covered over in the ground?

He enshrouds and buries them, like the dead, in their furrows,

But his soul is full of faith and does not doubt

That his seeds will truly come to life again.

When they are being covered over his faith looks forward

To the heap of wheat on the threshing floor, an abundant crop.

The seed dies and becomes part of the muddy soil in the ground,

But that decomposition does not cause the farmer any grief,

Rather, in expectation, his eye is fixed on the month of Nisan (April),

When the time has arrived when the seeds that had wasted away come alive again:

The breezes, along with the dew and the moist air, cause his seeds to sprout,

Making them grow and become a plentiful pile of wheat.

www.malankaralibrary.com



Accordingly, like farmers filled with hope,


you have sown the dead in the womb of the earth, until the resurrection.

It is the faith of the farmer that we need,

Then at once suffering and grief will pass away from the mind.

In order to make a life of dedication, such as that lived by Father Raju, a practical possibility, it is essential that there should be a suitable environment, and the right possibilities, otherwise such dedication would soon find itself frustrated, and, lacking any proper opportunities, the flame of enthusiasm behind the dedication would flicker and soon be snuffed out. What is absolutely needed in order to make possible and foster such a life of dedication is the existence of an institution, or better still, institutions, whose primary concern is dedicated to the provision of education and training in the Syriac tradition, in the form of teaching the Syriac language and its literary and cultural heritage at different levels, from beginners to advanced, along with an environment which is conducive to research on all aspects of the Syriac heritage, spirituality, liturgy, literature and history, having as a basic resource a well-stocked library equipped with the essential books and tools relevant to these subjects.

Such things are of course hard to find, but an institution of this sort is already at hand, namely SEERI, and if SEERI had not existed Father Raju's life would no doubt have had to take a different direction, and his talents would have been wasted. As it is, SEERI provided the ideal environment to foster his dedication to the Syriac tradition that provides the distinctive character of all the Churches of South India which trace their origins back to St Thomas. As is the case everywhere in the world, such institutions have a fragile existence: they take a long time to be built up, but are all too easy to destroy, either through the decision, whether inadvertent or deliberate, of some higher authority, or simply through lack of outside encouragement and support. Seeing that SEERI is unique in India in what it offers as a resource for the Syriac tradition, it is of immense importance for all the Churches belonging to this Syriac tradition – the 'Third Lung' of the universal Church - that it should be fostered and continue to be actively supported, above all by the Malankara Catholic Church, but also by all the Churches in Kerala which belong to the Syriac heritage and tradition.



# അണയാത്ത മന്ദസ്മിതം


**ഫാ. ഡോ. എം.പി. ജോർജ്
കോർഎപ്പിസ്കോപ്പാ**

ഓർത്തഡോക്സ് സെമിനാരി, കോട്ടയം


ജീവിതസാഗരത്തിന്റെ മറുകരയിലെത്തിയ ഒരു വലിയ വ്യക്തിപ്രഭാവത്തിന്റെ ഉദാത്തമായ ഉദാഹരണമായിരുന്നു സ്മര്യപുരുഷനായ റവ. ഡോ. രാജു പറക്കോട്ടച്ചൻ. മന്ദസ്മിതത്തിന്റെ കാവലാളായിരുന്ന ആ തേജസ്സ് നമ്മിൽ നിന്നും മാറ്റപ്പെട്ടിട്ട് അധികനാളായില്ലെങ്കിലും, ഒരു നിമിഷമെങ്കിലും പ്രിയ അച്ചനുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് അണയാത്ത പ്രകാശമായി മനസ്സിൽ കുടികൊള്ളുന്നു. ഒരു നല്ല സന്യാസജീവിതത്തിന്റെ ഉടമയായിരുന്ന വന്ദ്യ അച്ചൻ പ്രത്യക്ഷത്തിൽ കൃശഗാത്രനെങ്കിലും അന്തരാത്മാവിന്റെ വ്യാപ്തി ഏറെ വലുതായിരുന്നു. SEERI എന്ന അനുഗ്രഹീത സ്ഥാപനത്തിന്റെ തുടക്കം മുതൽ ഇന്നുവരെയും അതിന്റെ ഊർജ്ജമായി വന്ദ്യ ഡോ. തെക്കേപ്പറമ്പിലച്ചന്റെ മുൻപും പിൻപും വശങ്ങളിലുമായി നടന്നു. പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ഏറെ സഹായിച്ച രാജു അച്ചന്റെ വേർപാട് SEERI കുടുംബത്തിനു മാത്രമല്ല, വ്യക്തിപരമായി വന്ദ്യ തെക്കേപ്പറമ്പിലച്ചന്റെ ഹൃദയത്തിലാണ് ആഘാതമേറ്റതെന്നു SEERI യിൽ വച്ചു നടത്തിയ അനുശോചനത്തിൽ നിന്നും ഞങ്ങൾക്ക് മനസ്സിലായി. കഴിഞ്ഞ നാല്പത്തിയഞ്ചു (45) വർഷങ്ങളായി എനിക്ക് ജേക്കബ് തെക്കേപ്പറമ്പിലച്ചനെ അടുത്തറിയാം. എന്നാൽ അച്ചന്റെ കണ്ണുകൾ കലങ്ങി കാണുന്നത് ആദ്യമാണ്. രാജു അച്ചന്റെ അഭാവം സ്ഥാപനത്തിന് മങ്ങലേറ്റ വിളക്കുപോലെ തോന്നി. ഇനി ഇതുപോലൊരു ഗുരുവിനെ, വൈദികനെ, ഒരു സന്യാസിയെ സഭക്ക് ലഭിക്കുമൊ എന്നു സംശയിക്കുന്നു. ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വന്ദ്യ ഡോ. രാജു അച്ചന്റെ വ്യക്തിപ്രഭാവം അത്ര സൗന്ദര്യപൂർണ്ണമായിരുന്നു. തികഞ്ഞ സുറിയാനി

www.malankaralibrary.com



ഭാഷാ പണ്ഡിതൻ, മല്പാൻ, എഴുത്തുകാരൻ, വ്യാഖ്യാതാവ്, ചിന്തകൻ, നിരൂപകൻ, യഥാർത്ഥ സന്യാസി എന്നതിലെല്ലാം ഉപരിയായി ഞാൻ കാണുന്നത് പരമസാത്വികനായ വ്യക്തിയായിരുന്നു. ക്രിസ്തുവിൽ ജീവിച്ചു, സുറിയാനി ഭാഷക്കുവേണ്ടി യത്നിച്ചു. വരുംതലമുറയ്ക്ക് സുറിയാനി ഭാഷ സ്വായത്തമാക്കുവാൻ സോഷ്യൽ മീഡിയ വഴി ക്ലാസ്സുകൾ നയിച്ചു. ശ്രേഷ്ഠ മല്പാൻ ഡോ. ജേക്കബ് തെക്കേപ്പറമ്പിലച്ചന്റെ കീഴിൽ വളർന്നുവന്ന ശ്രേഷ്ഠ മല്പാനാണ് ബഹു. രാജു അച്ചൻ. സമാനതകളില്ലാത്ത വ്യക്തിപ്രഭാവമാണ് വന്ദ്യ അച്ചന്റേതെന്ന് നിസ്സംശയം പറയാം. വന്ദ്യ പുരോഹിതാ സമാധാനത്തോടെ പോവുക.

കർത്താവിന്റെ മഹത്വം ഉദിക്കുന്ന നാളിൽ അങ്ങയെ മുഖപ്രസന്നതയോടെ കാണുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. പറുദീസായുടെ വാതിലുകൾ കടന്ന്, മാലാഖമാരുടെ കൂടെ വസിക്കുവാൻ ദൈവം അങ്ങേക്ക് ഭാഗ്യം നല്കട്ടെ. ആ മന്ദസ്മിതം ഞങ്ങളിൽ അണയാതിരിക്കട്ടെ.

[illegible]



**ഫാ. ജോസഫ് കളരിപ്പറമ്പിൽ**

[illegible]

## The Zealous Teacher of the Holy Syriac Church

Oh, priest who is humble and good and with a pure heart;

He taught the Syriac language everyday diligently.

He perfected himself in this language, and he committed his life for learning of it:

He administered SEERI for years helping the great priest Fr Jacob.

Thus, he became a great authority in Syriac language;

And he taught priests and faithful from different churches in Kerala.

He sang the prayers of sh'himo and celebrated the Holy Mass in Syriac;

He loved the Syriac language very much and he lives in it.

He made known the reason for the learning of Syriac language to everyone;

He gave to each one what he had known.

The priest of God was careful in holiness;

For the good of the Church, he worked quietly.

Having studied much, this teacher made many disciples;

He was weak in the body, but was rich in the spirit and mind.

www.malankaralibrary.com


He suffered for years, but fought against his sickness heroically;

His students remember his teaching affectionately.

He used his talents wisely for study and for teaching;

He succeeded in writing the grammar books of Syriac.

This great priest and teacher has a short life;

But God exalted the priest Parakott Thomas sublimely.

His name will be remembered in the holy Church everlastingly;

We marvel about his literary contributions.



## വിസ്മരിക്കാനാകാത്ത ഗുരുസ്മരണകൾ

**ജോസഫ് പീറ്റ് മാത്യു**

SEERI യുടെ അസിസ്റ്റന്റ് ഡയറക്ടറും സുറിയാനി മൽപ്പാനുമായിരുന്ന രാജു പറക്കോട്ട് അച്ചന്റെ സ്മരണകൾക്ക് മുൻപിൽ ഒരായിരം പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു. ബഹുമാനപ്പെട്ട അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ മനസിലേക്ക് വരുന്നത് അദ്ദേഹത്തിന്റെ കറതീർന്ന ദൈവവിശ്വാസവും, ക്രിസ്തു സംസാരിച്ച ഭാഷയോടുള്ള സ്നേഹത്തിൽ നിന്നും മുളപൊട്ടിയ സുറിയാനി ഭാഷയിലുള്ള അഗാത പണ്ഡിത്യവും, ചിട്ടയായ ജീവിതശൈലിയുമെല്ലാമാണ്.

സുറിയാനി പഠനവുമായി ബന്ധപ്പെട്ട് സീരിയിൽ അദ്ദേഹത്തോടൊപ്പം താമസിക്കുവാനുള്ള അവസരമുണ്ടായത് ജീവിതത്തിൽ പല കാര്യങ്ങളും ആ മനുഷ്യനിൽ നിന്നും പഠിക്കാൻ സഹായകമായി. ഭാഷാ അദ്ധ്യാപകൻ എന്നതിൽ ഉപരിയായി തികഞ്ഞ മനുഷ്യസ്നേഹവും, കൃത്യനിഷ്ഠയും, പ്രാർത്ഥനാജീവിതവുമെല്ലാം അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കിയിരുന്നു. ക്ലാസുകളിൽ ഉത്തമ ഗുരുനാഥനായും, ക്ലാസ് മുറികൾക്ക് പുറത്ത് നല്ലൊരു സുഹൃത്തായും അദ്ദേഹം വിദ്യാർത്ഥികളുമായി സംവദിച്ചിരുന്നത് കൊണ്ട് തന്നെ ബഹുമാനപ്പെട്ട അച്ചൻ എല്ലാ വിദ്യാർത്ഥികൾക്കും ഏറെ പ്രിയങ്കരനായിരുന്നു. രോഗാവസ്ഥയിലും അദ്ദേഹം വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലും, വി. കുർബാനകളിൽ പങ്കെടുക്കുന്നതിലും, യാമപ്രാർത്ഥനകൾ ഭംഗം വരാതെ നടത്തുന്നതിലും സ്ഥിരോത്സാഹം കാണിച്ചിരുന്നു.

ഒരിക്കൽ അതീവ ക്ഷീണിതനായി ആശുപത്രിയിൽ അഡ്മിറ്റ് ആയിരുന്ന സമയത്ത് അവിടെയിരുന്നും വിദ്യാർത്ഥികൾക്ക് സംശയനിവാരണത്തിനും, അവർക്ക് ക്ലാസ്സുകൾ മുടങ്ങാതിരിക്കുന്നതിനും അച്ചൻ അത്യധികം ശ്രദ്ധാലുവായിരുന്നതിൽ ഞാൻ അത്ഭുതപെട്ടിട്ടുണ്ട്. ശ്ലാഘനീയമായ നേതൃപാടവവും, എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള അറിവും, വിനയത്തോടെയും, സ്നേഹത്തോടെയുമുള്ള സംസാരവും കൊണ്ട് അദ്ദേഹത്തെ ഒരിക്കൽ പരിചയപ്പെട്ടവരാരും പിന്നീട് വിസ്മരിക്കാനിടയില്ല. സുറിയാനി ഭാഷാപഠനത്തിന് അനേകം സംഭാവനകൾ ചെയ്തിട്ടുള്ള ആചാര്യ ശ്രേഷ്ഠന്റെ വേർപാട് സീരിയ്ക്കും, സഭയ്ക്കും, സമൂഹത്തിനും ഒരു തീരാനഷ്ടമാണ് എന്നത് നിസ്സംശയമാണ്. താൻ പ്രിയം വെച്ച പരിശുദ്ധ ബലിപീഠത്തോട് അങ്ങേയറ്റം ആത്മാർഥത കാണിച്ച്, അരുമനാഥൻ തന്നെ ഏൽപ്പിച്ച ശുശ്രൂഷ വിശ്വസ്ഥതാപൂർവ്വം പൂർത്തിയാക്കി സ്വർഗീയ സന്നിധിയിലേക്ക് യാത്രയായ ശ്രേഷ്ഠഗുരുനാഥന് മുൻപിൽ കണ്ണീർപ്പൂക്കളോടെ.



**സി. ജോസി എസ്.ഐ.സി.**

സുറിയാനി ഭാഷയ്ക്ക് അതുല്യമായ സംഭാവന നൽകിയ ശ്രേഷ്ഠനായ ഒരു പുരോഹിതനായിരുന്നു റവ. ഡോ. തോമസ് (രാജു) പറക്കോട്ടച്ചൻ. സുറിയാനി ഭാഷ ഉപയോഗിക്കുന്ന എല്ലാ സഭകളിലേയും പുരോഹിതന്മാരേയും മേൽപ്പട്ടക്കാരേയും പഠിപ്പിക്കുവാൻ ഭാഗ്യം ലഭിച്ച സുറിയാനി പണ്ഡിതൻ. തന്റെ ചെറിയ ജീവിതം കൊണ്ട് സുറിയാനി ഭാഷയ്ക്ക് വലിയ സംഭാവനകൾ നല്കിയ ഉത്തമനായ മൽപാൻ അച്ചൻ തന്റെ നിത്യ സമ്മാനത്തിനായി കട

www.malankaralibrary.com



ന്നുപോയി എങ്കിലും അച്ചന്റെ ശിഷ്യന്മാരിലൂടെ അച്ചൻ ജീവിക്കും.

വലിയ സ്ഥാനമാനത്തിനോ അധികാരത്തിനോ വിലകല്പിക്കാതെ പാവങ്ങളോട് പക്ഷംചേർന്നു ജീവിച്ച ഒരു പുണ്യവാൻ ആയിരുന്നു പറക്കോട്ടച്ചൻ. വിവിധ രാജ്യങ്ങളിൽ നിന്നും വരുന്ന വിദേശികൾക്ക് ഊണിലും ഉറക്കത്തിലും സംലഭ്യനായിരുന്നു. ആത്മീയത കൊണ്ടും പാണ്ഡിത്യം കൊണ്ടും വിനയം കൊണ്ടും മനുഷ്യമനസ്സുകളിൽ വാഴുന്ന രാജു അച്ചന് ഗാംഭീര്യമോ തലക്കനമോ ഇല്ലാത്ത ഒരു ധന്യജീവിതമായിരുന്നു. സീരിയിലേക്ക് കടന്നുവരുന്ന ഏവർക്കും എപ്പോൾ വേണമെങ്കിലും അച്ചൻ സംലഭ്യനായിരുന്നു. നാല് വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന ലോക സുറിയാനി സമ്മേളനത്തിൽ കടന്നുവരുന്ന സുറിയാനി പണ്ഡിതരും ദൈവശാസ്ത്രജ്ഞരും പ്രബന്ധ അവതാരകരും അച്ചന്റെ സംഘടനാ മികവിനേയും നേതൃത്വപാടവത്തേയും പറ്റി പറഞ്ഞിട്ടുള്ളത് ശിഷ്യരായ ഞങ്ങൾ ഓരോരുത്തരും കേട്ടിട്ടുള്ളതാണ്. സുറിയാനി ഭാഷാ പഠനഗവേഷണ കേന്ദ്രത്തിലെ ബിരുദാനന്തരബിരുദ വിദ്യാർത്ഥികളുടെ ഗവേഷണ നിയന്താവ് എന്ന നിലയിലും സഭാ വ്യത്യാസമെന്യ എല്ലാവർക്കും ഒരുപോലെ സമാദരണീയനായിരുന്നു ബഹു. തോമസ് പറക്കോട്ടച്ചൻ. ഈസ്റ്റ് സിറിയക്കും വെസ്റ്റ് സിറിയക്കും ഒരുപോലെ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനുള്ള കഴിവ് ഒന്നു വേറെ തന്നെ ആയിരുന്നു. ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള നിരവധി പ്രമുഖ വ്യക്തികളുടേയും സുറിയാനി മൽപാൻ ആയിരുന്നു വന്ദ്യ തോമസ് (രാജു) അച്ചൻ. മലങ്കര കാത്തലിക് ടി.വി യുട്യൂബ് ചാനലിലൂടെ 182 ക്ലാസ്സുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. തന്റെ ജീവിതത്തിൽ ഉടനീളം മുടക്കം വരുതാത്ത സുറിയാനി യാമപ്രാർത്ഥനകൾ, നിഷ്ഠ, അച്ചടക്കം, കൃത്യമായ പഠനവും വായനയും ഗവേഷണങ്ങളും നടത്തിയിട്ടുള്ള അച്ചൻ, ജീവിത സൗകര്യങ്ങളിൽ പുലർത്തിയിരുന്ന ലാളിത്യം, അനാഡംബരവും മിതവ്യയവുമായ എളിയ ജീവിതശൈലി, വ്യക്തിജീവിതത്തിലെ ശുചിത്വവും ക്രമവും അദ്ധ്യാപന ജീവിതത്തിലെ സംലഭ്യത, സത്യസന്ധമായ വ്യക്തിത്വം, ഏല്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങളിൽ എടുക്കുന്ന വിട്ടുവീഴ്ചയില്ലാത്ത കഠിനാദ്ധ്വാനം, സമർപ്പണ ബുദ്ധി, പ്രസിദ്ധി ഇഷ്ടപ്പെടാത്ത പ്രവർത്തന ശൈലി. സംസാരത്തിലെ നർമ്മബോധം, പാണ്ഡിത്യം, ഭാഷാശൈലിയിലെ ലാളിത്യം ഇങ്ങനെ നാനാതരത്തിലുള്ള നന്മകൾ തികച്ചും പ്രശംസനീയവും അനുകരണാർഹവുമാണ്. തന്റെ രോഗാവസ്ഥയുടെ ഗൗരവം അറിഞ്ഞിട്ടും തനിക്ക് കിട്ടിയ സമയം കൊണ്ട് സുറിയാനി പഠിപ്പിക്കുവാനും താൻ തുടങ്ങി വച്ച പുസ്തകം പൂർത്തിയാക്കുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. അച്ചൻ ഏറ്റവുമധികം സ്നേഹിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത വന്ദ്യ പുരോഹിതാ അങ്ങയുടെ ശിഷ്യഗണങ്ങൾ അങ്ങേയ്ക്ക് മൽഫോനൊ താനോനൊ ദ്ഈത്തോ എന്ന നാമം നല്കുന്നു.

●

## ആദരാഞ്ജലികൾ



**പി. എം. രാജു (സ്കറിയ)**
**പുത്തൻപുരയ്ക്കൽ**

**(തിരുവല്ല അതിഭദ്രാസനത്തിലെ ബഹു. സ്കറിയ പുത്തൻപുരയ്ക്കൽ അച്ചന്റെ വത്സല പിതാവ് )**

## ഉപകാരസ്മരണ



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/ അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./ എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഷേർലി ബിജു,**
**വെണ്ണിക്കുളം**

www.malankaralibrary.com

# പുശ്ബശ്ശ്ലോമ്മോ



**റവ. ഡോ. തോമസ് പറക്കോട്ട്**
(രാജു അച്ചൻ)

| | |
|---|---|
| ജനനം | : 13-04-1974 |
| പൗരോഹിത്യ സ്വീകരണം | : 29-12-2000 |
| മരണം | : 22-11-2024 |

"ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം"

തിരുവല്ല അതിഭദ്രാസനത്തിലെ വൈദികനും (അസി. വികാരി കടമാൻകുളം, കോട്ടൂർ, കീച്ചാൽ, കാനം, മാലം, മന്ദമംഗലം, മരോട്ടിച്ചാൽ, വാളകം, നീറാമുകൾ, പൂതൃക്കാ, തമ്മാനിമറ്റം, അസോസിയേറ്റ് ഡയറക്ടർ സീരി, അസി. വികാരി കത്തീഡ്രൽ, കോട്ടയം, കുമരകം, ഗാന്ധിനഗർ, അഞ്ചേരി, തൊടുപുഴ, വാകത്താനം) സുറിയാനി ഭാഷാ പണ്ഡിതനും കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (SEERI) അസി. ഡയറക്ടറും പ്രൊഫസറും സുറിയാനി ഭാഷാ വ്യാകരണ ഗ്രന്ഥ രചയിതാവും ഐക്യദീപം മാസികയിൽ മല്പാനോടു ചോദിക്കാം, സുറിയാനി പഠനം എന്നീ പംക്തികളും കൈകാര്യം ചെയ്ത വന്ദ്യ ഡോ. തോമസ് പറക്കോട്ട് അച്ചന് ഐക്യദീപത്തിന്റെ ആദരാഞ്ജലികൾ.

# "ദൂരെ....ഒരു താരം നീലാംബരേ"

മാലാഖമാർ പാട്ടിൻ പാലാഴിയിൽ,
നീന്തിത്തുടിച്ചാടി നീലാംബരേ...!!
താരാഗണം വാനിൽ പൂവിതറി,
നീലനിശീഥിനി ചേതോഹരം...!!
ഹാലേലുയ്യാ പാടാം മാലോകരേ...!!
ദൂരെ കേൾക്കുന്നുവോ, ബേത്‌ലഹേമിൽ കുഞ്ഞിൻ സ്വരം,
ചാരേ ഉയരുന്നുവോ, അമ്മതൻ രാരീരാരോ...!!
രാവിൽ പാടുന്നുവോ, ഇടയന്മാർ മുരളീ ഗാനം,
രാക്കിളിക്കൂട്ടങ്ങളും, സംഗീതം പൊഴിക്കുന്നുവോ?
പൂവും പൂമ്പാറ്റയും മാനും മാനവരും
നക്ഷത്ര ശോഭയിലന്ന് സ്വർഗ്ഗീയക്കുരുന്നിനെ താരാട്ടി...!!
(മാലാഖമാർ...)

സ്വർഗ്ഗം കൈകൂപ്പുമ്പോൾ, മാതാവ് പ്രസന്നയായ്,
സ്നേഹം പൂചൂടുമ്പോൾ, മാനസം തുളുമ്പുകയായ്,
സ്തോത്രം പാടീടുമ്പോൾ, തുഷാരം പെയ്യുകയായ്,
ഹാലെൽ ചൊല്ലീടുമ്പോൾ, ഇടയന്മാരിടറുകയായ്..!!
ആത്മീയ നിർവൃതിയിൽ അമ്പിളിപാലലയിൽ,
തൂമഞ്ഞിൽ ഈറനണിഞ്ഞ് സുവിശേഷവയലുകൾ വിളങ്ങുകയായ്..!!
(മാലാഖമാർ...)



**ജോൺ മാത്യു പുഞ്ചക്കാലാ**
**മാവേലിക്കര**

www.malankaralibrary.com





# സുറിയാനി സഭയെ വളർത്തിയ വലിയ തരു

ഫിലോസഫി പഠനത്തിനുശേഷം ഏതാണ്ട് ഒരുവർഷക്കാലം സീരിയിൽ രാജു അച്ചൻ താമസിച്ചു. പണിക്കരച്ചന്റെയും കളക്കുടിയച്ചന്റെയും പക്കൽ പഠിക്കാനും പരിശീലിപ്പിക്കാനും ആയിരുന്നു. ആ സമയത്തുത്തന്നെ അച്ചൻ സുറിയാനി പഠനവുമായി ബന്ധപ്പെട്ടിരുന്നു. അവിടെനിന്നുമായിരിക്കണം അച്ചന് സുറിയാനി പഠനം തന്റെ ഐച്ഛിക വിഷയമായി എടുക്കാൻ പ്രേരണ കിട്ടിയത്. അന്നുമുതൽ സുറിയാനി പഠനം അദ്ദേഹത്തിന്റെ താല്പര്യങ്ങളിൽ ഒന്നായിരുന്നു.

കടമാൻകുളത്ത് അസിസ്റ്റന്റ് വികാരിയായിരുന്നപ്പോഴാണ് പിന്നീട് സീരിയിൽ പഠിക്കുവാൻ വന്നത്. എല്ലാദിവസവും കൃത്യമായി ക്ലാസ്സിൽ വന്നിരുന്നു. ദൂരം ഉണ്ടെങ്കിലും മോട്ടോർ സൈക്കിളിൽ വന്ന് മറ്റുള്ളവരോടൊപ്പം പഠിച്ച് അത് പൂർത്തീകരിച്ചു. ആ പഠനം ജീവിതത്തിലെ ഒരു വഴിത്താരയായിട്ട് അച്ചൻ മനസ്സിലാക്കി. മറ്റുള്ളവർ സുറിയാനി പഠനത്തിന് വലിയ പ്രാധാന്യം നല്കാതിരുന്നപ്പോൾ അച്ചൻ അതിന് വലിയ പ്രാധാന്യം നല്കി. നല്ലതുപോലെ സുറിയാനിയിൽ വൈഭവം നേടുവാൻ അച്ചൻ പരിശ്രമിച്ചിരുന്നു. അത് ഇനിയും സുറിയാനി പഠിക്കുവാനുള്ളവർക്കും പഠിച്ചവർക്കും ഒക്കെ മാതൃകയാണ്, പ്രചോദനമാണ്. മറ്റുള്ളവർ കല്യാണം, പെരുന്നാളുകൾ ഒക്കെ ക്ഷണിക്കുമ്പോൾ തന്നെ yes പറയാറുണ്ട്, എന്നാൽ രാജു അച്ചൻ ഏറ്റവും അടുത്ത പരിപാടികൾക്കെ പോയിരുന്നുള്ളൂ. ബാക്കി സമയങ്ങളിൽ സുറിയാനിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യാപൃതനായി.



**ഫാ. ഡോ. ജേക്കബ് തെക്കേപറമ്പിൽ**

www.malankaralibrary.com



പിന്നീട് അച്ചൻ പഠനശേഷം പി.എച്ച്.ഡി. യ്ക്ക് രജിസ്റ്റർ ചെയ്തു. സെന്റ് പോളിനെപ്പറ്റിയുള്ള സാറൂഗിലെ ജേക്കബിന്റെ 3 Homilies അച്ചൻ വിവർത്തനം ചെയ്തു. സെന്റ് പോളിന്റെ തീക്ഷ്ണതയും ഉറപ്പും ലക്ഷ്യബോധവും ഒക്കെ ആ പഠനത്തിൽ നിന്ന് കിട്ടിയിരിക്കണം. ആ Homilies വിവർത്തനം ചെയ്ത് തീസിസ് ചെയ്താണ് അച്ചൻ ഡോക്ടറേറ്റ് പൂർത്തീകരിച്ചത്. സീരിയുടെ പല കാര്യങ്ങളിലും, കണക്ക് എഴുതുന്നതിൽ, പഠിപ്പിക്കുന്നതിൽ, സെമിനാറുകൾ സംഘടിപ്പിക്കുന്നതിൽ, വേൾഡ് സിറിയക് കോൺഫറൻസുകൾ ഒക്കെ അച്ചനാണ് ആസൂത്രണം നടത്തിക്കൊണ്ടിരുന്നത്. എല്ലാ കാര്യങ്ങളിലും ഒരാത്മാവുപോലെ പ്രവർത്തിച്ചിരുന്നു. അതുപോലെ, കുറെ കാലങ്ങളായി സീരിയുടെ അക്കൗണ്ട് അച്ചനാണ് സൂക്ഷിച്ചുകൊണ്ടിരുന്നത്. പിന്നീട് കളക്കുടിയച്ചനും ഒക്കെ നടത്തി. പണിക്കരച്ചൻ ഡീൻ ഓഫ് സ്റ്റഡീസ് പോലെ സീരിയ്ക്ക് നേതൃത്വം നല്കി. നങ്കൂരം പോലെയുള്ള സേവനം സീരിയ്ക്ക് നല്കിയിട്ടുണ്ട്. രാജു അച്ചന്റെ സുറിയാനി ഭാഷയോടുള്ള അഭിനിവേശം കണ്ടിട്ടാണ് കൂറിലോസ് പിതാവിന്റെ സമയത്ത് മൂവാറ്റുപുഴ മൈനർ സെമിനാരിയുടെ ചുമതല ഏൽപ്പിക്കുന്നത്. ആ അവസരത്തിൽ കളക്കുടിയച്ചൻ സീരിയിൽ നിന്ന് പോയി അച്ചനെ സഹായിക്കുമായിരുന്നു. അച്ചന്റെ പൂർണ്ണ സേവനം സീരിയ്ക്ക് നല്കിയത് കൂറിലോസ് തിരുമേനിയാണ്. അതിനുശേഷം സീരിയ്ക്കുവേണ്ടിയാണ് അച്ചൻ പ്രവർത്തിച്ചത്.

മലങ്കര സഭയിലെ മിക്കവാറും എല്ലാ മൈനർ സെമിനാരികളിലും പഠിപ്പിച്ചു. ചിലയിടത്തൊക്കെ പോയി പഠിപ്പിച്ചിരുന്നു – തിരുവനന്തപുരം, തിരുവല്ല, മാവേലിക്കര, മൂവാറ്റുപുഴ, അതുപോലെ ആ സെമിനാരിക്കാരൊക്കെ സീരിയിൽ വന്നും പഠിച്ചിരുന്നു. മലങ്കര സെമിനാരിയിൽ ലിറ്റർജി ക്ലാസ്സിനു പോകുമായിരുന്നു. മറ്റുള്ള സെമിനാരികളിലുമൊക്കെ അച്ചൻ പോയി സുറിയാനി പൈതൃകം, പ്രത്യേകിച്ച് സുറിയാനി ലിറ്റർജി പഠിപ്പിച്ചിരുന്നു. ഓരോ രൂപതയും സുറിയാനി പഠിപ്പിക്കുന്നതിന്, അച്ചന്മാരെ പ്രത്യേകം പരിശീലിപ്പിക്കുന്നതിന് പകരം രാജു അച്ചന്റെ സമയം മുഴുവൻ ഈ സെമിനാരിക്കാരെ പഠിപ്പിക്കുവാൻ ഉപയോഗിച്ചു എന്നുള്ളത് ഒരു നേട്ടമായിട്ട് കണക്കാക്കാൻ സാധിക്കില്ല. ഓരോ രൂപതയിലും ഓരോ മൽപ്പാൻമാർ സുറിയാനി പഠിപ്പിക്കുവാൻ ഉണ്ടായിരിക്കണം. നമ്മുടെ മലങ്കര രൂപതകളിൽ എല്ലാം തന്നെ സുറിയാനി പഠനം, സുറിയാനി വായിക്കാനുള്ള കഴിവ് അതൊക്കെ നഷ്ടപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ രാജു അച്ചൻ കാണിച്ചു തന്ന ഈ മാതൃക എല്ലാ രൂപതകളിലും പ്രാവർത്തികമാക്കേണ്ടതാണ്. ഓരോ രൂപതയിലും സുറിയാനി നല്ലതുപോലെ വായിക്കുവാനും വിശദീകരിക്കുവാനും കഴിവുള്ള കുറേപ്പേരെങ്കിലും



**സങ്കീർത്തനത്തിൽ പറയുന്നതുപോലെ, തീരത്ത് നടപ്പെട്ട ഒരു വൃക്ഷം പോലെ എപ്പോഴും കായ്കനികൾ തന്നുകൊണ്ടിരുന്ന ഒരു വൃക്ഷമായിരുന്നു നമ്മുടെ രാജു അച്ചൻ. ആ വൃക്ഷത്തിന്റെ തണലിൽ വളർന്നവരെല്ലാം ആ മാതൃക കണ്ട് ആരാധനക്രമഭാഷ പഠിക്കുന്നതിന് തുണയാകട്ടെ.**

ഉണ്ടായിരിക്കണം. അല്ലെങ്കിൽ സഭയോട് ചെയ്യുന്ന വലിയ അനീതിയാണ്. സുറിയാനി പാരമ്പര്യം വളർത്തിയ ഒരു പിതാവാണ് ധന്യൻ മാർ ഈവാനിയോസ് തിരുമേനി. ഗ്രാമർ എഴുതിയും അല്ലാതെയും ഒക്കെ സുറിയാനിയിൽ ഗവേഷണം പ്രോത്സാഹിപ്പിച്ച ഒരാളാണ്. മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിലാണ് സ്കൂളുകളിലും കോളേജുകളിലും മദ്രാസ് യൂണിവേഴ്സിറ്റികളിലും സുറിയാനി പഠനം ഏർപ്പെടുത്തിയത്. Master of Language Degree (MOLD) മദ്രാസ് യൂണിവേഴ്സിറ്റിയിൽ ഉണ്ടായിരുന്നു. പക്ഷേ, പഠിക്കാൻ അധികം ആളുകൾ ഇല്ലാതിരുന്നതുകൊണ്ട് അത് നിന്നു പോകുകയാണ് ചെയ്തത്. നമ്മുടെ കറ്റാനം പോലെയുള്ള പല സ്കൂളുകളിലും സുറിയാനി പഠിപ്പിച്ചിരുന്നു. സങ്കീർത്തനത്തിൽ പറയുന്നതുപോലെ, തീരത്ത് നടപ്പെട്ട ഒരു വൃക്ഷം പോലെ എപ്പോഴും കായ്കനികൾ തന്നുകൊണ്ടിരുന്ന ഒരു വൃക്ഷമായിരുന്നു നമ്മുടെ രാജു അച്ചൻ. ആ വൃക്ഷത്തിന്റെ തണലിൽ വളർന്നവരെല്ലാം ആ മാതൃക കണ്ട് ആരാധനക്രമഭാഷ പഠിക്കുന്നതിന് ഇടയാകട്ടെ. അച്ചന്റെ ജീവിതാഹ്വാനം നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ തന്നെ സ്വന്തമായിട്ടുള്ള ഭാഷ പഠിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അതുപോലെതന്നെ ആ ലിറ്റർജി ചൊല്ലുന്നതിനും ഇടയാകത്തക്ക വിധത്തിൽ പഠനം മുന്നോട്ടു കൊണ്ടുപോകുകയാണെങ്കിൽ അതായിരിക്കും അച്ചനു കൊടുക്കാവുന്ന സ്ഥായിയായിട്ടുള്ള ഓർമ്മ. തീരത്ത് നടപ്പെട്ട വൃക്ഷം പോലെ സുറിയാനി സഭയെ വളർത്തിയ വലിയ തരുവായി അച്ചൻ തീരട്ടെ. ആ മാതൃക നമ്മെ എല്ലാവരെയും പ്രോത്സാഹിപ്പിക്കട്ടെ.

●

www.malankaralibrary.com





# സഹപാഠിയെ ഓർമ്മിക്കുമ്പോൾ



**സി. ഡോ. ജിൻസി**
**കാൽഡിയൻ ചർച്ച് ഓഫ് ദ ഈസ്റ്റ്**

പ്രിയ രാജു അച്ചനെ ഓർക്കുമ്പോൾ എവിടെ തുടങ്ങണമെന്ന് അറിയുന്നില്ല അത്രയേറെ സൗഹൃദവും സ്നേഹവും പരസ്പരം പങ്കുവെച്ച ആ സ്നേഹിതൻ കൂടെയില്ല. 2001 ൽ കോട്ടയത്ത് വെച്ചാണ് തൃശ്ശൂർക്കാരായ ഞങ്ങൾ പരസ്പരം പരിചയപ്പെടുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദാനന്തരബിരുദ പഠനങ്ങൾ സെമസ്റ്റർ രീതിയിലേക്ക് മാറിയ വർഷത്തിലാണ് സുറിയാനി ഭാഷയിൽ എം.എ. പഠനത്തിനായി കോട്ടയം സീരിയിൽ ഞങ്ങൾ ചേരുന്നത്. ആ വർഷം 15 വിദ്യാർത്ഥികളാണ് പഠനം ആരംഭിച്ചിരുന്നത്. സീറോ മലബാർ, സീറോ മലങ്കര, യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മ, കൽദായ സഭ എന്നിങ്ങനെ കേരളത്തിലെ വിവിധ സഭകളിൽ നിന്നുള്ള വൈദികരും സന്യസ്ഥരും അത്മായരും ഉൾക്കൊള്ളുന്ന ഒരു ബാച്ച് ആയിരുന്നു ഞങ്ങളുടേത്. ഞങ്ങൾ കുറച്ചൊക്കെ കേട്ടുവളർന്ന ആ ഭാഷ പഠിക്കുവാനും അറിയുവാനും പോകുന്നതിന്റെ ഒരു ആവേശം ഞങ്ങളിൽ എല്ലാവരിലും ഉണ്ടായിരുന്നു. ഒരു കുടുംബത്തിലെ അംഗങ്ങളെ പോലെ ആകുവാൻ ഞങ്ങൾക്ക് അധികം സമയമൊന്നും വേണ്ടിവന്നില്ല.

www.malankaralibrary.com



**സുറിയാനി ഭാഷയെ രാജു അച്ചൻ അത്രയേറെ സ്നേഹിക്കുകയും ഭാഷാ പഠനത്തിൽ തന്റെ ആയുസ്സിന്റെ വലിയൊരു ഭാഗം നീക്കിവെക്കുകയും ചെയ്തിരുന്നു.**

തുടക്കത്തിൽ ഒരു ശരാശരി വിദ്യാർത്ഥി എന്ന് തോന്നിച്ചിരുന്ന രാജു അച്ചൻ, വളരെ സ്നേഹത്തോടെയും എപ്പോഴും നിറഞ്ഞ പുഞ്ചിരിയോടെയും മറ്റുള്ളവരോട് ഇടപെടുന്ന ആളും ചില്ലറ കളിയാക്കലുകളും തമാശകളും ആയി ക്ലാസിലെ അന്തരീക്ഷം രസകരമാക്കുകയും ചെയ്തിരുന്നു. അല്പം ഭയത്തോടെ ബൈക്കിൽ യാത്ര ചെയ്തിരുന്ന ആൾ. ഒരിക്കൽ ക്ലാസിലെ മറ്റൊരു വിദ്യാർത്ഥിയോടൊപ്പം കുമരകത്തേയ്ക്ക് ബൈക്കിൽ യാത്ര ചെയ്തപ്പോൾ സംഭവിച്ച ഒരു അപകടത്തെ തുടർന്ന് അച്ചന്റെ രണ്ട് കൈകളിലും പ്ലാസ്റ്റർ ഇടേണ്ടി വന്നു. അച്ചനെ കാണുവാൻ ഞങ്ങൾ ആശുപത്രിയിൽ ചെല്ലുമ്പോൾ അപ്പോഴത്തെ തന്റെ അവസ്ഥയെ ഫലിത രൂപേണ ഞങ്ങളോട് പറഞ്ഞ് അന്തരീക്ഷം തുലോം മയപ്പെടുത്തിയത് ഇപ്പോഴും ഓർക്കുന്നു.

ഓരോ സെമസ്റ്റർ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന അവസരത്തിൽ തന്റെ സുറിയാനി പാഠഭാഗങ്ങൾ മുഴുവനും വായിച്ചുതീർക്കുമായിരുന്നു. പ്രധാന പാഠഭാഗങ്ങൾ തിരഞ്ഞുപിടിച്ച് പഠിക്കുന്ന രീതി ഒരിക്കലും അച്ചൻ ചെയ്തിരുന്നില്ല. ഇങ്ങനെ വായനയ്ക്കായി മണിക്കൂറുകളോളം ഒന്നിച്ച് ചിലവിട്ട സമയം ഇപ്പോഴും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. പരസ്പരം കൊണ്ടും കൊടുത്തും കളിയാക്കിയും ഇണങ്ങിയും പിണങ്ങിയും ക്ലാസിലെ 13 കുട്ടികളും മാനസികമായി ഒരുപോലെ വളർച്ച നേടിയ കാലമായിരുന്നു അത്. ഓരോ സെമസ്റ്റർ പരീക്ഷയുടെ മാർക്ക് വരുമ്പോഴും എന്തൊരു അഭിമാനമായിരുന്നു അച്ചന്. എല്ലാവർക്കും പ്രചോദനമായിരുന്നു അച്ചൻ.

നാല് സെമസ്റ്ററുകളിലും വിദേശത്തുനിന്നുള്ള അദ്ധ്യാപകരിൽ നിന്നും സുറിയാനി പഠിക്കുവാൻ ഞങ്ങളുടെ ബാച്ചിന് ഭാഗ്യമുണ്ടായി. ഇതിൽ ഏറ്റവും രസകരമായി ഞങ്ങൾക്ക് അനുഭവപ്പെട്ടത് പ്രൊഫസർ ആൻഡ്രൂ പാൽമറിന്റെ ക്ലാസുകൾ ആയിരുന്നു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേമിന്റെ നിസിബിയൻ ഗീതത്തെ ദൃശ്യവൽക്കരിക്കുവാൻ ഞങ്ങൾ അന്ന് പരിപാടി ഇട്ടിരുന്നു. അതിൽ ഒരു പ്രധാന കഥാപാത്രമായി തെരഞ്ഞെടുത്തിരുന്നത് രാജു അച്ചനെ ആയിരുന്നു. എന്തുകൊണ്ടോ അത് ഞങ്ങൾക്ക് അവതരിപ്പിക്കുവാൻ കഴിഞ്ഞില്ല. പഠനത്തിൽ ഏറെ ശ്രദ്ധയും പരിശ്രമശാലിയും ആയിരുന്നു അച്ചൻ. രണ്ടാം റാങ്കോടെയാണ് തന്റെ എം.എ. പഠനം പൂർത്തിയാക്കിയത്. എം.എ. കഴിഞ്ഞ് പി.എച്ച്.ഡി. ക്ക് ഉള്ള പ്രവേശന പരീക്ഷ രാജു അച്ചനും നെൽസൻ അച്ചനും ഞാനും ഒന്നിച്ചാണ് എഴുതിയത് മൂന്നുപേരും വിജയികളായെങ്കിലും രണ്ടു വൈദികരും ആ വർഷം പി.എച്ച്.ഡി. ക്ക് രജിസ്റ്റർ ചെയ്യുകയുണ്ടായില്ല. 2010 ൽ എനിക്കും 2017 ൽ രാജു അച്ചനും ഡോക്ടറേറ്റ് ലഭിച്ചു. 2010 ന് മുൻപുള്ള കാലയളവിൽ രാജു അച്ചനോടൊപ്പം സീരിയിൽ വെച്ച് വിവിധ ഭാഷകൾ പഠിക്കുവാനും അവസരം ഉണ്ടായത് ഒരു നല്ല ഓർമ്മയാണ്.

തന്റെ ഡോക്ടറേറ്റ് പഠനം ആരംഭിച്ചത് മുതൽ സുറിയാനി ഭാഷയ്ക്ക് വേണ്ടി മാറ്റിവെച്ച ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. പഠനത്തിന്റെ പുതിയ മേഖലകൾ നേടുന്നതിൽ എന്നും ഉത്സുകനായിരുന്നു അച്ചൻ. ഏത് ഭാഷ എഴുതുമ്പോഴും വടിവൊത്ത കൈയക്ഷരത്തിൽ എഴുതുക അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. സുറിയാനി പഠനത്തിനായി ഇത്രയധികം സമയം മാറ്റിവെച്ച അച്ചന്റെ സമൂഹത്തിനോടുള്ള പ്രതിബദ്ധതയിൽ നിന്നാണ് മികവുറ്റ നാല് സുറിയാനി ഗ്രാമർ പുസ്തകങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞത്. മാത്രമല്ല സീരിയിൽ സുറിയാനിയിലുള്ള യാമപ്രാർത്ഥനകൾ ആരംഭിക്കുന്നതിനും അതിന് പ്രചാരം നൽകുന്നതിനും അദ്ദേഹത്തിന് സാധിച്ചു എന്നത് ഏറെ പ്രശംസനീയമാണ്.

തന്റെ രോഗാവസ്ഥയിലും ഏറെ ഉത്സാഹത്തോടെ സുറിയാനി ഭാഷ പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എഴുതുന്നതിനും പ്രാർത്ഥിക്കുന്നതിനും അച്ചൻ ഏറെ സമയം കണ്ടെത്തി. ലോക സുറിയാനി സമ്മേളനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഏറെ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കഴിഞ്ഞ സമ്മേളനത്തിന്റെ ചുക്കാൻ പിടിച്ചത് അച്ചൻ തന്നെ ആയിരുന്നു.

സുറിയാനി ഭാഷയെ രാജു അച്ചൻ അത്രയേറെ സ്നേഹിക്കുകയും ഭാഷാ പഠനത്തിൽ തന്റെ ആയുസ്സിന്റെ വലിയൊരു ഭാഗം നീക്കിവെക്കുകയും ചെയ്തിരുന്നു. അതീവ രോഗാവസ്ഥയിൽ തുടരുമ്പോഴും അച്ചൻ തന്റെ വേദനകൾ മറന്നിരുന്നത് സുറിയാനി ഭാഷാ പഠനത്തിൽ സ്വയം മുഴുകി കൊണ്ടാണ്. സുറിയാനി ഭാഷയ്ക്ക് വേണ്ടി മാറ്റിവെച്ച ജീവിതമായിരുന്നു പറക്കോട്ടിൽ രാജു അച്ചന്റേത്. ഇപ്പോഴും ഉൾക്കൊള്ളുവാൻ കഴിയാത്ത അച്ചന്റെ വിയോഗം സുറിയാനി ഭാഷയ്ക്ക് പ്രത്യേകിച്ച് കേരളത്തിലെ സുറിയാനി ഭാഷയുടെ പഠന പ്രചാരണ പരിപാടിക്ക് നികത്താനാവാത്ത നഷ്ടമാണ്. ബഹുമാനപ്പെട്ട പറക്കോട്ടിൽ രാജു അച്ചന്റെ വിയോഗത്തിൽ വ്യക്തിപരമായ ദുഃഖം രേഖപ്പെടുത്തട്ടെ. അച്ചന്റെ ആത്മാവിനും നിത്യശാന്തി നൽകി സർവ്വശക്തൻ അനുഗ്രഹിക്കുമാറാകട്ടെ. ●

www.malankaralibrary.com






# ലളിതം – പിതൃതുല്യം

റവ. ഡോ. തോമസ് പറക്കോട്ട് എന്ന രാജു അച്ചനെപ്പറ്റി എന്റെ ആദ്യ ഓർമ്മ എന്നത് ഞാൻ SEERI വന്ന് സിറിയക്ക് പഠനത്തിന്റെ കാര്യങ്ങൾ ചോദിച്ച് അറിയുന്നത് അച്ചനോടാണ്. വളരെ കർക്കശമായും കൃത്യമായും പഠന കാര്യങ്ങൾ പറഞ്ഞു തന്നു. പിന്നീട് അവിടെ താമസിച്ചു പഠനം ആരംഭിച്ചപ്പോളാണ് രാജു അച്ചനെ മനസ്സിലാക്കാൻ കഴിയുന്നത്. എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ഓർമ്മകളാണ് അച്ചന്റെ ഒപ്പമുള്ള ഓരോ നിമിഷവും.

പഠനത്തിന്റെ കാര്യത്തിൽ കർക്കശക്കാരൻ എന്ന് തന്നെ പറയണം. പലവട്ടം എന്നെ ശാസിച്ചിട്ടുണ്ട്.



**ഫാ. സ്ക്കറിയ ചീരൻ**
**മലബാർ സ്വതന്ത്ര സുറിയാനി സഭ**

അതിനുമപ്പുറം വളരെ നല്ല തമാശകൾ പറയുന്ന ഒരു സാധാരണ മനുഷ്യൻ. എല്ലാവരോടും കൂട്ട് കൂടാനുള്ള അച്ചന്റെ കഴിവ് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

രാജു അച്ചന്റെ ഏറ്റവും വലിയ സവിശേഷത ലളിതമായ ജീവിതശൈലിയാണ്. അത് എന്നെ ഒത്തിരി സ്വാധീനിച്ചിട്ടുണ്ട്. വസ്ത്രങ്ങൾ, വാഹനങ്ങൾ, പഠനശൈലികൾ, സംസാരശൈലി തുടങ്ങിയ എല്ലാ തലങ്ങളിലും ലാളിത്യം മുഖമുദ്ര ആയിരുന്നു. ലളിതജീവിതവും ഉയർന്ന ചിന്താഗതികളും മൂല്യങ്ങളും കാത്തു സൂക്ഷിച്ച ശ്രേഷ്ഠ ഗുരു.

എന്റെ ശരീരഭാരം കുറയ്ക്കുന്നത് നല്ലതാണ് എന്ന് പറഞ്ഞ് ഞങ്ങൾ ഒരുമിച്ച് ഗ്രൗണ്ടിൽ ഓടാൻ പോകുമായിരുന്നു. അതിന് ഞാൻ മടികാണിച്ചാൽ ഫോൺ വിളിച്ച് വരുത്തി ഒരുമിച്ചാണ് ഗ്രൗണ്ടിൽ പോയിരുന്നത്. അവിടെ അച്ചന് നല്ലൊരു സൗഹൃദ വലയം ഉണ്ട്. എല്ലാവരോടും സ്നേഹസംഭാഷണം പങ്ക് വെക്കുന്നത് വളരെ കൗതുകമായി ഞാൻ നോക്കി ഇരിക്കാറുണ്ട്. പതിയെ പതിയെ ഞാനും അവരോടൊപ്പം ചേർന്നു. മഴയത്തും ഓടുന്ന രണ്ട് പേർ ഞങ്ങളാണ്. എന്നിട്ട് അച്ചൻ പറയും നമുക്ക് വട്ടാണ് എന്ന് എല്ലാവരും കരുതും. എന്റെ ജീവിതത്തിലെ മറക്കാൻ കഴിയാത്ത നല്ല ഓർമ്മകൾ ഇനിയും ഉണ്ട്....

www.malankaralibrary.com





സിറിയക് ഭാഷാപഠനത്തെ ലളിതമാക്കുവാൻ പരിശ്രമിച്ചതിന്റെ ഭാഗമാണ് അച്ചന്റെ എല്ലാ പഠന പുസ്തകവും. ഞങ്ങളുടെ ക്ലാസ്സ് എടുക്കുന്ന സമയത്താണ് ഇത് പ്രിന്റ് എടുത്ത് പഠിപ്പിക്കാൻ തുടങ്ങിയത്. കോവിഡ് കാലഘട്ടം അത് ഒരു പുസ്തക രൂപത്തിലാക്കാൻ അച്ചനെ ദൈവം സഹായിച്ചു. സുറിയാനി ഭാഷയിലൂടെ അച്ചനും ഈ പുസ്തകങ്ങളും ജീവിക്കും.

എനിക്ക് അനുമതി ഇല്ലാതെ കയറി ചെന്ന് എന്റെ സന്തോഷവും സങ്കടങ്ങളും ധൈര്യത്തോടെ പറയുവാൻ കഴിയുന്ന എന്റെ പിതാവിന്റെ വാത്സല്യത്തോടെ സ്നേഹിച്ച ഒരു അച്ചനായിരുന്നു. അച്ചന്റെ വിയോഗം എനിക്ക് സഹിക്കാൻ പറ്റുന്നില്ല. രോഗാവസ്ഥയിൽ നിന്ന് പൂർണ്ണമായി മോചിതനായി വീണ്ടും പഴയ രാജു അച്ചനായി സീരിയിൽ വന്നപ്പോൾ കാണാൻ പോയിരുന്നു. അതിന് ശേഷം കൊച്ചുമോൾ ചേച്ചി വിളിച്ചു കാര്യങ്ങൾ പറഞ്ഞു. പിന്നെ അവസാനമായി കണ്ടത് പുഷ്പഗിരി ഹോസ്പിറ്റലിൽ വെച്ചാണ്. അത് വളരെ സങ്കടം നിറഞ്ഞ കാഴ്ചയായിരുന്നു. അച്ചന്റെ സഹോദരി നാലാം പതിപ്പ് പുസ്തകം ഇറക്കിയത് കാണിച്ച് തന്നു. അവിടെവെച്ച് അത് നന്നായിട്ടുണ്ട് എന്ന് പറഞ്ഞു ഇറങ്ങി. അച്ചൻ സ്വർഗ്ഗയാത്രയിലേക്കുള്ള ഒരുക്കത്തോടെ എല്ലാ കൗദാശിക ശുശ്രൂഷകളും സ്വീകരിച്ച് കാത്തിരിക്കുകയാണ് എന്ന് മനസ്സിലായി.

അവസാനത്തെ മടക്കയാത്രയിൽ സീരിയിൽ വന്നപ്പോൾ അനുശോചനം പറയാൻ ആഗ്രഹം ഉണ്ടെങ്കിലും അത് പൂർത്തീകരിക്കാൻ ജേക്കബ് അച്ചനെ പോലെ പറ്റില്ല എന്ന് ഉറപ്പ് ആയിരുന്നു. SEERI യിലെ ചാപ്പലിൽ "സെൽബശ്ലോമോ" നൽകുന്ന സമയത്ത് എനിക്ക് അതിൽ പങ്ക് ചേരുവാൻ സാധിച്ചു. അവസാന യാത്രയിൽ ഒപ്പം ചേർത്തുപിടിക്കാൻ കഴിഞ്ഞത് അച്ചന്റെ സ്നേഹത്തിന്റെ ആഴമായി കാണുന്നു. ആ മുഖത്ത് സ്നേഹത്തോടെ ചുംബനം നൽകുമ്പോൾ കണ്ണുകൾ നിറഞ്ഞുപോയി. എന്റെ മാത്രം അല്ല ഒരു വലിയ സമൂഹത്തിനെ കണ്ണീരിൽ ആഴ്ത്തി കൊണ്ടാണ് കടന്നുപോയത്. ലളിതമായ ജീവിതത്തിലൂടെ ക്രിസ്തുവിനെ വെളിപ്പെടുത്തിയ റവ. ഡോ. തോമസ് പറക്കോട്ട് അച്ചൻ

ഞങ്ങളുടെ ബാച്ചിലെ Sanjoe Bhaven Karukutty മഠത്തിലെ Sr.Binny Maria, Sr.Mary Agnes ഇവർ ഉണ്ടാക്കിയ ശോശപ്പ അച്ചന്റെ മൃതദേഹത്തിൽ വെക്കണം എന്ന് പറഞ്ഞു. അത് വളരെ ഹൃദയവേദനയോടെ ആണ് സിസ്റ്റേഴ്സ് പറഞ്ഞത്. 2 തിമോത്തിയോസ് 4:7 ഞാൻ നല്ല പോർ പൊരുതും ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആ നീതിയുടെ കിരീടം ലഭിച്ച സന്തോഷമുണ്ട്. ഞങ്ങളുടെ ബാച്ചിലെ എല്ലാവരുടെയും പ്രാർത്ഥനകളും സ്നേഹപൂർവ്വം സമർപ്പിക്കുന്നു. ●

## ഡോക്ടറേറ്റ് കരസ്ഥമാക്കി



*മികച്ച സാമൂഹിക സേവനത്തിനുള്ള ഓണററി ഡോക്ടറേറ്റ് അമേരിക്കയിലുള്ള Global Human Peace University യിൽ നിന്ന് **ശ്രീ. ഷിബു സഖറിയ അമ്പലവേലിൽ** കരസ്ഥമാക്കി. കല്ലിശ്ശേരി സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകാംഗമാണ്.*

www.malankaralibrary.com





# പറുദീസയാകുന്ന ദിവ്യദിനം



മാത്യൂസ് പാണ്ടിശ്ശേരിൽ

ദൈവവും മനുഷ്യനും പ്രകൃതിയുമെല്ലാം ഏകതാഭാവത്തോടെ ഒത്തിണങ്ങിവാണ ഇടമായിരുന്നല്ലോ പറുദീസ. ദൈവം മനുഷ്യനോടൊത്തായിരുന്ന ഇടം. എന്നാൽ, പാപം നഷ്ടപ്പെടുത്തിയ ഈ ദൈവ-മനുഷ്യ-പ്രപഞ്ച ഐക്യം പുനഃസ്ഥാപിക്കാൻ അവിടുന്ന് വാഗ്ദാനം ചെയ്ത രക്ഷകൻ മണ്ണിലവതരിക്കുകയാണ് പുൽക്കൂട്ടിൽ. വാസ്തവത്തിൽ ദൈവം തന്നെത്തന്നെ മനുഷ്യനു നൽകുകയായിരുന്നു - അറിയപ്പെടാതെ അംഗീകരിക്കപ്പെടാതെ, ദൈവത്തിന്റെ ഏറ്റവും വലിയ അനർഘ സമ്മാനം! He came to the world to get nothing but to give everything. സച്ചിദാനന്ദ സ്വരൂപനായ സർവ്വസംപൂർണ്ണനായ ദൈവത്തിന് ഒന്നും നേടാനില്ല. നേടുകയല്ല, നൽകുക മാത്രമായിരുന്നു ആ ആഗമന ലക്ഷ്യം. അതാണ് മനുഷ്യാവതാരം മൂലം അവിടുന്നു സാധിച്ചത്. തന്നെത്തന്നെ നൽകിയ ക്രിസ്തുവിനെ കഴിയുന്നത്ര ആളുകൾക്ക് പുനർദാനം ചെയ്യാനുള്ള സഭയുടെ തീവ്രശ്രമമാണ് ഓരോ ക്രിസ്തുമസ് ആചരണവും. ക്രിസ്തുവിനെ മനുഷ്യഹൃദയങ്ങളിൽ ജനിപ്പിക്കാനുള്ള ശ്രമം. ക്രിസ്തു നമ്മിൽ രൂപപ്പെടുന്നതുവരെ സഭ പ്രസവവേദന അനുഭവിച്ചുകൊണ്ടിരിക്കുകയായിരിക്കും.

ഉള്ളിലെ സ്നേഹം പുറത്തുകൊണ്ടുവരാൻ ഒരാൾ എത്രത്തോളം താഴണം എന്നു പഠിപ്പിക്കാൻ ദൈവം തന്നെ അവതരിക്കേണ്ടി വന്നു - ഒരു പുൽത്തൊഴുത്തിൽ - നിത്യതയുടെ ഭാരമുപേക്ഷിച്ച് വിശക്കുന്നവനായും ഭക്ഷിക്കുന്നവനായും ഉറങ്ങുന്നവനായും ഒടുവിൽ മരിക്കുന്നവനുമായി. ക്രിസ്തുമസ് ഒരാഘോഷമല്ല - അത് പരമ നിഗൂഢനായ ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന അറിവാണ്.

ക്രിസ്തുമസ് കാലം നമ്മെ ഒരു തീർത്ഥാടനത്തെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുമസ് യാത്രകളുടെ ആഘോഷമാണ്. സ്വർഗ്ഗം അതിന്റെ വിശുദ്ധ കവാടങ്ങൾ തുറന്ന് ഭൂമിയിലേക്ക് യാത്രയാകുന്നത് ക്രിസ്തുമസ് കാലത്ത് പ്രത്യേകം ഓർക്കാം:- ഗബ്രിയേൽ മാലാഖ മറിയത്തിന്റെ വീട് തേടിയെത്തി മംഗളവാർത്തയറിയിച്ചു. തന്റെ ഇളയമ്മയ്ക്ക്

www.malankaralibrary.com



ഗർഭകാലശുശ്രൂഷ ചെയ്യാൻ, തന്നെ ഏറ്റവും നന്നായി മനസ്സിലാക്കുന്ന ഏലിശ്വായുടെ അടുത്തേക്ക് മറിയം യാത്ര പുറപ്പെട്ടു. മറിയത്തിന്റെ ഗർഭകാലത്തിന്റെ ഏറ്റവും ക്ലേശകരമായ സമയത്ത് മറിയവും ജോസഫും നസ്രത്തിൽ നിന്ന് ബേത്‌ലഹേമിലേക്ക് ക്ലേശകരമായ യാത്ര നടത്തി. മാലാഖമാർ വിണ്ണിൽനിന്നും മണ്ണിലേക്ക് പറന്നിറങ്ങി. ഗ്ലോറിയ ഗീതങ്ങൾ പാടി അവർ ഇടയന്മാർക്ക് ശാന്തി ദൂത് കൈമാറി. തോളിൽ ആടുകളുമായി ഇടയന്മാർ പുൽമേടുകളിൽ നിന്ന് പുൽക്കൂട്ടിലേക്ക് യാത്രയായി. യഹൂദരുടെ രാജാവായി ജനിച്ചവനെ തേടി, കിഴക്ക് അവന്റെ നക്ഷത്രം കണ്ട്, അവനെ ആരാധിക്കാൻ പൗരസ്ത്യദേശത്തുനിന്നും വിദ്വാന്മാർ പുൽക്കൂട് അന്വേഷിച്ചു വന്നു. ആരാധനയ്ക്കുശേഷം അവർ മറ്റൊരു മാർഗ്ഗത്തിലൂടെ മടങ്ങി. ഈ ജ്ഞാനികൾ പോയ ഉടനെ ജോസഫും മേരിയും ഉണ്ണിയും പ്രാണനെ രക്ഷിക്കാൻ ഈജിപ്തിലേക്ക് ഓടി രക്ഷപ്പെടുന്നു. പിന്നീട് ഈജിപ്തിൽ നിന്ന് തിരികെ നസ്രത്തിലേക്ക് ഒരു മടക്കയാത്ര. മുപ്പതാം വയസ്സിൽ പന്ത്രണ്ടുപേരുമായി നാടുനീളെ അലച്ചിൽ. അവസാനം സ്വർഗ്ഗത്തിലേക്കുള്ള തിരിച്ചുപോക്കിനു മുമ്പ് ഭൂമിയുടെ അതിർത്തികളിലേക്ക് പോകുവിൻ എന്ന് ശിഷ്യന്മാർക്കൊരു സ്നേഹദൂതും.



ഏശയ്യാ 60–62 അദ്ധ്യായങ്ങളിൽ സീയോനു വരാൻ പോകുന്ന വലിയ മഹത്വത്തെക്കുറിച്ചുള്ളതാണ്. വിമോചനത്തിന്റെ സദ്‌വാർത്ത ലോകത്തെ അറിയിക്കാൻ നിയോഗിക്കപ്പെട്ടവൻ ഉടനെ വരുന്നു. സകല ജനതകൾക്കുമുള്ള രക്ഷയുടെ സന്ദേശം സീയോനിൽ നിന്നു വരും. രക്ഷകന്റെ വരവോടെ ഇത് അന്വർത്ഥമാകുക യേശുവിന്റെ ജനനവും സകലജനതകൾക്കും പ്രത്യാശയും സന്തോഷവും പകതരുന്നതിലൂടെയാണ്. സീയോൻ, പുതിയനിയമത്തിൽ സ്വർഗ്ഗീയ ജറുസലേമായ സഭയുടെ പ്രതീകമാണ്. സകല ജനത്തിനുമുള്ള സദ്‌വാർത്ത കേട്ട് എല്ലാവരും സന്തോഷിച്ചപ്പോൾ ഹേറോദേസ് അസ്വസ്ഥതനാകുന്നു. ദൈവം കടന്നുവരുമ്പോൾ പ്രതിരോധം തീർക്കുന്നവരുടെ ഹൃദയം കഠിനമാകുമെന്നു തിരുവചനത്തിലുടനീളം കാണാം.

ദൈവം നിസ്വനായി, ശിശുവായി, സാധാരണയിൽ സാധാരണക്കാരി, ഒരത്ഭുതവും പ്രവർത്തിക്കാത്ത മറിയത്തിന്റെ മകനായി കടന്നുവന്നു. ദൈവമയച്ച മാലാഖമാരുടെ വാക്കുകേട്ട് അതു വിശ്വസിച്ച് പുൽക്കൂട്ടിലെത്തിയ നിരക്ഷരും നിഷ്കളങ്കരുമായ ഇടയന്മാർക്കു ദൈവത്തെ കാണാനുള്ള ഭാഗ്യമുണ്ടായി. അതുപോലെ ദൈവം നൽകുന്ന സൂചനകളനുസരിച്ച് ജീവിതയാത്രകൾ ക്രമപ്പെടുത്തുന്ന ജ്ഞാനികളുടെ മുമ്പിൽ നക്ഷത്രങ്ങൾ തെളിയും. പിന്നീടവർ സ്വയം നക്ഷത്രങ്ങളാകും. പോകുന്ന വഴിയിലെ കൊട്ടാരങ്ങളുടെ പളപളപ്പുകൾ കമനീയതകൾ അവരുടെ ലക്ഷ്യം തെറ്റിക്കില്ല. അവർക്കു ലഭിക്കുന്ന അറിവുകളുടെ നെല്ലും പതിരും വേർതിരിക്കാൻ ദൈവം അവർക്ക് മാലാഖമാരെ നൽകും. തങ്ങൾക്കുള്ളതിന്റെ നല്ല പങ്ക്, പൊന്നും മീറയും കുന്തിരിക്കവും അവർ ദൈവമുമ്പാകെ സമർപ്പിക്കും. ദൈവിക വിജ്ഞാനം കൊണ്ട് നിറയുമ്പോൾ അവർ ശിശുവിന്റെ ഉള്ളിലെ ദൈവികഭാവം കണ്ട് തലകുനിക്കും. ഇന്നലകളുടെ ഇരുൾ വീണ വഴികളിലൂടെ നടന്നുപോകും.

വി. ഫ്രാൻസിസ് അസ്സീസി ചരിത്രത്തിൽ ആദ്യമായി ഒരു പുൽക്കൂട് നിർമ്മിച്ച് തിരുപ്പിറവിയുടെ പുനഃരവതരണത്തിന് ആരംഭംകുറിച്ചു. കാളയും കഴുതയുമെല്ലാം പുൽക്കൂട്ടിനുള്ളിലും പരിസരത്തും സ്ഥാനം പിടിച്ചു. കാളയും കഴുതയും എന്താണ് അർത്ഥമാക്കുന്നത്? ഏശയ്യാ 1:1–5 ൽ “കാളയ്ക്ക് തന്റെ യജമാനനെയും കഴുതയ്ക്ക് തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയാം. എന്നാൽ എന്റെ ജനം എന്നെ അറിയുന്നില്ല”. കാളയെന്നും കഴുതയെന്നും വിളിച്ച് നമ്മൾ മുദ്രകുത്തുന്നവരാണ് ഇന്നും ദൈവത്തെ തിരിച്ചറിഞ്ഞ് അവനിൽ വിശ്വസിക്കുന്നത്. പ്രപഞ്ചത്തിലെ ജീവജാലങ്ങൾ പോലും കർത്താവിനെ തിരിച്ചറിയുമ്പോൾ സൃഷ്ടിയുടെ മകുടമായ മനുഷ്യൻ അവനെ തിരിച്ചറിയുന്നില്ല. പൗരസ്ത്യ ജ്ഞാനികൾക്ക് ഹേറോദേസിന്റെ കൊട്ടാരത്തിലെ അഹങ്കാരികളായ പണ്ഡിതന്മാർ വഴി പറഞ്ഞുകൊടുത്തുവെങ്കിലും അവരുടെ അറിവ് അവരുടെ രക്ഷയ്ക്ക് ഉപകരിച്ചില്ല. ഹേറോദേസാകട്ടെ തനിക്കു ലഭിച്ച അറിവിനെ ആയുധമാക്കി.

നിരക്ഷരരായ ആട്ടിടയന്മാരും വിജ്ഞാനികളായ പൂജരാജാക്കന്മാരും ദൈവത്തിന്റെ മാലാഖമാരും വെളിപാടിന്റെ നക്ഷത്രവും നന്മനിറഞ്ഞ മറിയവും നീതിമാനായ യൗസേപ്പും ജീവവർഗ്ഗത്തിന്റെ പ്രതിനിധികളായ പശുവും ആടും സർവ്വോപരി ചെറുപ്പമാണ്. വലുപ്പമെന്നു പറയുന്ന ദിവ്യശിശുവും കൂടി പുൽക്കൂടിനെ പറുദീസയാക്കുന്ന ദിവ്യദിനമാണ് ക്രിസ്തുമസ്.

www.malankaralibrary.com



# സുറിയാനി സഭാപാരമ്പര്യം

ഫാ. ഡോ. ജോസഫ്
കളരിപറമ്പിൽ



# മനുഷ്യാവതാരരഹസ്യം വൈരുദ്ധ്യാത്മകമോ?

ക്രിസ്തുവിന്റെ ജനനകഥ നമ്മോട് പറയുന്നത് ദൈവത്തിന്റെ നിഗൂഢമായ വഴികളെക്കുറിച്ചാണ്. നാം പ്രതീക്ഷിക്കാത്ത വിധത്തിലും രീതിയിലുമാണ് ത്രിയേക ദൈവം പ്രവർത്തിക്കുന്നത്! ദൈവത്തിന്റെ വഴികൾ അത്ഭുതം നിറഞ്ഞതാണ്. നൂറ്റാണ്ടുകളായി ഇസ്രായേല്യർ മിശിഹായെ പ്രതീക്ഷിച്ചിരുന്നു; പ്രവാചകന്മാർ മിശിഹായുടെ വരവിനെക്കുറിച്ച് കാലാകാലങ്ങളായി ജനത്തിന് പ്രത്യാശയുടെ സന്ദേശം നല്കിക്കൊണ്ടേയിരുന്നു (ഉൽപത്തി 3:15, 12:3; ഏശയ്യാ 7:14; മിക്കാ 5:2; ഹോസിയാ 11:1). എന്നാൽ 'കാലസമ്പൂർണ്ണത വന്നപ്പോൾ' (ഗലാത്തിയാ 4:4), മിശിഹാ ആഡംബരത്തോടെയും തേജസ്സോടെയും സ്വർണ്ണ രഥത്തിൽ വിജയിക്കുന്ന വീരനായി എത്തിയില്ല. അവൻ വില കൂടിയ വസ്ത്രം ധരിച്ചിരുന്നില്ല. പിന്നെയോ, മിശിഹാ വന്നപ്പോൾ ഒരു ശിശുവായിട്ടാണ് കടന്നുവന്നത്. വിവാഹം കഴിച്ചിട്ടില്ലാത്ത കന്യകയായ ഒരു പെൺകുട്ടിയിൽ ബേത്‌ലഹേം ഗ്രാമത്തിലെ ലളിതമായ ഒരു കാലിത്തൊഴുത്തിൽ അവൻ ജനിച്ചു. അപ്രകാരം ലളിതമായ സാഹചര്യങ്ങളിൽ, "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹന്നാൻ 1:14). ഇതാണ് ദൈവത്തിന്റെ നിഗൂഢമായ വഴി!

ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, ആരാധനക്രമ ആചരണങ്ങൾ ചരിത്രത്തിലെ രക്ഷാകര യാഥാർത്ഥ്യങ്ങളെ ആഘോഷിക്കുന്നു. അത് സഭയെന്ന നിലയിൽ ചരിത്രത്തിൽ സംഭവിച്ച ഒരു രക്ഷാകര യാഥാർത്ഥ്യത്തെ നമ്മുടെ "ഇന്ന്, ഇപ്പോൾ" ആയി ആചരിക്കുന്നു. അതിനാൽ, നമ്മുടെ കർത്താവിന്റെ ജനനത്തിരുന്നാൾ ആഘോഷിക്കുമ്പോൾ നാം ഒരു അനുസ്മരണം നടത്തുകയല്ല, പിന്നെയോ ചരിത്രപരമായ സമയത്തെ ദൈവിക സമയവുമായി ബന്ധിപ്പിച്ച് 2000 വർഷങ്ങൾക്ക് മുമ്പ് ബേത്‌ലഹേമിൽ നടന്ന അതേ സംഭവത്തിൽ ആരാധനക്രമത്തിലൂടെ നാം പങ്ക് പറ്റുകയാണ്.

നാം പ്രതീക്ഷിക്കാത്ത വിധത്തിലാണ് ദൈവം പ്രവർത്തിക്കുന്നതെന്ന് കർത്താവിന്റെ ജനനത്തിരുന്നാൾ നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ പരിമിതമായ ധാരണകളിലേക്ക് ദൈവത്തിന്റെ മഹത്തായ പ്രവൃത്തികളെ രൂപപ്പെടുത്തുവാൻ നമുക്ക് കഴിയില്ല. സുറിയാനി ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ കഴിയാത്തതും വിശദീകരിക്കാനാവാത്തതുമായ കർത്താവിന്റെ ജനനത്തിരുന്നാളിനെക്കുറിച്ച് സുറിയാനി സഭാപിതാക്കന്മാരും ആരാധനക്രമവും എന്ത് പഠിപ്പിക്കുന്നു എന്ന് ഈ ലേഖനത്തിലൂടെ നമുക്ക് പരിശോധിക്കാം.

## യൽദാപെരുന്നാൾ

കർത്താവിന്റെ ജനനത്തിരുന്നാളിന് സുറിയാനി ഭാഷയിൽ ഉപയോഗിക്കുന്ന പദമാണ് യൽദോ. യീലേദ് എന്ന ക്രിയാരൂപത്തിൽ നിന്നാണ് ജനനം എന്ന അർത്ഥമുള്ള ഈ പദം രൂപംകൊണ്ടിട്ടുള്ളത്.

യീലേദ് എന്ന ക്രിയാധാതുവിന്റെ അർത്ഥം ജനിപ്പിക്കുക എന്നാണ്. സുറിയാനി ഭാഷയിൽ ബേത്യൽദോ (beth yaldo) എന്ന വാക്കാണ് ക്രിസ്തുമസ്സിനെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നത്.

### ആദ്യപാപവും പ്രതിജ്ഞയും

പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരത്തിന്റെ കാരണം ആദ്യമനുഷ്യന്റെ പാപവും അതുമൂലം ദൈവത്തിന്റെ ഛായയും സാദൃശ്യവും അവന് നഷ്ടമായതുമാണ്. പാപത്തിന്റെ അടിമത്വത്തിൽ വീണുപോയ മനുഷ്യനെ രക്ഷിക്കുവാനായാണ് ദൈവം മനുഷ്യനായി അവതരിക്കുന്നത്. സുറിയാനി സഭാപിതാക്കന്മാരുടെ രചനകളിലും ആരാധനക്രമത്തിലും ഈ ആശയം സുവ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. മാർ അപ്രേമും സാറൂഗിലെ മാർ യാക്കോബും മനുഷ്യാവതാരവുമായി ബന്ധപ്പെട്ട് രചിച്ചിട്ടുള്ള എല്ലാ ഗീതങ്ങളിലും ആദത്തെ വീണ്ടെടുക്കുകയായിരുന്നു പുത്രൻ തമ്പുരാന്റെ ലക്ഷ്യമെന്ന് നമ്മെ പഠിപ്പിക്കുന്നു.

പാപം മൂലം ദൈവത്തിൽ നിന്ന് അകന്നുപോയ മനുഷ്യന് അവന്റെ തന്നെ ശക്തിയാൽ ദൈവത്തിങ്കലേക്ക് തിരികെവരുവാൻ കഴിയില്ലായിരുന്നു. ദൈവവുമായുള്ള ശരിയായ ബന്ധത്തിലേക്ക് നമ്മെ തിരികെകൊണ്ടുവരാനും - നമുക്ക് രക്ഷ നൽകുവാനുമാണ് ദൈവം മനുഷ്യനായി അവതരിച്ചത്. സാറൂഗിലെ മാർ യാക്കോബ് ഇപ്രകാരം നമ്മെ ഉദ്ബോധിപ്പിക്കുന്നു: 'സ്ഫടികരഥത്തിന് ശേഷം അവൻ പുൽത്തൊട്ടിയിൽ വസിക്കുന്നതിനുള്ള കാരണം എന്താണ്? മഹത്വത്തിനു ശേഷം അവൻ എന്തിന് വെറുമയായി? ഏദൻ തോട്ടത്തിൽ മോഷണം പോയ ദൈവത്തിന്റെ രൂപം തിരികെ നേടിയെടുക്കുവാൻ'.

### ദൈവത്തിന്റെ ശൂന്യവൽക്കരണം

"ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ - അതേ കുരിശുമരണം വരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലി. 2:6-8). ദൈവം മനുഷ്യനായി അവതരിച്ചതിനെ പൗലോസ് ശ്ലീഹാ ഇവിടെ കൃത്യമായി സംഗ്രഹിക്കുന്നു. നമ്മെ രക്ഷിക്കുവാൻ ദൈവികതയിൽ നിന്നിറങ്ങിവന്ന യേശുവിന്റെ താഴ്മയുടെ ആത്യന്തികമായ ആവിഷ്കാരമാണ് 'തന്നെത്തന്നെ ശൂന്യനാക്കി' എന്ന പൗലോസ് അപ്പസ്തോലന്റെ പഠിപ്പിക്കലിലൂടെ വെളിവാകുന്നത്. ഈ തിരുവെഴുത്ത് ഭാഗം, യേശുക്രിസ്തുവിന്റെ താഴ്മയെയും അവന്റെ സ്വയംശൂന്യതയെയും സംഗ്രഹിക്കുന്നു. ദൈവത്തിന്റെ ഈ ശൂന്യവൽക്കരണത്തെ ദ്യോതിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് കെനോസിസ്. 'ശൂന്യമാക്കുക' എന്നർത്ഥം വരുന്ന 'കെനോ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് കെനോസിസ് എന്ന പദം ഉരുത്തിരിഞ്ഞിട്ടുള്ളത്. ജനനപ്പെരുന്നാളിന്റെ പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിലെ തീ ഉഴലിച്ച ശുശ്രൂഷയുടെ സെദറാ പ്രാർത്ഥന പുത്രൻ തമ്പുരാന്റെ സ്വയം ശൂന്യവത്കരണത്തെ ഏറ്റവും മഹത്തായ രീതിയിൽ പ്രതിപാദി

## വിണ്ണിൻ താഴ്വരയിൽ



വറുഗീസ് ജോർജ്
ഞാഴിശ്ശേരിൽ

വിണ്ണിൻ താഴ്വരയിൽ
പൂവാന ചന്ദ്രനുദിച്ചു
നീലാകാശ താഴ്വരയിൽ
താരങ്ങൾ പുഞ്ചിരിതൂകി
(വിണ്ണിൻ...)
പൊൻതാര താലവുമേന്തി
വാനവർ പാടി സ്തുതിക്കുന്നു
മലർമാല ദീപവുമേന്തി
മാനവർ പാടി സ്തുതിക്കുന്നു
(വിണ്ണിൻ...)
അമ്മമേരി തൻ സുതനായ്
ലോകേശൻ ജാതനായി
മഞ്ഞുവീഴും രാവുകളിൽ
ആനന്ദ ഗീതികൾ പാടി
(വിണ്ണിൻ...)
ബേത്‌ലഹേം പുരിതന്നിൽ
ഇടയന്മാർ ആഗതരായി
രാജാക്കൾ മൂവരുമായി
സമ്മാന ചെപ്പുനിരത്തി
(വിണ്ണിൻ...)

www.malankaralibrary.com



ക്കുന്നു. "ദൈവമെന്ന നിലയിൽ നീ നിത്യനും അനാദ്യന്തനുമായിരിക്കെ കാലത്തികവിൽ സാധാരണ മനുഷ്യനെപ്പോലെ കന്യക പ്രസവിച്ച ശിശു" എന്ന് സംബോധന ചെയ്തുകൊണ്ടാണ് ഈ സെദറാ ആരംഭിക്കുന്നത് തന്നെ. തുടർന്നു വരുന്ന ഭാഗത്തും അതുപോലെ തന്നെ ജനനത്തിരുന്നാളിന്റെ മറ്റ് പ്രാർത്ഥനകളിലും അപ്രമേയനായ ദൈവത്തിന്റെ ഔന്നത്യം വിട്ട് മനുഷ്യനായി അവതരിച്ച പുത്രൻ തമ്പുരാന്റെ സ്വയം ശൂന്യവൽക്കരണം വ്യക്തമായി വെളിവാക്കപ്പെട്ടിരിക്കുന്നു.

തീ ഉഴലിച്ച ശുശ്രൂഷയുടെ സെദറായിൽ ഈ ശൂന്യവൽക്കരണത്തെ അനുസ്മരിച്ചുകൊണ്ട് നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: "തലമുറകളെക്കാളും വംശങ്ങളെക്കാളും പൂർവ്വികനായ നീ കാലത്തികവിൽ ശിശുവെന്ന നിലയിൽ ചെറിയവനായി കാണപ്പെട്ടു. ഭൂമിയിൽ മഞ്ഞും മഴയും പൊഴിയ്ക്കുന്ന നീ, സ്ത്രീയിൽ നിന്നും മാനുഷികരീതിയിൽ മുലപ്പാൽ നുകർന്നു. സ്വശക്തിയാൽ പർവ്വതങ്ങളെ നിലനിർത്തുന്ന നീ, ദരിദ്രനായി കല്ലടാവിൽ കിടന്നു. ആകാശവിതാനത്തെ സ്വശക്തിയാൽ വഹിക്കുന്ന നിന്നെ, ബാലിക അവളുടെ കൈകളിൽ അനായാസം വഹിച്ചു. ഉജ്ജ്വല പ്രകാശത്തിൽ വസിക്കുന്ന നീ, കീറ്റുശീലകളാൽ എളിയവനെപ്പോലെ പൊതിയപ്പെട്ടു. ക്രൂബേന്മാരുടെമേൽ പ്രബലതയോടെ ആരൂഢനായിരിക്കുന്ന നീ, മറിയാമിന്റെ ഭുജങ്ങളിൽ ശാന്തമായി ആഘോഷിക്കപ്പെട്ടു. നിനക്ക് കാദീശ് പാടുവാൻ സ്രോപ്പേന്മാരെ ഉത്തേജിപ്പിക്കുന്ന നിന്നെ ദാവീദിന്റെ പുത്രി താരാട്ടുപാടി താലോലിച്ചു. അംഗുലീചലനത്താൽ സൃഷ്ടികളെ നയിക്കുന്ന നീ, ബേത്‌ലഹേമിൽ ശിശുവായി മുട്ടിന്മേൽ നീന്തി". പ്രഭാതപ്രാർത്ഥനയുടെ പ്രുമിയോനിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'നിത്യതയിൽ അദൃശ്യനായി തന്റെ പിതാവിന്റെ മടിയിൽ സ്ഥിതി ചെയ്യുന്നവനും തന്റെയും പിതാവിന്റെയും ജീവനുള്ള വിശുദ്ധ റൂഹായുടെയും തിരുവിഷ്ടപ്രകാരം ഉദയം ചെയ്ത് പ്രത്യക്ഷപ്പെടുവാൻ കൃപാപുരസ്സരം തിരുവുള്ളമുണ്ടായവനുമായ അദൃശ്യശിശുവും, ലോകങ്ങളെക്കാൾ ഉന്നതനും സൃഷ്ടികളെക്കാൾ വലിയവനുമായിരിക്കെ തന്റെ സൃഷ്ടിയുടെ അടുക്കലേക്ക് വന്നവനും തന്റെ ജനനിയുടെ മഹിതമായ മടിയിൽ കാണപ്പെട്ട അശരീരിയും ആത്മീയനും ലോകങ്ങൾക്ക് അദൃശ്യനായിരിക്കെ മനുഷ്യസ്നേഹത്തോടെ ജനനത്തിനായി ഇറങ്ങിവന്നവനും തന്റെ പൂർണ്ണതയാൽ സകലത്തെയും ഐശ്വര്യസമ്പന്നനുമാക്കിയ പരിപൂർണ്ണനും ആയ കർത്താവിന് സ്തുതി.

## മനുഷ്യാവതാരത്തിന്റെ മരിയശാസ്ത്രം

രക്ഷാകര ദൗത്യത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ പങ്ക് എപ്രകാരമായിരുന്നുവെന്ന് യൽദാത്തിരുന്നാളിന്റെ പ്രാർത്ഥനകൾ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധ അമ്മയെ വിശേഷിപ്പിക്കുവാൻ ജനനപ്പെരുന്നാളിന്റെ ആരാധനക്രമത്തിൽ വിവിധ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു: കന്യക, നന്മ നിറഞ്ഞ പാവനകന്യക, നൗക, നിർമ്മലമായ മാണിക്യത്തിൻ മുത്ത്, ദാവീദിന്റെ പുത്രി, കന്യകയായ മാടപ്രാവ്, ബാലിക.

പരിശുദ്ധ മറിയം ജ്ഞാനിയായ ഒരു യുവതി ആയിരുന്നുവെന്നും ദൈവദൂതനിൽ നിന്ന് കാര്യങ്ങൾ ചോദിച്ചറിയുന്നതിൽ വിവേകം കാണിച്ചുവെന്നും സാറൂഗിലെ മാർ യാക്കോബ് പഠിപ്പിക്കുന്നു: മറിയം ജ്ഞാനിയായതിനാൽ, ദൈവപുത്രൻ എങ്ങനെ അവ

# പുൽക്കൂട്ടിൽ വാഴുന്ന പൈതലീശോ



ഫാ. ജോസഫ് പ്ലാക്കൽ ഒ.സി.ഡി.

കാലിത്തൊഴുത്തിന്റെ ലാളിത്യമേ!
നാഥൻ നരനേകിയ സന്ദേശമേ!
അവനീ സുഖങ്ങൾ അകന്നുപോകും!
ആറടി മണ്ണിന്റെ ആഘോഷമായ്!

പുൽക്കൂട്ടിൽ വാഴുന്ന പൈതലീശോ
ഇത്രമേൽ ദരിദ്രനായ് മാനവർക്കായ്
മണ്ണിൻ ലഹരിയിൽ മങ്ങുവോർക്ക്
നൽപാലമായെന്നും അവൻ ജനനം!

ഉള്ളവനില്ലാഞ്ഞോനേകിടുമ്പോൾ
ഉള്ളവർ ഉലകവും നിറവിലാകും!
പുൽക്കൂട്ടിൽ സഹർശഷം ഒളിവിതറും!
ഈശോയിലവൻ കാണും നിത്യഹർമ്മ്യം!

www.malankaralibrary.com


ളിൽ വന്നു വസിക്കും എന്നറിയുവാൻ അവൾ ആഗ്രഹിച്ചു (ലൂക്കാ 1:34). അതിനാൽ, തന്നിൽ സംഭവിക്കും എന്ന് മാലാഖ അരുൾചെയ്ത ഗർഭധാരണത്തെക്കുറിച്ച് പരിശുദ്ധ മറിയം മാലാഖയോട് ചോദ്യം ഉന്നയിക്കുന്നു. എന്നാൽ, ഹവ്വാ ധൃതിയുള്ളവളായിരുന്നു; നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലത്തിൽ നിന്ന് ദൈവികത തന്നിലേക്ക് എത്തിച്ചേരുന്നത് എങ്ങനെയെന്ന് അവൾ തന്നെ സമീപിച്ച ദൂതനോട് ചോദിച്ചില്ല. എത്രയും പെട്ടെന്ന് ദൈവതുല്യയായി തീരുവാനാണ് അവൾ ആഗ്രഹിച്ചത്. ഹവ്വായോടുള്ള സർപ്പത്തിന്റെ പ്രഖ്യാപനം പോലും മാലാഖയുടെ അറിയിപ്പിനെക്കാൾ ഭയാനകമാകുന്നില്ല. മാലാഖ വിശ്വസനീയമായ വിശദീകരണം നൽകിയില്ലെങ്കിൽ ഈ രണ്ട് സന്ദേശങ്ങളും തമ്മിൽ വ്യത്യാസങ്ങളില്ല. 'തന്റെ ജനനം മുതൽ ഒരു പുരുഷനും തന്നെ ജഡികമായി അറിയില്ലാത്തതിനാൽ മാലാഖയിൽ നിന്ന് കേട്ടത് എങ്ങനെ സംഭവിക്കും എന്ന് മറിയം സംശയം പ്രകടിപ്പിക്കുകയും അതിന് നിവാരണം കണ്ടെത്തുവാൻ ശ്രമിക്കുകയും ചെയ്തു. ദാമ്പത്യബന്ധമില്ലാതെ ഏത് സമയത്താണ് ഗർഭപാത്രം ജനനം നൽകിയത്, സ്ത്രീകൾക്കിടയിൽ ഇത് എവിടെ, എപ്പോൾ സംഭവിച്ചു' എന്ന് മറിയം മാലാഖയോട് ചോദിച്ചു.

മാലാഖയുടെ പ്രതികരണമായി മറിയത്തോട് ഇപ്രകാരം പറയുന്നതായി സാറൂഗിലെ മാർ യാക്കോബ് വിവരിക്കുന്നു: "ശിശുക്കളെ രൂപപ്പെടുത്തുന്നവൻ അവനുവേണ്ടി നിന്നിൽ ഒരു ശരീരം രൂപപ്പെടുത്തുകയും മനുഷ്യത്വമാകുന്ന വസ്ത്രം ധരിക്കുകയും ചെയ്യും; ജനിക്കാത്ത പുത്രൻ നിന്റെ കന്യകാത്വത്തിൽ ഗർഭം ധരിക്കും. ലോകങ്ങളുടെ നിർമ്മാതാവ് നിന്റെ ശുദ്ധമായ ഗർഭപാത്രത്തിൽ ഒരു വസ്ത്രം നെയ്തെടുക്കുകയും നിന്റെ ഗർഭാശയത്തിന്റെ വലയിൽ മാംസത്തിന്റെ ഒരു മേലങ്കി തയ്യാറാക്കും. ശ്രേഷ്ഠനായവന്റെ ശക്തി നിന്നിൽ വാഴും, അവന്റെ ശക്തി താഴ്ത്താതെതന്നെ. നിന്റെ വിശുദ്ധിയിൽ നിന്ന് മനുഷ്യനാകുവാൻ അവൻ ഒരു ശരീരം എടുക്കും. നിന്റെ ഉദരത്തിലെ ചൂളയിൽ അവൻ ആദാമിന് ഒരു പ്രതിച്ഛായ വാർത്തുണ്ടാക്കും; അതിലേക്ക് ജനനം എടുക്കുവാൻ സകലത്തിന്റെയും ദൈവം സ്വയം താഴ്ത്തുകയും ചെയ്യും. പരിശുദ്ധാത്മാവും ഉന്നതന്റെ ശക്തിയും നിന്റെ അടുക്കൽ വരും". മനുഷ്യാവതാരത്തെക്കുറിച്ചും മാതാവിനെക്കുറിച്ചും സാറൂഗിലെ മാർ യാക്കോബ് രചിച്ചിട്ടുള്ള ഗീതങ്ങളിൽ രക്ഷാകരദൗത്യത്തിൽ മാതാവിനുള്ള പങ്ക് വ്യക്തമായി അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്.

പരിശുദ്ധ ദൈവമാതാവിന്റെ കന്യകാഗർഭധാരണത്തെക്കുറിച്ച് മനുഷ്യാവതാരത്തെക്കുറിച്ചുള്ള ഗീതങ്ങളിൽ മാർ അപ്രേം ഇപ്രകാരം പഠിപ്പിക്കുന്നു: 'നട്ടിട്ടില്ലാത്തതും നനയ്ക്കപ്പെടാത്തതുമായ അഹറോന്റെ തളിർത്ത വടി മുകുളങ്ങൾ പുറപ്പെടുവിച്ചതുപോലെ, കന്യക ഗർഭം ധരിച്ചു. ഭർതൃസംസർഗ്ഗമില്ലാതെ കന്യക ദൈവികപ്രവർത്തനത്താൽ ഗർഭം ധരിച്ചു. അഹറോന്റെ വടി അത്ഭുതത്തിന്റെ ഫലം കാട്ടിത്തന്നു; അത്യുന്നതന്റെ ശക്തി വന്നു കൃപ നിറഞ്ഞവളുടെമേൽ ആവസിച്ചു. ലോകരക്ഷകനായ യേശുക്രിസ്തുവിന് ജനനം നൽകുവാൻ അവൾ യോഗ്യയായി'.

മാതാവിന്റെ ഗർഭധാരണം സംബന്ധിച്ച് നിരവധി പരാമർശങ്ങൾ യൽദായുടെ പ്രാർത്ഥനകളിൽ കാണുവാൻ സാധിക്കും. രാത്രി പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'വചനം കാതുകളിലൂടെ പ്രവേശിച്ച് ബാലികയിൽ വസിച്ചു. ഉദരത്തിൽനിന്ന് ജഡപ്രകാരം സൃഷ്ടിയിൽ ഉദിച്ചു'.

പിതാവിനെ വിട്ടുപോകാതെ പുത്രൻ മറിയത്തിൽ വസിക്കുന്നു എന്ന് വിരോധാഭാസ രൂപേണ സാറൂഗിലെ മാർ യാക്കോബ് അവതരിപ്പിക്കുന്നു: "അവൻ പെൺകുട്ടിയിൽ തിളങ്ങി, എന്നാൽ അവന്റെ പ്രകാശം സ്ഫടികരഥത്തിന് മീതെയും തിളങ്ങുന്നു. ഗർഭപാത്രത്തിൽ അവന്റെ ഗർഭധാരണം ഉണ്ട്, എന്നാൽ സ്രോപ്പേന്മാരുടെ ചിറകുകൾ അവനിൽ നിന്ന് ജ്വലിക്കുന്നു. അവൻ ക്രൂബകളെ ഉണർത്തുന്നു, ശരീരാവയവങ്ങൾ അവൻ ധരിക്കുന്നു, ദൈവമായവൻ മനുഷ്യരോടു കൂടി കാണപ്പെടുന്നു".

പ്രഭാതപ്രാർത്ഥനയിൽ നാം ഇപ്രകാരം ആലപിക്കുന്നു: 'കീറത്തുണിയിലാവൃതനാം പടുവൃദ്ധനു മറിയാം സ്തന്യം ഏകുന്നു'. പടുവൃദ്ധനായി വിശേഷിപ്പിച്ചിരിക്കുന്നത് പുത്രൻതമ്പുരാനെയാണ്. എല്ലാ സൃഷ്ടികൾക്കും മുമ്പനായ ദൈവത്തെ വൃദ്ധൻ എന്ന് അഭിസംബോധന ചെയ്യുന്ന മാർ യാക്കോബ് മുല നുകരുന്ന ശിശുവായി അതേ ദൈവപുത്രനെ അവതരിപ്പിക്കുന്നു. പ്രഭാതപ്രാർത്ഥനയുടെ എത്രോയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'കന്യകാമറിയാമെന്ന വരണ്ട ഭൂമിയിൽ നിന്ന് വിതയോ നനയ്ക്കലോ കൂടാതെ കിളിർത്തുവന്ന അനുഗ്രഹീത ഫലം'. യാതൊരു സംസർഗവും കൂടാതെ ദൈവമാതാവ് പുത്രൻതമ്പുരാന് ജനനം നൽകി എന്ന ആശയം ആരാധനക്രമത്തിൽ കൂടെക്കൂടെ ആവർത്തിക്കുന്ന ഒരു വിശ്വാസപ്രഖ്യാപനമാണ്.

(തുടരും)



www.malankaralibrary.com





# ചികിത്സയോ പ്രതിരോധമോ? ഒരു ആരോഗ്യവിചിന്തനം



**ഡോ. ചിന്നു സാറ വറുഗീസ്**
(Senior Resident, Dept of Community Medicine,
Pushpagiri Institute of Medical Sciences and Research Centre)

ഉചിതമായ രീതിയിൽ പരസ്പരം ചേർന്ന് പ്രവർത്തിക്കാൻ സൂക്ഷ്മമായി ക്രമീകരിച്ചിരിക്കുന്ന സങ്കീർണ്ണമായ ഒരു യന്ത്രമാണ് മനുഷ്യശരീരം. എന്നിരുന്നാലും, ജനിതക പ്രവണതകൾ, ജീവിതശൈലി, പാരിസ്ഥിതിക സ്വാധീനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധങ്ങളായ ഘടകങ്ങൾ ഈ പ്രവർത്തനത്തിന്റെ സന്തുലിതാവസ്ഥ തകർക്കാൻ ഇടയാക്കും. അത് രോഗവും അസ്വസ്ഥതയും ഉണ്ടാക്കും. ലോകാരോഗ്യ സംഘടനയുടെ നിർവചനം അനുസരിച്ച്, "ആരോഗ്യം എന്നത് രോഗമോ ബലഹീനതയോ ഇല്ലാതിരിക്കുക മാത്രമല്ല, പൂർണ്ണമായ ശാരീരിക, മാനസിക, സാമൂഹിക ക്ഷേമാവസ്ഥയാണ്". രോഗചികിത്സാരംഗത്ത് അത്ഭുതകരമായ നേട്ടങ്ങൾ വികസിപ്പിക്കുന്നതിൽ വൈദ്യശാസ്ത്ര മേഖല ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, ആരോഗ്യം നേടുകയും നിലനിർത്തുകയും ചെയ്യുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗം രോഗപ്രതിരോധം തന്നെ ആണെന്ന് വർദ്ധിച്ചു വരുന്ന തെളിവുകൾ സൂചിപ്പിക്കുന്നു.

## രോഗം വന്നാലുള്ള സാമ്പത്തിക ഭാരം

രോഗങ്ങൾ വന്നാൽ പണച്ചിലവ് ഉണ്ടാകുന്നു. ചില രോഗങ്ങൾക്കുള്ള ദീർഘകാല ചികിത്സയും പരിചരണവും താങ്ങാനാവുന്നതിലും വലിയ സാമ്പത്തിക ഭാരം ഉണ്ടാക്കുന്നു. അത് ആരോഗ്യ സംരക്ഷണ സംവിധാനങ്ങളിൽ സമ്മർദ്ദം ചെലുത്തുകയും വ്യക്തികൾക്കും കുടുംബങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു. കൂടാതെ, രോഗം മൂലമുള്ള സാമൂഹികവും വൈകാരികവുമായ അനന്തരഫലങ്ങൾ ദൂരവ്യാപകമായേക്കാം. ഇത് രോഗിയെ മാത്രമല്ല അവരുടെ പ്രിയപ്പെട്ടവരെയും ബാധിക്കും.

www.malankaralibrary.com



## രോഗപ്രതിരോധത്തിന്റെ അനിവാര്യത

ആരോഗ്യസംരക്ഷണത്തിന് സുസ്ഥിരവും ചിലവ് കുറഞ്ഞതുമായ സമീപനമാണ് രോഗപ്രതിരോധം. രോഗത്തിന്റെ മൂലകാരണങ്ങളെ നേരത്തെ തന്നെ അഭിസംബോധന ചെയ്യുന്നതിലൂടെയും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിലൂടെയും രോഗങ്ങൾ വരാതിരിക്കാനോ കുറഞ്ഞപക്ഷം കുറച്ചുകൊണ്ടു വരുവാനോ സാധിക്കും. അതിലൂടെ ജനങ്ങളുടെ പൊതുവായുള്ള ആരോഗ്യം മെച്ചപ്പെടുത്താൻ കഴിയുന്നു.

### * ആരോഗ്യകരമായ ജീവിതശൈലികൾ

വ്യായാമം ചെയ്യുക, സമീകൃതാഹാരം കഴിക്കുക, പുകയില, അമിതമായ മദ്യം തുടങ്ങിയ ഹാനികരമായ പദാർത്ഥങ്ങൾ ഒഴിവാക്കുക എന്നത് ഹൃദ്രോഗം, സ്ട്രോക്ക്, പ്രമേഹം, ചിലതരം അർബുദം എന്നിവയുൾപ്പെടെയുള്ള പല വിട്ടുമാറാത്ത രോഗങ്ങളും തടയുന്നതിന് സഹായിക്കും.

### * പാരിസ്ഥിതിക ഘടകങ്ങൾ

ജലം വായു മലിനീകരണം തുടങ്ങിയ പാരിസ്ഥിതിക ഭീഷണികൾ അഭിസംബോധന ചെയ്തുകൊണ്ടുള്ള സുരക്ഷിതമായ വീടും ശുചിത്വവും ഉറപ്പാക്കുന്നത് പകർച്ചവ്യാധികൾ തടയുന്നതു പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതും നിർണായകമാണ്.



### * സാമൂഹിക നിർണായകങ്ങൾ

വിദ്യാഭ്യാസം, വരുമാനം, സാമൂഹിക പിന്തുണ തുടങ്ങിയ ഘടകങ്ങൾ ആരോഗ്യ സംരക്ഷണം നിർണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ആരോഗ്യ കാര്യത്തിൽ സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കി ജീവിക്കാൻ ആവശ്യമായ വിഭവങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിലൂടെ ആരോഗ്യസമത്വം പ്രോത്സാഹിപ്പിക്കാം.

## പൊതുജനാരോഗ്യ പ്രവർത്തനത്തിന്റെ പങ്ക്

പൊതുജനാരോഗ്യ സംരംഭങ്ങൾ രോഗപ്രതിരോധത്തിനും ആരോഗ്യപരിചരണത്തിനും സുപ്രധാന പങ്ക് വഹിക്കുന്നു. ആരോഗ്യകരമായ ജീവിതശൈലിയെ പിന്തുണയ്ക്കുന്ന നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതിലൂടെയും ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും, ആരോഗ്യത്തിന്റെ പാരിസ്ഥിതികവും സാമൂഹികവുമായ കാരണങ്ങളെ അഭിസംബോധന ചെയ്യുന്നതിലൂടെയും, പൊതുജനാരോഗ്യ ഏജൻസികൾക്ക് ജനങ്ങളുടെ ആരോഗ്യത്തിൽ കാര്യമായ സ്വാധീനം ചെലുത്താനാകും.

## നേരത്തെയുള്ള ഇടപെടലിന്റെ പ്രയോജനങ്ങൾ

നേരത്തെയുള്ള കണ്ടെത്തലും ഇടപെടലും രോഗത്തിന്റെ പുരോഗതി തടയുന്നതിനും ആരോഗ്യഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫലപ്രദമാണ്. പതിവ് പരിശോധനകൾ, സ്ക്രീനിംഗ്, വാക്സിനേഷൻ എന്നിവ ആരോഗ്യപ്രശ്നങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിയാനും പരിഹരിക്കാനും സഹായിക്കും. പിന്നീട് കൂടുതൽ തീവ്രമായ ചികിത്സയുടെ ആവശ്യകത കുറയ്ക്കുകയും ചെയ്യും.

## ചികിത്സയുടെ പരിമിതികൾ

വൈദ്യശാസ്ത്രം അത്ഭുതകരമായ നേട്ടങ്ങൾ ചികിത്സാരീതികളിൽ കൈവരിച്ചുവെങ്കിലും ചികിത്സയോടുള്ള സമീപനത്തിന് ചില പരിമിതികൾ ഉണ്ട്. ഇന്നും ചില രോഗങ്ങൾക്ക് ചികിത്സ ഇല്ല. ചികിത്സ ഉള്ള ചില രോഗങ്ങൾക്കോ പാർശ്വഫലങ്ങൾ ഉള്ള നീണ്ടകാല ചികിത്സ ആണുള്ളത്. ചികിത്സയിൽ മാത്രം ഊന്നൽ കൊടുക്കുന്നത് പ്രതിരോധ സംവിധാനങ്ങളെ അവഗണിക്കാനും അങ്ങനെ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ച് പൊതുജന ആരോഗ്യം നിയന്ത്രണം ഇല്ലാതെ അപകടകരമായ അവസ്ഥയിലേക്ക് പോകാനും കാരണം ആകും.

## സ്വയം പരിചരണം

മനസ്സിനെയും ശരീരത്തെയും ആത്മാവിനെയും സ്വയം പരിചരണം പരിപോഷിപ്പിക്കുന്നു. ദൈനംദിന ജീവിതത്തിന്റെ തിരക്കുകളിൽ പലപ്പോഴും അവഗണിക്കപ്പെടുന്ന സ്വയം പരിചരണം നമ്മുടെ ആരോഗ്യത്തിനും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. നമ്മുടെ ശാരീരികവും മാനസികവും വൈകാരികവും ആത്മീയവുമായ ആരോഗ്യത്തെ പോഷിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങളെ ഇത് ഉൾക്കൊള്ളുന്നു. "ആരോഗ്യ പ്രവർത്തകന്റെ പിന്തുണയോടെയോ അല്ലാതെയോ ആരോഗ്യപരിപാലനം ചെയ്യുന്നതിനും, രോഗം തടയുന്നതിനും, ആരോഗ്യം നിലനിർത്തുന്നതിനും, രോഗത്തെയും വൈകല്യത്തെയും നേരിടാനുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും കഴിവ്" എന്നാണ് ലോകാരോഗ്യ സംഘടന 'സ്വയം പരിചരണ'ത്തെ നിർവചിക്കുന്നത്. സ്വയം പരിചരണത്തിന് മുൻഗണന നൽകുന്നതിലൂടെ, ജീവിതനിലവാരം മെച്ചപ്പെടുത്താനും മാനസിക സമ്മർദ്ദം കുറയ്ക്കാനും പ്രതിരോധശേഷി വർദ്ധിപ്പിക്കാനും കഴിയും.

www.malankaralibrary.com

## ശാരീരിക സ്വയം പരിചരണം

* **പോഷകാഹാരം:** പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, നല്ല പ്രോട്ടീനുകൾ, ആരോഗ്യകരമായ കൊഴുപ്പുകൾ എന്നിവയാൽ സമ്പന്നമായ സമീകൃതാഹാരം കഴിക്കുന്നത് നമ്മുടെ ശരീരത്തിന് മികച്ച രീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായ പോഷകങ്ങൾ നൽകുന്നു.

* **വ്യായാമം:** ക്രമമായ ശാരീരിക വ്യായാമം ആരോഗ്യകരമായ ശരീരഭാരം നിലനിർത്താൻ സഹായിക്കുക മാത്രമല്ല, ഹൃദയാരോഗ്യം മെച്ചപ്പെടുത്തുകയും പേശികളെ ശക്തിപ്പെടുത്തുകയും ഉല്ലാസകരമായ മാനസികാവസ്ഥ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

* **ഉറക്കം:** ശാരീരികവും മാനസികവുമായ ആരോഗ്യ പുനഃസ്ഥാപനത്തിന് മതിയായ ഉറക്കം നിർണായകമാണ്. ഓരോ രാത്രിയും 7-9 മണിക്കൂർ നല്ല ഉറക്കം ലക്ഷ്യമിടുക.

* **വിശ്രമം:** ദിവസം മുഴുവനും ഇടവേളകൾ എടുക്കുന്നതും വിശ്രമം പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും, കുളിക്കുകയോ സംഗീതം കേൾക്കുകയോ ചെയ്യുന്നതും, സമ്മർദ്ദം കുറയ്ക്കാനും തളർച്ച തടയാനും സഹായിക്കും.

## മാനസികവും വൈകാരികവുമായ സ്വയം പരിചരണം

* **സ്വയം അവബോധവും ധ്യാനവും** : ഈ പരിശീലനങ്ങൾ സമ്മർദ്ദം കുറയ്ക്കാനും ശ്രദ്ധ കേന്ദ്രീകരിക്കൽ മെച്ചപ്പെടുത്താനും വൈകാരിക ക്ഷേമം വർദ്ധിപ്പിക്കാനും സഹായിക്കും.

* **നല്ല ചിന്തകൾ** : നല്ല ചിന്തകൾ വളർത്തിയെടുക്കുന്നത് മാനസികാവസ്ഥ മെച്ചപ്പെടുത്താനും ഉത്കണ്ഠ കുറയ്ക്കാനും പ്രതിരോധശേഷി വർദ്ധിപ്പിക്കാനും കഴിയും.

* **വൈകാരിക പ്രകടനങ്ങൾ** : നമ്മുടെ വികാരങ്ങളെ ആരോഗ്യകരമായ രീതിയിൽ അംഗീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നത് വൈകാരിക ക്ഷേമത്തിന് അത്യന്താപേക്ഷിതമാണ്.

* **സാമൂഹിക ബന്ധങ്ങൾ** : സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും ശക്തമായ ബന്ധം കെട്ടിപ്പടുക്കുകയും നിലനിർത്തുകയും ചെയ്യുന്നത് വൈകാരിക പിന്തുണ കിട്ടാനും ഏകാന്തതയുടെ വികാരങ്ങൾ കുറക്കാനും സഹായിക്കും.

## ആത്മീയ സ്വയം പരിചരണം

* **അർത്ഥവും ഉദ്ദേശ്യവും :** ജീവിതത്തിലെ നമ്മുടെ മൂല്യങ്ങളും വിശ്വാസങ്ങളും ലക്ഷ്യങ്ങളും എന്താണ് എന്ന് അന്വേഷിക്കുന്നത് ജീവിതത്തിന്റെ അർത്ഥവും സഫലീകരണവും പ്രദാനം ചെയ്യും.

* **നന്ദി സമർപ്പണം** : പരിശീലിക്കുന്നത് ജീവിതത്തിന്റെ നല്ല വശങ്ങളിലേക്ക് ശ്രദ്ധതിരിക്കാനും മാനസികാവസ്ഥ മെച്ചപ്പെടുത്താനും സമ്മർദ്ദം കുറയ്ക്കാനും കഴിയും.

* **സ്വയം അവബോധം** : ആന്തരിക ചിന്തകളുമായി ബന്ധപ്പെടാനും ആന്തരിക ശാന്തിയും സാമൂഹ്യസമാധാനവും കണ്ടെത്താനും സ്വയം അവബോധം നമ്മെ സഹായിക്കും.

ദൈനംദിന ജീവിതത്തിൽ സ്വയം പരിചരണം എങ്ങനെ ഉൾപ്പെടുത്താം? നമ്മുടെ ദിനചര്യകളിൽ സ്വയം പരിചരണം ഉൾപ്പെടുത്തുന്നത് വെല്ലുവിളി നിറഞ്ഞതാണ്. എന്നാൽ ആരോഗ്യം നിലനിർത്തുന്നതിന് അത് ഒഴിച്ചുകൂടാനാവാത്തതാണ്. സ്വയം പരിചരണത്തിന് മുൻഗണന നൽകാൻ സഹായിക്കുന്ന ചില നുറുങ്ങുകൾ ഇനി പറയുന്നു.

## പതിനെട്ടാമത് പാസ്റ്ററൽ കൗൺസിൽ



*2024 ഡിസംബർ 14-ാം തീയതി തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ട പതിനെട്ടാമത് പാസ്റ്ററൽ കൗൺസിലിന്റെ നാലാമത് സമ്മേളനത്തിന്റെ ഉദ്ഘാടനം അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു.*

www.malankaralibrary.com



* **പ്രായോഗിക ലക്ഷ്യങ്ങൾ സജ്ജമാക്കുക :** ചെറുതായി ആരംഭിച്ച് സ്വയം പരിചരണ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്ന സമയം ക്രമേണ വർദ്ധിപ്പിക്കുക.

* **ഒരു സ്വയം പരിചരണ ദിനചര്യ സൃഷ്ടിക്കുക :** ഓരോ ദിവസവും സ്വയം പരിചരണ പ്രവർത്തനങ്ങൾക്കായി സമയക്രമീകരണം ചെയ്യുക - അത് പ്രഭാത ധ്യാനമോ വൈകുന്നേരത്തെ കുളിയോ ആകട്ടെ.

* **സ്വയം പരിചരണത്തിന് മുൻഗണന നൽകുക :** ജോലിയോ മറ്റ് ബാധ്യതകളോ പോലെ തന്നെ പ്രധാനമാണ് സ്വയം പരിചരണം. അത് ജീവിതത്തിന്റെ ഭാഗമാക്കുക.

* **പിന്തുണ തേടുക :** പിന്തുണയ്ക്കും മാർഗനിർദേശത്തിനുമായി സുഹൃത്തുക്കളെയോ കുടുംബാംഗങ്ങളെയോ മാനസികാരോഗ്യ വിദഗ്ധനെയോ സമീപിക്കാൻ മടിക്കരുത്.

സ്വയം പരിചരണം സ്വാർത്ഥത അല്ല. നമ്മുടെ ക്ഷേമത്തിനും മറ്റുള്ളവരെ പരിപാലിക്കാനുള്ള നമ്മുടെ കഴിവിനും അത് അത്യന്താപേക്ഷിതമാണ്. സ്വയം പരിചരണത്തിന് മുൻഗണന നൽകുന്നതിലൂടെ, നമുക്ക് സന്തോഷകരവും ആരോഗ്യകരവും കൂടുതൽ സംതൃപ്തവുമായ ജീവിതം നയിക്കാനാകും.

### ഉപസംഹാരം

നല്ല ജീവിതത്തിനായി രോഗചികിത്സപോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് രോഗം വരാതിരിക്കാനുള്ള പ്രതിരോധവും. നമ്മുടെ വാഹനത്തിന്റെ പ്രതിരോധ പരിപാലനം (Preventive Maintenance) വലിയ പ്രാധാന്യത്തോടെ നാം ചെയ്യുന്നു. നേരത്തെ നിശ്ചയിച്ച സമയക്രമപ്രകാരം വാഹനത്തെ പരിപാലിച്ചാൽ വാഹനം കേടാകാനുള്ള സാധ്യത കുറയുന്നു. സ്വയം പരിചരണത്തിലൂടെയും, ആരോഗ്യകരമായ ജീവിതശൈലിയിലൂടെയും, ആരോഗ്യത്തിന്റെ പാരിസ്ഥിതികവും സാമൂഹികവുമായ നിർണ്ണായക ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിലൂടെയും പൊതുജനാരോഗ്യ സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിലൂടെയും, നമുക്കും വരുംതലമുറകൾക്കും ആരോഗ്യകരമായ ഒരു ഭാവി സൃഷ്ടിക്കാൻ കഴിയും. ആരോഗ്യസംരക്ഷണത്തിൽ ചികിത്സയ്ക്കും രോഗശമനത്തിനും അതിന്റേതായ സ്ഥാനമുണ്ടെങ്കിലും, സുസ്ഥിരമായ ആരോഗ്യ സംവിധാനത്തിന്റെ ആണിക്കല്ലാണ് പ്രതിരോധം.

## ഗുരുശ്രേഷ്ഠ പുരസ്കാരം



*ഓൾ ഇന്ത്യ അവാർഡീ ടീച്ചേഴ്സ് ഫെഡറേഷൻ നല്കുന്ന ഗുരുശ്രേഷ്ഠ പുരസ്കാരം ചുങ്കപ്പാറ സെന്റ് ജോർജ് ഹൈസ്കൂൾ പ്രഥമാദ്ധ്യാപകൻ ശ്രീ. വർഗീസ് ജോസഫിന് (ബൈജു സാർ). തിരുവല്ല അതിഭദ്രാസനത്തിലെ ആനിക്കാട് ബേത്‌ലഹേം തിരുക്കുടുംബ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകാംഗമാണ്.*

## ശതാബ്ദി നിറവിൽ



*ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ ശതാബ്ദി ഉദ്ഘാടനം മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ നിർവഹിച്ചപ്പോൾ.*

www.malankaralibrary.com

**പ്രതിവാര ആരോഗ്യപരിപാലന പരിശോധന പട്ടിക (Check-list) ചുവടെ ചേർത്തിരിക്കുന്നത് പ്രയോജനപ്പെടുത്താം:**

### 1. ശാരീരിക ആരോഗ്യം

* **പതിവ് വ്യായാമം :** ഈ ആഴ്ച 5 ദിവസത്തേക്ക് ഞാൻ കുറഞ്ഞത് 30 മിനിറ്റ് മിതമായ വ്യായാമത്തിൽ ഏർപ്പെട്ടിട്ടുണ്ടോ?
* **സമീകൃതാഹാരം :** ഞാൻ ആഴ്ചയിൽ പലതരം പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, നല്ല പ്രോട്ടീനുകൾ, ആരോഗ്യകരമായ കൊഴുപ്പുകൾ എന്നിവ കഴിച്ചിട്ടുണ്ടോ?
* **ജലാംശം :** ഞാൻ പ്രതിദിനം കുറഞ്ഞത് 8 ഗ്ലാസ് വെള്ളമെങ്കിലും കുടിച്ചിട്ടുണ്ടോ?
* **ഉറക്കം :** ഓരോ രാത്രിയിലും എനിക്ക് 7–9 മണിക്കൂർ നല്ല ഉറക്കം ലഭിച്ചിട്ടുണ്ടോ?
* **പരിശോധനകൾ :** ആവശ്യമായ മെഡിക്കൽ പരിശോധനകൾ ക്രമീകരിച്ചിട്ടുണ്ടോ?

### 2. മാനസിക ആരോഗ്യം

* **മാനസിക സമ്മർദ്ദ നിയന്ത്രണം :** ധ്യാനം, ആഴത്തിലുള്ള ശ്വസനം അല്ലെങ്കിൽ യോഗ പോലെ സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ ഞാൻ പരിശീലിച്ചിട്ടുണ്ടോ?
* **നല്ല ചിന്തകൾ :** നല്ല ചിന്തകളിലും വികാരങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടോ?
* **സ്വയം അവബോധം :** സ്വന്തം വികാരങ്ങളെയും ചിന്തകളെയും, പരിസ്ഥിതിയെയും ശാരീരിക അവസ്ഥകളെയും കുറിച്ച് വ്യക്തമായ അവബോധം ഉണ്ടാകുന്ന അവസ്ഥയാണ് മൈൻഡ് ഫുൾനെസ്. യാഥാർഥ്യബോധത്തോടെ സ്വയം നിയന്ത്രിക്കുന്നതിനും ചുറ്റുമുള്ള സംഭവങ്ങൾക്കു അടിമപ്പെട്ടു സ്വന്തം മനസിന് താളം തെറ്റാതിരിക്കുന്നതിനും മൈൻഡ് ഫുൾനെസ്സ് വ്യായാമങ്ങൾ പരിശീലിച്ചിട്ടുണ്ടോ?

### 3. വൈകാരിക ആരോഗ്യം

* **സ്വയം പരിചരണം :** സന്തോഷവും വിശ്രമവും നൽകുന്ന പ്രവർത്തനങ്ങൾക്കായി ഞാൻ സമയം എടുത്തിട്ടുണ്ടോ?
* **വികാരപ്രകടനം :** വികാരങ്ങൾ ആരോഗ്യകരമായ രീതിയിൽ ഞാൻ പ്രകടിപ്പിച്ചിട്ടുണ്ടോ?
* **നേരിടാനുള്ള കഴിവ് :** വൈകാരിക വെല്ലുവിളികളെ നേരിടാൻ ഞാൻ ആരോഗ്യകരമായ കോപ്പിംഗ് മെക്കാനിസങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ?

### 4. സാമൂഹിക ആരോഗ്യം

* **സാമൂഹിക ബന്ധങ്ങൾ :** ഞാൻ സുഹൃത്തുക്കളുമായും കുടുംബാംഗങ്ങളുമായും ഗുണനിലവാരമുള്ള സമയം ചെലവഴിച്ചിട്ടുണ്ടോ?
* **സാമൂഹിക ഇടപെടൽ :** ഞാൻ ഏതെങ്കിലും കമ്മ്യൂണിറ്റി പ്രവർത്തനങ്ങളിലോ കലാസാഹിത്യകായിക പരിപാടികളിലോ പങ്കെടുത്തിട്ടുണ്ടോ?
* **പിന്തുണാ ശൃംഖലകൾ :** ഞാൻ ശക്തമായ പിന്തുണാ ശൃംഖലകൾ നിലനിർത്തിയിട്ടുണ്ടോ?

### 5. ആത്മീയ ആരോഗ്യം

* **മതം :** ഞാൻ പതിവായി പ്രാർത്ഥിച്ചിട്ടുണ്ടോ/ദൈവാലയത്തിൽ പോയിട്ടുണ്ടോ?
* **മൂല്യങ്ങളും വിശ്വാസങ്ങളും :** മൂല്യങ്ങളെയും വിശ്വാസങ്ങളെയും കുറിച്ച് ഞാൻ ചിന്തിച്ചിട്ടുണ്ടോ?
* **അർത്ഥവും ലക്ഷ്യവും :** ജീവിതത്തിൽ അർത്ഥവും ലക്ഷ്യവും തേടിയിട്ടുണ്ടോ?
* **കൃതജ്ഞത :** ജീവിതത്തിന്റെ നല്ല വശങ്ങളെ വിലമതിക്കാൻ ഞാൻ സമയമെടുത്തിട്ടുണ്ടോ?

### 6. പൊതുവിലുള്ള ആരോഗ്യനിലപാട്

* **ആരോഗ്യകരമായ ശീലങ്ങൾ :** പുകവലി, അമിതമായ മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവ പൂർണമായും ഒഴിവാക്കിയുള്ള ശീലങ്ങൾ ഞാൻ പാലിക്കുന്നുണ്ടോ?
* **പഠനവും വളർച്ചയും :** വ്യക്തിപരവും തൊഴിൽപരവുമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഞാൻ ഏർപ്പെടുന്നുണ്ടോ?


## ആശംസകൾ



കെ.സി.ബി.സിയുടെ പുതിയ ഡെപ്യൂട്ടി സെക്രട്ടറിയും പി.ഓ.സി ഡയറക്ടറുമായ ഫാ. തോമസ് തറയിലിന് തിരുവല്ല അതിഭദ്രാസനത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

www.malankaralibrary.com




# മാനസിക ആരോഗ്യം കുടുംബങ്ങളിൽ

psychology

കുടുംബം പ്രാഥമികപഠനശാലയാണ്. ഒരു കുഞ്ഞിനു വളരുവാൻ വേണ്ട എല്ലാ സാഹചര്യങ്ങളും ഒരുങ്ങേണ്ടതു കുടുംബത്തിലാണ്. കുട്ടികളെ വളരാൻ സഹായിക്കുന്ന പ്രധാന ഘടകങ്ങളാണ് പ്രകൃതിയും (Nature) പോഷണവും (Nurture). പ്രകൃതി ഒരു കുട്ടിയുടെ ജനിതക ശാസ്ത്രത്തെ സൂചിപ്പിക്കുന്നു. അതിൽ അവരുടെ ശാരീരിക സവിശേഷതകൾ, സ്വഭാവം, ചില വ്യക്തിത്വസവിശേഷതകൾ എന്നിവ ഉൾപ്പെടുന്നു. പോഷണം അല്ലെങ്കിൽ വളർത്തുക എന്നത് ഒരു കുട്ടിയുടെ വളർച്ചയെ സ്വാധീനിക്കുന്ന പാരിസ്ഥിതിക ഘടകങ്ങളെ സൂചിപ്പിക്കുന്നു. അതായത് അവരുടെ കുടുംബം, സ്കൂൾ, സാമൂഹിക വൃത്തങ്ങൾ എന്നിവ. ശാരീരിക മാനസിക വളർച്ച പ്രകൃതിയെയും പോഷണത്തെയും ആശ്രയിച്ചിരിക്കുന്നു. കുട്ടികളുടെ ജീവിതത്തെ നന്നായി രൂപപ്പെടുത്തുവാൻ മാതാപിതാക്കൾ അവരെ കഴിയും വിധം ശ്രദ്ധിക്കുന്നുണ്ട്. ഇന്ന് കുട്ടികളെ അഭിവൃദ്ധിപ്പെടുത്തുവാൻ സഹായിക്കുവാൻ കഴിയുന്നത് അവരുടെ മാനസികാരോഗ്യ മേഖലയിലാണ്. മാനസികാരോഗ്യം ശരിയല്ലെങ്കിൽ കുട്ടികൾ സ്വയം തോൽക്കുന്നവരായി തീരും. പ്രായത്തിനനുസരിച്ചുള്ള ശാരീരിക വളർച്ച കുട്ടികൾക്ക് ഉണ്ടോ എന്ന് മാതാപിതാക്കൾ ശ്രദ്ധിക്കാറുണ്ട്. അവർ വളർന്നതായി കാണപ്പെടുന്നില്ലെങ്കിൽ അവരുടെ ഭക്ഷണത്തിലും മറ്റു കാര്യങ്ങളിലും ശ്രദ്ധിച്ച് വേണ്ടതു ചെയ്യാറുണ്ട്. എന്നാൽ മാതാപിതാക്കൾ പരിശോധിക്കേണ്ടതു എന്റെ മകനോ മകൾക്കോ പ്രായത്തിനനുസരിച്ചുള്ള മാനസികവളർച്ച ഉണ്ടോ എന്നതാണ്.



ഫാ. റ്റിജോ പതാലിൽ
(HOD, Department of Psychology
Mar Gregorios College of Arts
and Science Punnapra)

www.malankaralibrary.com


മാനസികാരോഗ്യം നമ്മുടെ വൈകാരികവും ബന്ധപരവും ശാരീരികവും ആത്മികവുമായ ആരോഗ്യം ഉൾപ്പെടെ നമ്മുടെ ആരോഗ്യത്തിന്റെ മറ്റെല്ലാ ഘടകങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇവ ഓരോന്നും മറ്റൊന്നിൽ ആഴമായ സ്വാധീനം ചെലുത്തുന്നതാണ്. അതുകൊണ്ട് ഒരു സമഗ്രമായ വളർച്ച നാം ലക്ഷ്യം വയ്ക്കണം. ശാരീരികവും ബൗദ്ധീകവുമായ വളർച്ച മാത്രമല്ല വൈകാരികവും വ്യക്തിബന്ധപരവും ആത്മീകവുമായ വളർച്ച കുടുംബങ്ങളിൽ ലക്ഷ്യംവയ്ക്കണം. പലപ്പോഴും ശാരീരികവും ബൗദ്ധീകവുമായ വളർച്ചയാണ് കുടുംബങ്ങളിൽ കൂടുതലായി ശ്രദ്ധകൊടുക്കപ്പെടുന്നത്.

മാനസികാരോഗ്യം ജീവിതം മുഴുവൻ വേണ്ട കാര്യമാണ്. ജീവിതത്തെ നേരിടുമ്പോൾ നാം എങ്ങനെ ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു എന്നതിനെ അത് ബാധിക്കുന്നു. നാം സമ്മർദ്ദം എങ്ങനെ കൈകാര്യം ചെയ്യുന്നു, തെരഞ്ഞെടുപ്പുകൾ എങ്ങനെ നടത്തുന്നു എന്നിവയെല്ലാം മാനസികാരോഗ്യത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. മാനസികരോഗങ്ങൾ മനസിലാക്കുന്നത് ഒരാളുടെ ചിന്താരീതികളും വൈകാരിക പ്രകടനങ്ങളും പെരുമാറ്റങ്ങളെയും വിലയിരുത്തിയാണല്ലോ. അതുകൊണ്ട് മാനസിക ആരോഗ്യമുള്ള വ്യക്തികളെ രൂപപ്പെടുത്തുവാൻ കുടുംബങ്ങളിൽ ശ്രദ്ധവേണം.

## നല്ല ബന്ധങ്ങൾ കുടുംബങ്ങളിൽ

ഇന്ന് മാധ്യമങ്ങൾ കുടുംബബന്ധങ്ങളുടെ സമയം മുഴുവൻ അപഹരിക്കുകയാണ്. മൊബൈൽഫോണിലും സോഷ്യൽ മീഡിയായിലും ചെലവഴിക്കുന്ന സമയം വളരെ കൂടുതൽ ആയതുകൊണ്ട് കുടുംബത്തിലെ വ്യക്തികൾ തമ്മിൽ ബന്ധങ്ങൾ കുറഞ്ഞുവരുന്നു. ഇങ്ങനെയുള്ള അവസ്ഥ ഒരാളെ ഡിപ്രഷനിലേയ്ക്കു വളരെ പെട്ടെന്ന് നയിക്കും. കുടുംബത്തിൽ നിന്നു ലഭിക്കേണ്ട വൈകാരിക സ്വാന്ത്വനങ്ങൾ ലഭിക്കാതെ വരും. ഇന്ന് വീടുകളിൽ നിന്ന് പുറത്തേയ്ക്ക് ഇറങ്ങുവാൻ പലർക്കും താല്പര്യമില്ല. വെർച്വൽ ലോകത്തു ജീവിച്ച് മറ്റുള്ളവരെ കാണുന്നതും സംസാരിക്കുന്നതു പോലും ബുദ്ധിമുട്ട് ആയി മാറുന്നു. ഒറ്റപ്പെട്ടു ജീവിക്കുന്നത് ഒരിക്കലും മാനസികാരോഗ്യം നൽകുന്നില്ല. മറ്റുള്ളവരുമായി ഇടപഴകി ജീവിച്ചാൽ മാത്രമേ മാനസികാരോഗ്യം ഉണ്ടാകുകയുള്ളൂ.

മാനസികാരോഗ്യം കുറയുമ്പോൾ സാമൂഹിക ഇടപെടലുകളിൽ നിന്ന് ആളുകൾ പിന്മാറും. ചെയ്തിരുന്ന പല കാര്യങ്ങളിലും താല്പര്യം കുറയും. ഉറക്കത്തിലും വിശപ്പിലും വളരെ നാടകീയ മാറ്റങ്ങൾ ഉണ്ടാകും. കേരളത്തിലെ ആളുകൾ മാനസികാരോഗ്യം കുറഞ്ഞവരാണ് എന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആത്മഹത്യകളിൽ നമ്മുടെ സംസ്ഥാനം മുൻപന്തിയിൽ ഉണ്ട്. ഇന്ത്യയിൽ ഏഴു പേരിൽ ഒരാൾ മാനസികമായി വിദഗ്ധസഹായം ആവശ്യമുള്ളവരാണ് എന്നും കണക്കുകൾ പറയുന്നു. അതുകൊണ്ട് എല്ലാപ്രായക്കാരെയും വീടുകളിൽ ശ്രദ്ധയോടെ പരിചരിക്കണം.

എറിക് എറിക്സൺ എന്ന മനഃശാസ്ത്രജ്ഞൻ മനുഷ്യന്റെ വളർച്ചയെ എട്ടു ഘട്ടങ്ങളായി തരംതിരിച്ചിട്ടുണ്ട്. അദ്ദേഹം ഈ എട്ടു ഘട്ടങ്ങളിലൂടെ മനുഷ്യന്റെ മാനസിക സാമൂഹിക വികസന കാലഘട്ടങ്ങൾ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

### 1. വിശ്വാസം v/s അവിശ്വാസം

ജനനസമയം മുതൽ 18 മാസം വരെ ഈ കാലയളവു നീളുന്നു. ജനിച്ചുകഴിഞ്ഞ് 18 മാസം വരെയുള്ള ഘട്ടത്തിൽ ആദ്യം കുഞ്ഞ് പഠിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യം വിശ്വസിക്കുക എന്നതാണ്. മാതാപിതാക്കൾ സ്ഥിരതയാർന്ന പരിചരണം നൽകുന്നതിലൂടെയാണ് കുട്ടികൾ മറ്റുള്ളവരെ വിശ്വസിക്കുവാൻ പഠിക്കുന്നത്. മാതാപിതാക്കൾ കുട്ടികൾക്ക് സ്ഥിരതയാർന്ന പരിചരണം നൽകുന്നില്ലെങ്കിൽ, കുട്ടികളുടെ ആവശ്യങ്ങളിൽ ഓടി എത്തുന്നില്ലെങ്കിൽ അവരിലുള്ള വിശ്വാസം നഷ്ടപ്പെട്ടുപോകും. വളർന്നുവരുമ്പോൾ മറ്റുള്ളവരെ വിശ്വസിക്കുവാൻ സാധിക്കുകയില്ല. നല്ല ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിൽ പരാജയപ്പെട്ടുപോകും.

### 2. സ്വയം ഭരണം v/s ലജ്ജയും സംശയവും

എറിക് എറിക്സണിന്റെ മാനസിക സാമൂഹിക വികസനത്തിന്റെ രണ്ടാം ഘട്ടമാണ് സ്വയം ഭരണവും നാണക്കേടും സംശയവും. ഈ ഘട്ടം 18 മുതൽ ഏകദേശം 3 വർഷം വരെ സംഭവിക്കുന്നു. ഈ ഘട്ടത്തിൽ കുട്ടികൾ ശാരീരിക നൈപുണ്യത്തിനും സ്വാതന്ത്ര്യബോധത്തിലും വ്യക്തിഗത നിർണയബോധത്തിലും വളർന്നുവരുവാൻ ശ്രദ്ധിക്കുന്നു. കുട്ടികൾ സ്വന്തമായി ഓരോ കാര്യങ്ങളും ചെയ്യുവാൻ ശ്രമിക്കുന്ന കാലഘട്ടത്തിൽ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അവരുടെ ചെറിയ വിജയങ്ങൾ പോലും ആഘോഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അല്ലെങ്കിൽ അവർക്ക് ലജ്ജയും സ്വന്തം കഴിവിൽ സംശയവും പ്രകടമാകും. അതുമൂലം അവർ ആത്മാഭിമാനം നഷ്ടപ്പെട്ടവരായി മാറും. ഒരു കാര്യത്തിലും മുന്നോട്ടു വരുകയില്ല.

### 3. ഇനിഷ്യേറ്റീവ് v/s കുറ്റബോധം

3 വയസുമുതൽ 6 വയസ്സുവരെയുള്ള കാലഘട്ടമാണിത്. പ്രീ സ്കൂൾ കാലഘട്ടമാണിത്. കുട്ടികൾ തങ്ങളുടെ identity രൂപപ്പെടുത്തുവാൻ തങ്ങളുടെ ഭാവന ഉപയോഗിക്കുന്ന കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ കുട്ടികളുടെ ഭാവനയിൽ അവർ

www.malankaralibrary.com


മുൻകൈയെടുത്തു ചെയ്യുന്ന കാര്യങ്ങളെ പ്രോത്സാഹിപ്പിക്കണം. അവർ ചെയ്യുന്ന കാര്യങ്ങളെ വിലമതിക്കുന്നില്ലെങ്കിൽ അവരിൽ കുറ്റബോധം വളരും. ഈ ഘട്ടത്തിൽ വിജയിക്കുന്ന കുട്ടികൾ മറ്റുള്ളവരെ നയിക്കുവാൻ കഴിവുള്ളവരാണ്.

**4. വ്യവസായം v/s അപകർഷത**

നാലാമത്തെ മാനസിക സാമൂഹിക ഘട്ടം ഏകദേശം 6 മുതൽ 11 വരെയുള്ള ആദ്യ സ്കൂൾ വർഷങ്ങളാണ്. സാമൂഹിക ഇടപെടലുകളിലൂടെ കുട്ടികൾ അവരുടെ നേട്ടങ്ങളിലും കഴിവുകളിലും അഭിമാനബോധം വളർത്തി എടുക്കുവാൻ തുടങ്ങുന്നു. അവർ സാമൂഹികവും പഠനപരവുമായ ആവശ്യങ്ങളുമായി പൊരുത്തപ്പെടേണ്ടതുണ്ട്. വിജയം കഴിവിന്റെ ഒരു ബോധത്തിലേയ്ക്കു നയിക്കുന്നു. പരാജയം അപകർഷതയിലേയ്ക്കു നയിക്കുന്നു. മാതാപിതാക്കളും അദ്ധ്യാപകരും അഭിനന്ദിക്കുന്ന കുട്ടികൾ അവരുടെ കഴിവുകളിൽ വിശ്വാസം വളർത്തുന്നു. മാതാപിതാക്കളിൽ നിന്നോ അധ്യാപകരിൽ നിന്നോ സമപ്രായക്കാരിൽ നിന്നോ ചെറിയ പ്രോത്സാഹനമെങ്കിലും കിട്ടുന്നില്ലെങ്കിൽ അവർ കഴിവുകളിൽ സംശയിക്കുന്നു.

**5. ഐഡന്റിറ്റി v/s റോൾ കൺഫ്യൂഷൻ**

അഞ്ചാമത്തെ മാനസിക സാമൂഹിക വികസന ഘട്ടം പ്രക്ഷുബ്ധമായ കൗമാരവർഷങ്ങളിലാണ് നടക്കുന്നത്. ഒരു വ്യക്തിയുടെ പെരുമാറ്റത്തെയും വികാസത്തെയും സ്വാധീനിക്കുന്ന വ്യക്തിഗത സ്വത്വബോധം വികസിപ്പിക്കുന്നതിൽ ഈ ഘട്ടം പ്രധാന പങ്കുവഹിക്കുന്നു. കൗമാരക്കാർ സ്വയം വ്യക്തിബോധം വളർത്തി എടുക്കേണ്ടതുണ്ട്. വിജയ റോൾ മോഡലുകൾ ഉണ്ടായിരിക്കണം. പരാജയ റോൾ ആശയകുഴപ്പത്തിലേയ്ക്കും ദുർബലമായ ആത്മബോധത്തിലേയ്ക്കും നയിക്കുന്നു. വ്യക്തിപരമായ ശരിയായ പരിവേഷണത്തിലൂടെ ശരിയായ പ്രോത്സാഹനവും ശക്തിപ്പെടുത്തലുകളും ലഭിക്കുന്നവർ ശക്തമായ ആത്മബോധത്തോടെ പുറത്തുവരും.

**6. അടുപ്പം v/s ഒറ്റപ്പെടൽ**

20 മുതൽ 44 വയസുവരെയുള്ള കാലയളവാണിത്. ചെറുപ്പക്കാർ അവരുടെ ഐഡന്റിറ്റി സ്ഥാപിച്ചു കഴിഞ്ഞാൽ മറ്റുള്ളവരോട് ദീർഘകാല ബന്ധങ്ങൾ ഉണ്ടാക്കുവാൻ അവർ തയ്യാറാണ്. അടുപ്പമുള്ള പരസ്പര ബന്ധങ്ങൾ അടുത്ത സൗഹൃദത്തിലൂടെയോ വിവാഹത്തിലൂടെയോ രൂപപ്പെടുത്തുവാനും അത്തരം ബന്ധങ്ങൾക്ക് ആവശ്യമായ ത്യാഗങ്ങളും വിട്ടുവീഴ്ചകളും മനസ്സോടെ ചെയ്യുവാനും അവർ പ്രാപ്തരാകുന്നു. ചെറുപ്പക്കാർ മറ്റ് ആളുകളുമായി അടുപ്പവും സ്നേഹവും ഉള്ള ബന്ധം സ്ഥാപിക്കേണ്ടതുണ്ട്. ഇതിനു സാധിക്കുന്നില്ലെങ്കിൽ ഒറ്റപ്പെടൽ അനുഭവിക്കും. മാനസിക ആരോഗ്യത്തിന് മറ്റുള്ളവരോട് അടുപ്പവും സ്നേഹവും ആവശ്യമാണ്.

**7. ജനറേറ്റിവിറ്റി v/s സ്തംഭനാവസ്ഥ**

45 മുതൽ 64 വയസുവരെയുള്ള മധ്യവയസിലുള്ള കാലയളവാണിത്. ആളുകൾക്ക് പ്രയോജനകരമായ മാറ്റം കൊണ്ടുവരുവാൻ സാധിക്കണം. വിജയം പ്രയോജനത്തിന്റെയും നേട്ടങ്ങളുടെയും വികാരങ്ങളിലേയ്ക്കു നയിക്കുന്നു. എല്ലാ ദിവസവും എന്തെങ്കിലും ചെയ്യുവാൻ ഉണ്ടായിരിക്കണം. അല്ലെങ്കിൽ ജീവിതം സ്തംഭിച്ചതുപോലെ ആകും. ജോലി സ്ഥലത്തും കുടുംബത്തിലും പ്രയോജനകരമായ കാര്യങ്ങൾ ചെയ്യണം. വീട്ടിലും സമൂഹത്തിലും പ്രയോജനകരമായ കാര്യങ്ങൾ ചെയ്യുന്നതിലൂടെ ലോകത്തിനു സംഭാവന ചെയ്യുന്നതായി അനുഭവപ്പെടണം.

**8. സമഗ്രത v/s നിരാശ**

അവസാന മാനസിക സാമൂഹ്യ വികസന ഘട്ടം വാർദ്ധകൃത്തിലാണ് സംഭവിക്കുന്നത്. ഈ ഘട്ടത്തിൽ ആളുകൾ അവരുടെ ജീവിതത്തിലെ സംഭവങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കുന്നു. പ്രായമുള്ളവർ ജീവിതത്തിലേയ്ക്കു തിരിഞ്ഞുനോക്കുകയും സംതൃപ്തി അനുഭവിക്കുകയും വേണം. വിജയത്തിന്റെ അനുഭവങ്ങൾ ജ്ഞാനത്തിന്റെ വികാരങ്ങളിലേയ്ക്കു നയിക്കുന്നു.

## മാനസിക ആരോഗ്യത്തിന് കുടുംബങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആരോഗ്യകരമായ ജീവിതത്തിന് ആരോഗ്യകരമായ ജീവിതരീതികൾ വളർത്തി എടുക്കുകയും അവ നിലനിർത്തുകയും വേണം. ജീവിതപങ്കാളിയുമായി ഐക്യബോധം വളർത്തി എടുക്കണം. വളർന്നു വലുതായ കുട്ടികളെ ഉത്തരവാദിത്വമുള്ള മുതിർന്നവരാകാൻ സഹായിക്കണം. മക്കളുടെ ജീവിതപങ്കാളികളെ സ്വീകരിക്കുകയും സൗഹൃദം സ്ഥാപിക്കുകയും വേണം. നേട്ടങ്ങളിലും ജീവിതപങ്കാളികളുടെ നേട്ടങ്ങളിലും അഭിമാനിക്കണം. പ്രായമായ മാതാപിതാക്കളെ പരിപാലിക്കണം. ഒഴിവുസമയങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കണം. ആത്മീയ കാര്യങ്ങളിൽ തല്പരരായിരിക്കണം.

മാനസികാരോഗ്യമുള്ള ഒരു തലമുറ നല്ല ഒരു രാഷ്ട്രനിർമ്മിതിക്ക് ആവശ്യമാണ്. അത് കുടുംബങ്ങളിൽ നിന്ന് ആരംഭിക്കണം. മാനസിക പരിചരണം നല്കുന്ന ഇടമായി കുടുംബങ്ങൾ മാറണം. 'മാനസികാരോഗ്യം ജീം' ആയി എല്ലാ ഭവനങ്ങളും മാറണം. പരസ്പരം സ്നേഹിക്കുവാനും വിഷമങ്ങൾ പങ്കുവയ്ക്കുവാനുള്ള ഒരു സ്ഥലം ആകണം കുടുംബം.

●

www.malankaralibrary.com






ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ

## യൽദായ്ക്കു ശേഷം രണ്ടാം ഞായർ (യോഹന്നാൻ 1:29–34)

ലോകരക്ഷകനായ യേശുക്രിസ്തുവിനു വഴിയൊരുക്കുവാൻ നിയോഗിക്കപ്പെട്ട അവന്റെ മുന്നോടിയായ സ്നാപകയോഹന്നാൻ യേശുവിനെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്ന സംഭവമാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രമേയം. യേശുവിന് സാക്ഷ്യം നൽകുകയെന്നതായിരുന്നു സ്നാപകയോഹന്നാന്റെ നിയോഗം. അതുകൊണ്ടാണ് പരസ്യജീവിതത്തിന്റെ ആരംഭത്തിൽ, യേശുവിനെ ആദ്യമായി കണ്ടുമുട്ടുമ്പോൾ തന്നെ "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി" യോഹന്നാൻ അവനെ അവതരിപ്പിക്കുന്നത്.

'ദൈവത്തിന്റെ കുഞ്ഞാട്' എന്ന പ്രയോഗത്തിലൂടെ പഴയനിയമ ഗ്രന്ഥങ്ങളിൽ പലയിടത്തായി പരാമർശിക്കപ്പെട്ടിട്ടുള്ള ദൈവത്തിന്റെ കുഞ്ഞാടായി യേശുക്രിസ്തുവിനെ യോഹന്നാൻ ഇവിടെ വെളിപ്പെടുത്തുകയാണ്. ദൈവജനത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി ബലിയർപ്പിക്കപ്പെട്ടിരുന്ന കുഞ്ഞാടിനെ, പഴയനിയമ ഗ്രന്ഥങ്ങളിൽ പലയിടങ്ങളിൽ നാം കണ്ടുമുട്ടുന്നു. പുറപ്പാടിന്റെ പുസ്തകത്തിൽ ഈജിപ്തിൽ നിന്നും കാനാൻ നാട്ടിലേക്കു പുറപ്പെടുന്നതിനു മുൻപ് ഇസ്രായേൽ ജനത അനുഷ്ഠിച്ച ആദ്യ പെസഹായിൽ കുഞ്ഞാടിനെ ബലിയർപ്പിച്ച് അതിന്റെ മാംസം ഭക്ഷിക്കുവാനും, രക്തം വാതിൽപ്പടിയിൽ ഒരടയാളമായി സൂക്ഷിക്കുവാനും യഹോവ കൽപ്പിക്കുന്നതായി നാം വായിക്കുന്നു (പുറ. 12:1–28). ഈ പെസഹാ ആചരണത്തിലൂടെ സംഹാരദൂതൻ അവരെ കടന്നുപോകുകയും മരണത്തിൽ നിന്ന് അവർ രക്ഷിക്കപ്പെടുകയും ചെയ്തതായി നാം മനസിലാക്കുന്നു.


ഇസ്രായേൽക്കാരുടെ ബലിയർപ്പണത്തിൽ 'കുഞ്ഞാട്' മനുഷ്യരുടെ പാപങ്ങൾ ശുദ്ധീകരിച്ച് ദൈവവുമായി അവരെ അനുരഞ്ജിപ്പിക്കുന്ന അടയാളമായി നിലകൊള്ളുന്നു (ലേവ്യ 1:1–13). പുതിയനിയമത്തിലേക്ക് കടന്നുവരുമ്പോൾ പഴയനിയമത്തിലെ ഈ കുഞ്ഞാട് പെസഹാകുഞ്ഞാടായ യേശുക്രിസ്തുവിന്റെ പ്രതീകമായി മാറുന്നു. പുതിയനിയമത്തിലെ ദൈവത്തിന്റെ കുഞ്ഞാടായ യേശു തന്നെ തന്നെ പാപപരിഹാര ബലിയായി പിതാവിന് സമർപ്പിക്കുകയും അതുവഴി പിതാവിനെ മനുഷ്യവംശവുമായി രമ്യപ്പെടുത്തുകയും ചെയ്യുന്നു. യേശുവിന്റെ കുരിശിലെ ബലിയർപ്പണം വഴി നമുക്ക് പാപത്തിൽ നിന്ന് മോചനവും ദൈവവുമായുള്ള അനുരഞ്ജനവും സാധ്യമായിത്തീർന്നു (1 കോറി. 5:7). വി. കുർബാനയിൽ ഒരുക്കശുശ്രൂഷയിലും ഖണ്ഡന ശുശ്രൂഷയിലും യേശുക്രിസ്തുവിനെ ലോകത്തിന്റെ പാപം നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടായി പ്രാർത്ഥനാപൂർവ്വം മലങ്കര സഭ അനുസ്മരിക്കുന്നു.

ഏശയ്യാ പ്രവാചകനും ദൈവത്തിന്റെ കഷ്ടതയനുഭവിക്കുന്ന ദാസനെക്കുറിച്ച് പറയുന്നു; "കൊല്ലാൻ കൊണ്ടു പോകുന്ന കുഞ്ഞാടിനെപ്പോലെ" അവൻ കാണപ്പെട്ടു. പുതിയനിയമത്തിൽ കഷ്ടതയനുഭവിക്കുന്ന ദാസനും മരണമേറ്റെടുത്തിരിക്കുന്ന കുഞ്ഞാടുമായി യേശു ചിത്രീകരിക്കപ്പെടുന്നു (യോഹ. 3:14–15). പരസ്യജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ സ്നാപകയോഹന്നാൻ യേശുവിനെക്കുറിച്ച് നടത്തുന്ന ഈ സാക്ഷ്യപ്പെടുത്തൽ അവന്റെ വിളിയും ദൗത്യവും ലോകത്തിനു മുൻപിൽ വെളിപ്പെടുത്തുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

മനുഷ്യകുലത്തിന്റെ പാപാവസ്ഥ മൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗത്തിന്റെ വാതിലുകൾ "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ" യേശുക്രിസ്തു നമുക്കായി തുറന്നു തന്നിരിക്കുന്നു. വി. കുർബാനയുടെ സെദറാ പ്രാർത്ഥനയിൽ ഇത് നാം ഇപ്രകാരം അനുസ്മരിച്ച് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ മിശിഹാ തമ്പുരാനെ യഥാർത്ഥ പ്രധാനാചാര്യനും പാപപരിഹാര ബലിയും ആത്മീയ ബലിപീഠവുമായ നീ ഗോഗുൽത്തായിൽ സ്വയം അർപ്പിച്ച് ഞങ്ങളുടെ വർഗ്ഗത്തോട് കോപിച്ചിരുന്ന പിതാവിനെ രമ്യപ്പെടുത്തുകയും സ്വരക്തത്താൽ സ്വർഗ്ഗീയരെയും ഭൗമീകരെയും യോജിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com


ദൈവത്തിനും മനുഷ്യർക്കുമിടയിലെ അകലം ഇല്ലാതായത് യേശുവിന്റെ മനുഷ്യാവതാരത്തിലാണ്. ക്രിസ്തുവിലൂടെ ഇന്ന് ദൈവത്തെ കാണാനും സ്പർശിക്കാനും നമുക്ക് സാധിക്കുന്നു. അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗം അവൻ എന്നേക്കുമായി നമുക്കു തുറന്നുതന്നിരിക്കുന്നു. അവന്റെ വഴികളെ വിശ്വസ്തതയോടെ പിൻചെന്ന് ദൈവപിതാവുമായുള്ള ഐക്യത്തിൽ ആയിരിക്കുവാനും നമുക്കായി കർത്താവ് തുറന്നിട്ടിരിക്കുന്ന സ്വർഗ്ഗവാതിലിലൂടെ പ്രവേശിച്ച് നിത്യരക്ഷ പ്രാപിക്കാനും നമുക്ക് പരിശ്രമിക്കാം.



**ഫാ. ആന്റണി ചെത്തിപ്പുഴ**

## ദനഹായ്ക്കുശേഷം ഒന്നാം ഞായർ (മത്തായി 4:12 – 22)

നമ്മുടെ കർത്താവിന്റെ ദനഹാ തിരുനാൾ അഥവാ പ്രത്യക്ഷീകരണ തിരുനാളിനുശേഷമുള്ള ആദ്യത്തെ ഞായർ. പ്രകാശമായ ക്രിസ്തു ദൈവരാജ്യപ്രഘോഷണവുമായി കടന്നുവരുന്നതും തന്നോടുകൂടിയായിരിക്കാൻ ആദ്യത്തെ നാല് അപ്പസ്തോലന്മാരെ വിളിക്കുന്നതുമാണ് ഇന്നത്തെ സുവിശേഷ ഭാഗം.

യേശുവിനു വഴി ഒരുക്കുവാൻ വന്ന സ്നാപക യോഹന്നാൻ ബന്ധനസ്ഥനാകുന്നു. അവൻ വളരണം ഞാൻ കുറയണം എന്ന വാക്കുകളിലൂടെ സ്നാപകയോഹന്നാൻ തന്റെ ദൗത്യം പൂർത്തിയാക്കുന്നു. സൂര്യൻ ഉദിച്ചുയരുമ്പോൾ ഉഷകാല നക്ഷത്രം അപ്രത്യക്ഷമാകുന്നതുപോലെയാണ് സ്നാപകന്റെ പിൻവാങ്ങലും യേശുവിന്റെ ആഗമനവും. യേശു ജനിച്ചു വളർന്ന ഗലീലിയിലെ നസ്രത്തു വിട്ട് വിജാതീയരുടെ ഗലീലി എന്നറിയപ്പെടുന്ന സെബലൂൺ, നഫ്ത്താലി പ്രദേശത്തിനടുത്തുള്ള സമുദ്രപട്ടണമായ കഫർണാമിൽ വന്നു പാർക്കുന്നു. ഇത് ഏശയ്യാ പ്രവാചകൻ വഴി അരുളിചെയ്തത് നിവൃത്തിയാകാൻ വേണ്ടിയാണ്. "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു" (ഏശ. 9:1-2). അന്ധകാരം നിറഞ്ഞിടത്ത് ക്രിസ്തു പ്രകാശമായി കടന്നുവന്നു. അവിടുന്ന് പ്രസംഗിക്കുവാൻ തുടങ്ങി: "മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു". അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കു പ്രവേശിക്കുവാൻ 'മാനസാന്തരം' അടിസ്ഥാനം എന്ന് യേശു പഠിപ്പിച്ചു. യേശുവിന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും പാപം എന്താണെന്ന് തുറന്നുപറഞ്ഞു. അതിനുള്ള മറുപടിയാണ് മാനസാന്തരം. മാനസാന്തരം മനസ്സിന്റെ മാറ്റമാണ്, ഹൃദയപരിവർത്തനമാണ്, ദിശമാറി നടക്കലാണ്. യേശുവിന്റെ മനോഭാവത്തിലേക്കുള്ള മനംമാറ്റമാണ്. ഫലമൊ പരിശുദ്ധാത്മാവിന്റെ ഫലങ്ങളാൽ നിറയപ്പെട്ട ജീവിതവും.

യേശുവിന്റെ പ്രബോധനങ്ങളുടെ ഒരു പ്രധാന പ്രമേയമാണ് ദൈവരാജ്യം. ദൈവഹിതം നിറവേറുന്നിടത്താണ് ദൈവരാജ്യം, സ്വർഗ്ഗരാജ്യം സ്ഥാപിതമാകുക. ദൈവം ആഗ്രഹിക്കുന്നതുപോലെ ലോകം മാറുമ്പോൾ ദൈവരാജ്യം സമാഗതമാകും. യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ നാം ഇപ്രകാരമാണല്ലോ ചൊല്ലുന്നത് 'നിന്റെ രാജ്യം വരണമെ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ദൈവരാജ്യത്തിൽ തിന്മയ്ക്കും, അനീതിക്കും, അഴിമതിക്കും, വെറുപ്പിനും, വിദ്വേഷത്തിനും, അസമത്വത്തിനും, ദാരിദ്ര്യത്തിനും സ്ഥാനമില്ല. പിന്നെയോ, സ്നേഹം, സന്തോഷം, സമാധാനം, ദയ, നീതി, സൗഹൃദം, നന്മ എന്നിവ ഇടംപിടിക്കും.

ദൈവരാജ്യം ഈ ലോകത്തിലും പരലോകത്തിലും വരാനിരിക്കുന്ന ഒരു സ്ഥലമായി കാണാനാണ് നമുക്കിഷ്ടം. എന്നാൽ സ്വർഗ്ഗരാജ്യം നാം എവിടെയായിരിക്കുന്നോ അവിടെ ദൈവിക സ്നേഹത്തിലും, ദൈവിക ശക്തിയിലും നാം ജീവിക്കുന്ന ജീവിതാനുഭവമാണ്. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പറയുമ്പോൾ ഇപ്പോൾ, ഇവിടെ യേശു സന്നിഹിതനായിരിക്കുന്നു. ആയതിനാൽ തന്നെ സ്വർഗ്ഗരാജ്യം അനുഭവിക്കാൻ സാധിക്കും എന്നു പറയുകയാണ്. സ്വർഗ്ഗരാജ്യത്തിനു വിരുദ്ധമായവ നീക്കി നമ്മുടെ ജീവിതത്തെ ദൈവം ഭരിക്കാൻ അനുവദിക്കുമ്പോൾ നാമും സ്വർഗ്ഗരാജ്യം അനുഭവിക്കുന്നവരാകും.

ഇന്നത്തെ സുവിശേഷത്തിന്റെ രണ്ടാം ഭാഗത്ത് യേശു ആദ്യത്തെ നാല് ശിഷ്യരെ വിളിക്കുന്ന രംഗം അവതരിപ്പിക്കുന്നു. ശിമയോൻ പത്രോസ്, സഹോദരൻ അന്ത്രയോസ്, യാക്കോബ് സഹോദരൻ യോഹന്നാൻ എന്നിവരാണവർ. വിളിച്ച മാത്രയിൽ തന്നെ അവർ അപ്പനെയും, സേവകരെയും വഞ്ചിയും ഉപേക്ഷിച്ച് കർത്താവിനെ അനുഗമിക്കുന്നു.

എന്താണ് ശിഷ്യത്വം? ഒരു ജീവിതം മുഴുവൻ കർത്താവിനു നല്കുന്ന നിരന്തര സമർപ്പണമാണ് ശിഷ്യത്വം. എല്ലാം ഉപേക്ഷിച്ചുള്ള സമർപ്പണമാണ്. യേശുവിനോടൊത്തുള്ള യാത്രയാണ്, യേശുവിനാൽ നിറയപ്പെട്ട ജീവിതമാണ്. നമ്മെത്തന്നെ വിനയപ്പെടുത്തി, പാപാവസ്ഥ ഉപേക്ഷിച്ച് യേശുവിനെ പിഞ്ചെ

www.malankaralibrary.com

ല്ലണം. ചുരുക്കത്തിൽ അഞ്ചു കാര്യങ്ങളിൽ നമുക്കു ശ്രദ്ധിക്കാം.

1. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കു നമ്മെ വിളിക്കുന്ന ദൈവത്തെ അനുഭവിച്ചറിയണം.

2. അനുദിന ജീവിതം മാനസാന്തരത്തിലൂടെ സ്വർഗ്ഗരാജ്യം അനുഭവിക്കുന്നതാകണം.

3. ഒരു ക്രിസ്തുശിഷ്യനായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്ന ജീവിതമാകണം.

4. സ്വർഗ്ഗരാജ്യ പ്രഘോഷകരാകാൻ ഉള്ള വിളിയും നിയോഗവും ലഭിച്ചവർ നാം എന്നുള്ള ബോദ്ധ്യം.

5. അന്ധകാരത്തിൽ യേശു ലോകത്തിന്റെ വെളിച്ചമായതുപോലെ നാമും എവിടെയായിരിക്കുന്നുവോ അവിടെ വെളിച്ചമാകണം.



**ഫാ. ഡോ. ഫിലിപ്പ് ആഞ്ഞിലിമൂട്ടിൽ**

## ദനഹായ്ക്കുശേഷം രണ്ടാം ഞായർ

## (യോഹന്നാൻ 1:43 – 51)

യൽദാ-ദനഹാക്കാലം നമ്മളെ അനുസ്മരിപ്പിക്കുന്നത് യേശുവിന്റെ മനുഷ്യാവതാരവും, ഇവൻ എന്റെ പ്രിയപുത്രനാണ് എന്ന ദൈവപിതാവിന്റെ സാക്ഷ്യവുമാണ്. മനുഷ്യരെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് രക്ഷിക്കുവാൻ ദൈവം തന്നെ മനുഷ്യനായി അവതരിക്കുന്ന വലിയ അത്ഭുതത്തിന്റെ അനുസ്മരണം ആഘോഷിക്കുന്ന ഈ കാലത്തിലെ ഈ ഞായറാഴ്ച യേശു തന്റെ രണ്ട് ശിഷ്യന്മാരെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. പീലിപ്പോസ് ശ്ലീഹായെയും, ബർത്തലോമിയ എന്ന നഥാനയേലിനേയും അവരെ വിളിച്ചുകൊണ്ട് ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടിസ്ഥാന മനോഭാവമായ കാത്തിരിപ്പിനെപ്പറ്റി പറയുന്നു.

### "എന്നെ അനുഗമിക്കുക" (യോഹ. 1:44)

രക്ഷകനെ കാത്തിരുന്ന ഒരു വ്യക്തിയെയാണ് പീലിപ്പോസിൽ നാം കാണുന്നത്. വിശുദ്ധ ലിഖിതങ്ങൾ പഠിച്ചും അടയാളങ്ങൾ അറിഞ്ഞും ജീവിക്കാൻ പീലിപ്പോസ് സ്നാപകയോഹന്നാനിൽ നിന്ന് പഠിച്ചിരുന്നു. യേശുവിനെ കാണണം, യേശുവിന്റെ കൂടെ താമസിക്കണം എന്നാഗ്രഹിച്ചിരുന്ന പീലിപ്പോസിൽ തെളിഞ്ഞു നിന്നിരുന്ന ഭാവം കാത്തിരിപ്പായിരുന്നു. ഇങ്ങനെ ഒരുങ്ങി കാത്തിരിക്കുന്നവർക്ക് അവശ്യം ഒരു വിളി മാത്രമാണ് അതാണ് വഴിയിൽ വച്ച് കണ്ടപ്പോൾ യേശു ചെയ്തതും. യേശു അവനോട് പറഞ്ഞു. നീ എന്നെ അനുഗമിക്കുക, പത്തു കന്യകമാരിൽ അഞ്ചുപേർ ഒരുങ്ങിയിരുന്നതുപോലെ പിന്നെ താമസമില്ല സംസാരങ്ങളില്ല, അവന്റെ കൂടെ പോവുക മാത്രം ചെയ്യുന്നു. പീലിപ്പോസ് ശ്ലീഹാ നമ്മളെ പഠിപ്പിക്കുന്ന സത്യം, യേശുവിന്റെ വിളിക്കായി ഒരുങ്ങി കാത്തിരിക്കുന്നതാണ്, എന്റെ ഒരുക്കം ഒരുപക്ഷെ എന്റെ കഴിവിന്റെ ഭാഗമാകാം. എന്നാൽ ദൈവകൃപയാണ് അനുഗമിക്കാനുള്ള ക്ഷണമാണ് നമ്മൾ കേൾക്കുന്നത്. ഒരുങ്ങി യേശുവിനായി കാത്തിരിക്കുന്ന ഒരു വ്യക്തി വിളി കേട്ട് ഇറങ്ങിതിരിച്ചാൽ യേശുവിനെ പ്രഘോഷിക്കുവാൻ തുടങ്ങും. പീലിപ്പോസ് ശ്ലീഹായുടെ ജീവിതം നമ്മളെ കാണിച്ചു തരുന്നത് അതാണ്. തന്റെ കൂട്ടുകാരനായ നഥാനിയേലിനോട് അവൻ പറഞ്ഞത് യേശുവിനെക്കുറിച്ചുള്ള തന്റെ അറിവും അനുഭവവും ആണ്. ശിഷ്യരെന്ന നിലയിൽ യേശുവിനെ അനുഭവിച്ചതിന്റെ അറിവ് നമ്മൾ പങ്കുവച്ചാൽ അത് സ്വർഗ്ഗരാജ്യത്തിന്റെ വളർച്ചയാണ്.

### "നിന്നെ എനിക്ക് നേരത്തേയറിയാം"

### (യോഹ. 1:47–48)

പീലിപ്പോസിന്റെ കാത്തിരിപ്പുപോലല്ല നഥാനിയേലിന്റെ കാത്തിരിപ്പ്. യേശു പറഞ്ഞതുപോലെ നഥാനിയേൽ ഒരു നല്ല ഇസ്രായേൽക്കാരനാണ്. പക്ഷെ യേശുവിന് അവനെ നന്നായി അറിയാം എന്ന ദൈവവിളിയുടെ അനുഭവം അവനില്ല. ഇന്നും എന്നുമുള്ള ക്രിസ്തുശിഷ്യരുടെ ഒരു പ്രശ്നമാണ്. നമ്മുടെ കാത്തിരിപ്പിന്റെയും, ആഗ്രഹത്തിന്റെയും ഫലമല്ല നമ്മുടെ വിളി, അത് യേശുവിന് നമ്മളെക്കുറിച്ചുള്ള അറിവിന്റെ ഫലമാണ്. അവന് നമ്മളെ അറിയാം, അവന് നമ്മളെ ആവശ്യമുണ്ട്. അതുകൊണ്ട് അവൻ നമ്മളെ വിളിക്കുന്നു. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ. 15:16). നഥാനിയേൽ അത്ഭുതപ്പെട്ടതും യേശുവിന് അവനെക്കുറിച്ചുള്ള അറിവിലാണ്. ക്രിസ്തുശിഷ്യരെന്ന നിലയിൽ നാം അത്ഭുതപ്പെടേണ്ടതും ധ്യാനിക്കേണ്ടതും യേശു നമ്മളെ എത്രമാത്രം അറിയുന്നു എന്നതിനെക്കുറിച്ചാണ്. ഈ അറിവ് നമ്മെ നയിക്കുന്നത് യേശുവിന് നമ്മളെകൊണ്ടുള്ള ആവശ്യത്തിലേയ്ക്കാണ്. ആ അറിവും അനുഭവവും ഉണ്ടായാൽ നമ്മൾ യേശുവിനു വേണ്ടി മാത്രം ജീവിച്ച് തുടങ്ങും.

### സ്വർഗ്ഗം തുറക്കാനുള്ള വിളി (യോഹ. 1:51)

നിങ്ങൾ മാനസികമായി ഒരുങ്ങി സമചിത്തതയുള്ളവരായിരിക്കുവിൻ. യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ നിങ്ങൾക്കു ലഭിക്കാനിരിക്കുന്ന കൃപയിൽ പ്രത്യാശയർപ്പിക്കുകയും ചെയ്യുവിൻ" (1 പത്രോസ് 1:13). പത്രോസ് ശ്ലീഹാ ഇവിടെ സൂചിപ്പി

www.malankaralibrary.com


ക്കുന്നത് ക്രിസ്തുശിഷ്യന്റെ കാത്തിരിപ്പുജീവിതത്തെയാണ്. വിളി കിട്ടിയശേഷവും അവർ ചെയ്യേണ്ടത് കാത്തിരിക്കുകയെന്നതുതന്നെയാണ്. വ്യത്യാസമുള്ളത് യേശുവിനൊപ്പം കാത്തിരിക്കണം എന്നുള്ളതാണ്. ഇത് പ്രാർത്ഥനയുടെ യഥാർത്ഥ ഭാവമാണ്. യേശുവിനൊപ്പം ആയിരിക്കുന്ന ഒരു വ്യക്തിക്ക് സ്വർഗ്ഗം തുറക്കാനും കാണാനും സാധിക്കും. ദൈവസാന്നിദ്ധ്യത്തിൽ കിടന്നുറങ്ങിയ യാക്കോബ് സ്വർഗ്ഗം കണ്ടു. യേശുവിന്റെയും ആഗ്രഹമാണ് തന്റെ ശിഷ്യന്മാർ തന്നോടുകൂടെയായിരിക്കണം എന്നത്. അങ്ങനെ യേശു സാന്നിദ്ധ്യത്തിൽ നിരന്തരം ഒരുങ്ങിയിരിക്കുവാൻ സാധിക്കുന്ന ശിഷ്യന്മാർക്ക് മറ്റുള്ളവരുടെ പ്രാർത്ഥനകളും ആവശ്യങ്ങളും സ്വർഗ്ഗത്തിലേയ്ക്ക് കൊടുത്തുവിടാനും തിരികെ കൊണ്ടുവരുവാനും സാധിക്കും. യേശുവിന്റെ രോഗശാന്തികളും മറ്റ് അത്ഭുതങ്ങളും നമ്മളെ പഠിപ്പിക്കുന്നത്, പിതാവിനോട് നിരന്തരമായി ചേർന്ന് നില്ക്കുന്ന പുത്രന്റെ സ്നേഹത്തെക്കുറിച്ചാണ്. യേശുവിനോട് ഞാൻ എത്രമാത്രം ചേർന്ന് നില്ക്കുന്നുവോ അതിനനുസരിച്ച് എന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾ സ്വർഗ്ഗത്തിലെത്തും, എന്റെ കൂട്ടുകാരുടെ വിഷമങ്ങൾ സ്വർഗ്ഗത്തിലെത്തും. എന്നെ ഏല്പിച്ചിരിക്കുന്ന എല്ലാ ആത്മാക്കളും സ്വർഗ്ഗത്തിന്റെ സന്തോഷം അനുഭവിക്കും. യേശുവിനോട് ചേർന്ന് നിന്ന് സ്വർഗ്ഗത്തെ ഭൂമിയിൽ കൊണ്ടുവരുവാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ നാം ക്രിസ്തുശിഷ്യരല്ല.



**ഫാ. മാത്യു ചിറയിൽ**

## ദനഹായ്ക്കുശേഷം മൂന്നാം ഞായർ
## (യോഹന്നാൻ 3:1 – 12)

അടയാളങ്ങൾ കണ്ടതുകൊണ്ടാണ് നിക്കോദേമോസ് യേശുവിൽ വിശ്വസിക്കുന്നത്. അടയാളങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശ്വാസം ബൗദ്ധികമാണ്. അത് അതിൽതന്നെ അപൂർണ്ണമാണ്. ഈ വിശ്വാസം യേശു അംഗീകരിക്കുന്നില്ല. ഇത് യഥാർത്ഥ വിശ്വാസമല്ല. നിക്കോദേമോസ് യേശുവിനെ തേടിയെത്തുന്നത് രാത്രിയിലാണ്. രാത്രി എന്ന പദം ഇവിടെ പ്രതീകാത്മകമായി ഉപയോഗിക്കുന്നതാണ്. രാത്രി അപൂർണ്ണമായ, ബൗദ്ധികമായ വിശ്വാസത്തെ അല്ലെങ്കിൽ തിന്മയുടെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിനെപ്പറ്റി പറയുമ്പോൾ ഈ പ്രയോഗം നടത്തുന്നുണ്ട്.

“ആ അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു. പുറത്ത് പോയി യൂദാസ് ചെയ്തത് തിന്മയുടെ പ്രവൃത്തിയാണ്. അവൻ തൂങ്ങി മരിച്ചു.” എന്നാൽ നിക്കോദേമോസ് ഇരുട്ടിൽ നിന്ന് പ്രകാശമായ യേശുവിലേക്ക് വരുന്നു. ഇത് അവിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്കുള്ള യാത്രയാണ്. യേശു ലോകത്തിന്റെ പ്രകാശമാണ്. സർവ്വ അന്ധകാരത്തെയും നിർമാർജ്ജനം ചെയ്യുന്ന പ്രകാശം. യേശുവിനെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും.

യേശുവിന്റെ അടുക്കലേക്ക് വരുന്നതുതന്നെ വിശ്വാസത്തെ സൂചിപ്പിക്കുന്നു. വിശ്വാസത്തിലേക്ക് കടന്നു വരുവാനുള്ള വ്യവസ്ഥ വീണ്ടും ജനനമാണ്. വീണ്ടും ജനിക്കണം എന്നു പറഞ്ഞാൽ പുതിയ ജീവിതത്തിന് തുടക്കം കുറിക്കണം എന്നാണ്. ജീവിതത്തിന്റെ ആഭിമുഖ്യത്തിൽ മാറ്റമുണ്ടാകണം. വിശ്വാസം ജീവിതബന്ധിയായിരിക്കണം. വീണ്ടുമുള്ള ജനനം നടക്കുന്നത് ആത്മാവിലും, ജലത്താലുമാണ്. വിശ്വാസജീവിതത്തിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. വിശ്വാസത്തിന്റെ വിത്ത് മനുഷ്യഹൃദയങ്ങളിൽ നിക്ഷേപിക്കുന്നതും നിലനിർത്തുന്നതും പരിപോഷിപ്പിക്കുന്നതും പരിശുദ്ധാത്മാവാണ്. മാനസാന്തരം പരിശുദ്ധാത്മാവിന്റെ പ്രവർത്തിയാണ്. അതുകൊണ്ടാണ് അതിനെ ആത്മാവിലുള്ള ജനനം എന്ന് വിശേഷിപ്പിക്കുന്നത്. വിശ്വാസം ദൈവത്തിന്റെ ദാനമാണ്. നമ്മുടെ ബുദ്ധിയോ, ശക്തിയോ, കഴിവോ അല്ല നമ്മെ വിശ്വാസജീവിതത്തിലേക്ക് പ്രവേശിപ്പിച്ചത്. മാമോദീസായിലൂടെ പ്രവർത്തിച്ച ദൈവത്തിന്റെ കൃപയാണ് ഈ വിശ്വാസം സാധ്യമാക്കിയത്. ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനോട് വിധേയപ്പെട്ട് യേശു കാണിച്ചു തരുന്ന വിശ്വാസത്തിന്റെ മാർഗ്ഗത്തെ പിൻതുടരുമ്പോഴാണ് വിശ്വാസം നമ്മിൽ ഫലമണിയുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒരിക്കലും അവസാനിക്കുന്നില്ല. പരിശുദ്ധാത്മാവ് എപ്പോഴും നമ്മിൽ പ്രവർത്തനനിരതമാണ്. ഈ പ്രവർത്തനത്തോട് നാം വിധേയപ്പെടണം. അപ്പോൾ നാം ദൈവമക്കളായി മാറും. ആത്മാവിന്റെ സഹായമില്ലാതെ നമുക്ക് വിശ്വാസത്തിലേക്ക് വരിക അസാദ്ധ്യമാണ്.

ജലത്താലുള്ള ജനനം എന്നത് മാമോദീസ വഴിയുള്ള സഭാപ്രവേശനമാണ്. ജലം മാമോദീസായെ സൂചിപ്പിക്കുന്നു. മാമോദീസായിൽ പരിശുദ്ധാത്മാവിലൂടെ നാം ദൈവമക്കളായി ജനിക്കുന്നു. ഇതാണ് ഉന്നതത്തിൽ നിന്നുള്ള ജനനം. സഭയിലൂ

www.malankaralibrary.com

ടെയാണ് അരൂപിയിലുള്ള ജനനവും ദൈവരാജ്യ പ്രവേശനവും നടക്കുന്നത്. സഭ വിശ്വാസികളുടെ സമൂഹമാണ്. സഭയുടെ വിശ്വാസജീവിതത്തിലേക്കാണ് മാമോദീസ വഴി നാം പ്രവേശിക്കുന്നത്. അതുകൊണ്ട് നാം സഭയുടെ വിശ്വാസം ഏറ്റുപറയണം. സഭയിൽ നിന്ന് മാറി ഒറ്റപ്പെട്ടു നിന്നോ, സ്വന്തമായ രീതിയിൽ വിശ്വാസം നയിക്കുന്നത് പരിശുദ്ധാത്മാവിലുള്ള ജീവിതമല്ല. വിശ്വാസം ഒരു പുതിയ ജനനം ആവശ്യപ്പെടുന്നു. ഇത് സാധ്യമാകുന്നത് മാനസാന്തരത്തിന്റെ ജീവിതം വഴിയാണ്. യേശുവിനെ അറിയുന്നവനായിട്ടാണ് നിക്കോദേമോസ് വന്നത്. എന്നാൽ യേശു സംസാരിക്കുന്നത് ദൈവരാജ്യം കാണുന്നതിനെക്കുറിച്ചാണ്. യേശുവിനെക്കുറിച്ചുള്ള ബൗദ്ധിക അറിവ് ദൈവരാജ്യത്തോടുള്ള പ്രതിബദ്ധതയായി വളരണം. യേശുവിനെ അറിയുന്നത് ദൈവരാജ്യം സ്വീകരിക്കലാണ്. മാനസാന്തരം സംഭവിച്ചില്ലെങ്കിൽ ദൈവത്തിന്റെ മക്കളാകാൻ കഴിയുകയില്ല. മാംസം എന്നത് സ്വാഭാവിക മനുഷ്യനെ, പരിശുദ്ധാത്മാവിൽ പുനർജനിക്കാത്ത മനുഷ്യനെ സൂചിപ്പിക്കുന്നു. ഇങ്ങനെയുള്ളവർക്ക് ദൈവരാജ്യത്തിൽ പ്രവേശനമില്ല. ആത്മാവിൽ ജനിക്കുന്നവർ ആത്മാവിനാൽ നയിക്കപ്പെടും. അവർ ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കും.

പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ വരുത്തുന്ന രൂപാന്തര പ്രക്രിയയെ കാറ്റിന്റെ പ്രവർത്തനത്തോട് ഉപമിച്ചിരിക്കുന്നു. കാറ്റിന്റെ സ്വരം മാത്രം നാം കേൾക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ബാഹ്യനയനങ്ങൾ കൊണ്ട് ദർശിക്കുവാൻ സാധിക്കുകയില്ല. മറിച്ച് ഫലങ്ങൾ വഴി അത് തിരിച്ചറിയാം. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ് ആത്മാവിന്റെ ഫലങ്ങൾ. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരിൽ ഈ ഫലങ്ങൾ ഉണ്ടായിരിക്കും.

## എം. സി. എം. എഫ് ക്വിസ് മത്സരം



*തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ട എം.സി.എം.എഫ് അതിരൂപത ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കുമ്പനാട് സെന്റ് പോൾ ചർച്ച്, രണ്ടാം സ്ഥാനം നീരാട്ടുകാവ് സെന്റ് തോമസ് ചർച്ച്, മൂന്നാം സ്ഥാനം കടമാൻകുളം സേക്രട്ട് ഹാർട്ട് ചർച്ച് എന്നീ ഇടവകകൾ കരസ്ഥമാക്കി.*

## സുവിശേഷസംഘം



*മലങ്കര സുറിയാനി കത്തോലിക്കാസഭ തിരുവല്ല അതിഭദ്രാസനത്തിലെ റാന്നി-വെണ്ണിക്കുളം മേഖലകളിലെ കത്തീഡ്രലിൽ വച്ച് അഭി. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിലും*

www.malankaralibrary.com

## ലോഗോസ് ക്വിസ് 2024



*തിരുവല്ല അതിഭദ്രാസനത്തിൽ നിന്ന് ലോഗോസ് ക്വിസിന് ഉന്നത വിജയം നേടിവർ കൊല്ലത്തുവച്ച് നടന്ന മത്സര പരീക്ഷയ്ക്കുശേഷം.*

## മതാദ്ധ്യാപക ക്വിസ് മത്സരം



*തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെട്ട മതബോധന അദ്ധ്യാപകരുടെ അതിരൂപത ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം സെന്റ് തോമസ് ചർച്ച് സീരി, രണ്ടാം സ്ഥാനം സെന്റ് ജോർജ് ചർച്ച് കരിങ്കല്ലുംമൂഴി, മൂന്നാം സ്ഥാനം സെന്റ് ജോസഫ്സ് ചർച്ച് നെറ്റിത്തൊഴു എന്നീ ഇടവകകൾ കരസ്ഥമാക്കി.*



*സുവിശേഷ സംഘത്തിന്റെ കൈവയ്പ് നവംബർ 22 ന് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ അഭി. ആന്റണി മാർ സിൽവാനോസ് മെത്രാപ്പോലീത്തായുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.*

www.malankaralibrary.com




## MATRIMONIAL - 201

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 28 വയസ്സ്, 159 c.m., St. James Hospital Dublin, Ireland ൽ നഴ്സായി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. വിദേശത്തുള്ളവർക്ക് മുൻഗണന.

Contact : 9744017282, 9847466624

## MATRIMONIAL - 202

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 28 വയസ്സ്, B.sc Nurse, സൗദിയിൽ ജോലി ചെയ്യുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9544283527

## MATRIMONIAL - 203

മൂവാറ്റുപുഴ രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 28 വയസ്സ്, 160 c.m., M.Com, NET, ഗസ്റ്റ് ലക്ച്ചറർ (self finance) ഇടത്തരം കുടുംബം. ദൈവഭയമുള്ള വിദ്യാസമ്പന്നരായ കേരളത്തിൽ ജോലിയുള്ള മലങ്കര കത്തോലിക്കാ യുവാക്കളുടെ ആലോചനകൾ ക്ഷണിക്കുന്നു. എറണാകുളം ജില്ലയിലോ സമീപ സ്ഥലങ്ങളിലോ ജോലിയുള്ളവർക്ക് മുൻഗണന.

Contact : 9495527192, 9495716810

## MATRIMONIAL - 204

മലങ്കര കത്തോലിക്കാ യുവാവ്, 28 വയസ്സ്, 173 c.m., റിട്ടയർഡ് സർക്കാർ ഉദ്യോഗസ്ഥരുടെ ഇളയമകൻ (സഹോദരിമാർ വിവാഹം കഴിഞ്ഞവർ) BBA, LLB, HDC & BM വിദ്യാഭ്യാസയോഗ്യതയുള്ളതും കോട്ടയത്ത് പ്രമുഖ ലീഗൽ സ്ഥാപനത്തിൽ അഡ്വക്കേറ്റായി ജോലി ചെയ്യുന്നതുമായ വരന് നാട്ടിലോ വിദേശത്തോ ജോലിയുള്ളതും അനുയോജ്യമായ വിദ്യാഭ്യാസയോഗ്യതയും ഉള്ള ക്രിസ്തീയ സഭകളിലെ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. Contact : 9447964359

## MATRIMONIAL - 205

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 25 വയസ്സ്, 162 c.m., MBA Finance from ISBR Bangalore. Doing ACCA, Finance & Accounts, Petrofac International - Chennai ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact :

## MATRIMONIAL - 206

മലങ്കര കത്തോലിക്കാ യുവാവ്, 31 വയസ്സ്, Height 167 c.m., വിദ്യാഭ്യാസം - ബികോം, എം.ബി.എ., Senior Customer Success Manager ആയി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9447111103

## MATRIMONIAL - 207

മലങ്കര കത്തോലിക്കാ യുവതി, 34 വയസ്സ്, Height 160 c.m., വിദ്യാഭ്യാസം - B.Sc Physics, TTC, KTET-1, മലങ്കര മാനേജ്മെന്റിൽ എയ്ഡഡ് സ്കൂൾ ടീച്ചറായി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 8113961434

## MATRIMONIAL - 208

മലങ്കര കത്തോലിക്കാ യുവാവ്, 34 വയസ്സ്, Height 163 c.m., സാധാരണ കുടുംബം, ഷാർജ ഓഫ് സെറ്റ് പ്രസ്സിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9605397314

## MATRIMONIAL - 209


മലങ്കര കത്തോലിക്കാ യുവാവ്, 30 വയസ്സ്, Height 160 c.m., Weight 63 c.m., MA, Bed സാധാരണ കുടുംബം, അൺഎയ്ഡഡ് സ്കൂളിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9744645850

www.malankaralibrary.com

# ആചാര്യ സ്മരണ


[illegible]



**Fr. Mathew Thengumthottam**
02 December 1990



**Fr. John Chundevalel**
03 December 2002




**Rt.Rev. Mathew Karimpil Corepiscopo**
07 December 2019



**Fr Mathew Chittakat**
08 December 1970



**Rev. Fr Elias Theckanal**
08 December 2021



**Fr. Thomas Padinjarekutt**
13 December 1993




**Fr. Joseph Karakkalolickal**
14 December 2003



**Fr. James Thannickal**
15 December 1992



**Fr. Peter Ramanatt**
18 December 1977



**Fr. Jacob Chundevalel**
21 December 1980



**Fr. Mathew Vayalil**
26 December 2009



**V.Rev. Simon D Karott Corepiscopo**
30 December 1950

## ആദരാഞ്ജലികൾ




**സി. ബെഞ്ചമിൻ എസ്.ഐ.സി.**

തിരുമൂലപുരം

www.malankaralibrary.com



www.malankaralibrary.com



# നാലാം ചരമവാർഷികം

02 – 01 – 2025

## ഒ. ഇ. ജോസഫ് (തങ്കച്ചൻ)


(1945 – 2021)

ആലാപ്പാമൂട്ടിൽ, മണ്ണടിശാല

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"

**ഓർമ്മ കുർബ്ബാന**
**മണ്ണടിശാല സെന്റ് ജോസഫ്**
**മലങ്കര സുറിയാനി കത്തോലിക്കാ**
**ദേവാലയത്തിൽ 2-1-25 വ്യാഴാഴ്ച**
**രാവിലെ 8 മണിക്ക്**

*പ്രാർത്ഥനയോടെ സന്തപ്തകുടുംബാംഗങ്ങൾ*




# മാതാപിതാക്കളും മക്കളും അറിയാൻ

**എഡിറ്റർ: ഫാ. തോമസ് കുഴിനാപ്പുറത്ത്**

എട്ടാം
പുതുമകളോടെ
**8 – ാം പതിപ്പ്**
ഉടൻ
പുറത്തിറങ്ങുന്നു

**മുഖവില ₹. 350/**

പ്രീ പബ്ലിക്കേഷൻ വില
**₹.280/-**

**കഴിഞ്ഞ പതിപ്പുകൾക്ക് വലിയ പിന്തുണ നൽകിയ മാന്യ വായനക്കാർക്ക് ഹൃദയം നിറഞ്ഞ നന്ദി !!!**

കോപ്പികൾ ബുക്ക് ചെയ്യുവാൻ ആഗ്രഹിക്കുന്നവർ നേരായി പേര്, മൊബൈൽ നമ്പർ, കോപ്പികളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്ന വാട്സാപ് നമ്പറിലേക്കോ, ഇമെയിൽ ഐഡിയിലേക്കോ അയക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

8129482279 thomas.kuzhinapurath@gmail.com

Date of Publication : 01-12--2024
Price Rs. 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
DECEMBER 2024

www.malankaralibrary.com




Pulimoottil
SILKS
SINCE 1924

MC ROAD,
THIRUVALLA
0469-2602221
+91-97782 94521

FOR ONLINE SHOPPING:

THRISSUR | THODUPUZHA | KOTTAYAM | KOLLAM | PALA | WWW.PULIMOOTTILONLINE.COM

ALMARAH_BY_PULIMOOTTIL

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil